ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

| വാല്യം 09 | മെയ് 2017 | ലക്കം 05 |
| --- | --- | --- |

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
| --- | --- |

# ഉള്ളടക്കം

1. Prot. No. 208/17; Circular No.12/2017 ...... 5
2. Prot. No. 209/17; Circular No. 13/2017 ...... 8
3. കച്ചേരിക്കാര്യം ...... 12
4. വിശ്വാസപരിശീലനം ...... 16
5. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ...... 20
6. ചെറുപുഷ്പ മിഷൻലീഗ് ...... 24
7. തിരുബാലസഖ്യം ...... 28
8. യുവജനശുശ്രൂഷ ...... 29
9. കുടുംബ പ്രേഷിതത്വം ...... 35
10. വിദ്യാഭ്യാസ ഏജൻസി ...... 40
11. കരിസ്മാറ്റിക് നവീകരണരംഗം ...... 47
12. വിമൽ ജ്യോതി വാർത്തകൾ ...... 49
13. നിർമ്മലഗിരി കോളേജ് ...... 53
14. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ...... 54
15. കെസിബിസി മദ്യവിരുദ്ധ സമിതി ...... 57
16. പ്രതീക്ഷ വാർത്തകൾ ...... 59
17. സാമൂഹികസേവനവേദി ...... 61
18. ധ്യാനകേന്ദ്രങ്ങളിലൂടെ ...... 65
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ...... 67
20. Programme of the Archbishop Mar George Njaralakatt ...... 70
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ...... 72
22. Programme of the Abp. Emeritus Mar George Valiamattam ...... 74

**Prot. No. 208/2017; Circular No. 12/2017**

# പ്രവാസികളുടെ അജപാലനം

പ്രിയ ബഹു. അച്ചന്മാരെ, സഹോദരിസഹോദരന്മാരെ

നമ്മുടെ ഇടവകകളിൽനിന്ന് പഠനത്തിനും ജോലിക്കുമായി രൂപതയ്ക്ക് പുറത്തേക്ക് കേരളത്തിനുള്ളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും രാജ്യത്തിന് പുറത്തേക്കുമായി ധാരാളമാളുകൾ പോകുന്നുണ്ടല്ലോ. ഇവർ ചെല്ലുന്ന സ്ഥലങ്ങളിൽ ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും സഭാപരമായ കാര്യങ്ങൾക്കുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇന്ത്യയിലെ പ്രധാനപട്ടണങ്ങളിലും ക്രമീകരണങ്ങൾ നടത്തിവരികയാണ്. വീടുവിട്ട് പഠനത്തിനും ജോലിക്കുമായി പോകുന്ന യുവജനങ്ങൾ സഭാസംവിധാനങ്ങളുമായി ബന്ധമില്ലാതെ തനിച്ചു താമസിക്കുന്നത് വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുവെന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുപോലെ അവിവാഹിതരായ യുവജനങ്ങൾ വിവാഹത്തിനായി മാതൃ ഇടവകയിലേക്ക് വരുമ്പോൾ പഠിച്ചിരുന്നതോ ജോലിചെയ്തിരുന്നതോ ആയ ഇടവകയിൽ നിന്നും സ്വതന്ത്ര സ്ഥിതി സർട്ടിഫിക്കറ്റ് (free state certificate) വാങ്ങിക്കൊണ്ടു വരേണ്ടതാണ്. അതിന് അവർ ഏതെങ്കിലും ഇടവകയുമായി ബന്ധപ്പെടേണ്ടതുണ്ട്. ഇങ്ങനെയുള്ള പ്രായോഗിക ആവശ്യങ്ങളെ മുൻനിർത്തി നമ്മുടെ യുവജനങ്ങൾക്ക് അവർ ചെന്നെത്തുന്ന സ്ഥലങ്ങളിലെ സീറോ-മലബാർ ഇടവകകൾ കണ്ടെത്താനും നിയമാനുസൃതം ഈ ഇടവകകളിൽ നിന്ന് താൽക്കാലിക ആത്മീയസഹായങ്ങൾ തേടാനുമുള്ള സൗകര്യം ഒരുക്കാൻ സീറോ-മലബാർ സിനഡ് സീറോ-മലബാർ യൂത്ത് മൂവ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് എസ്.എം.വൈ.എം. ഒരു മൈഗ്രന്റ് ഫോം രൂപകല്പന ചെയ്ത് എല്ലാ ഇടവകകളിലേക്കും നൽകുന്നതാണ്. ഈ ഫോമിൽ പ്രവാസികൾക്ക് അവരുടെ മാതൃഇടവകയിലെ വിവരങ്ങളും ചെന്നെത്തുന്ന സ്ഥലങ്ങളിലെ വിവരങ്ങളും രേഖപ്പെടുത്താനുള്ള സൗകര്യവും ചെല്ലുന്ന സ്ഥലങ്ങളിലെ ഇടവകകൾ കണ്ടെത്താൻ സഹായിക്കുന്ന വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബഹു. വികാരിയച്ചന്മാർ ഓരോ ഇടവകയിൽനിന്നും പുറത്ത് താമസിക്കുന്നവർക്ക് ഈ ഫോം നല്കി പൂരിപ്പിച്ച് അച്ചന്റെ ഒപ്പോടുകൂടി

അവർ പോകുന്ന ഇടവകകളിലേക്ക് കൊടുത്തുവിടാൻ ശ്രദ്ധിക്കണം. നിലവിൽ പുറത്തുള്ളവരോടും ഈ ഫോമിനെക്കുറിച്ച് അറിയിക്കുകയും അത് പൂരിപ്പിച്ച് നല്കാൻ സഹായിക്കുകയും ചെയ്യണം.

സീറോ-മലബാർ യൂത്ത്മൂവ്മെന്റിന്റെ കേന്ദ്ര ഓഫീസ് വിവിധ പട്ടണങ്ങളിൽ എത്തുന്ന യുവജനങ്ങൾക്ക് സഭാസംവിധാനങ്ങളുമായി ബന്ധപ്പെടാനുള്ള സഹായം ചെയ്തുകൊടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അവർ തയ്യാറാക്കിയിരിക്കുന്ന "മൈഗ്രന്റ് ഫോം" നമ്മുടെ അതിരൂപതയിൽ യുവജനകാര്യാലയം വഴി ഇടവകകളിൽ വിതരണം ചെയ്യുന്നതാണ്. ഓരോ ഇടവകകളിലേക്കും ആവശ്യമായ ഫോം അതിരൂപതാ യുവജനകാര്യാലയത്തിൽനിന്നും വാങ്ങുകയും ഇടവകയിൽനിന്നും താൽക്കാലികമായി പുറത്തേക്കുപോകുന്ന യുവജനങ്ങൾക്ക് നല്കുകയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെ അറിയിക്കുന്നു. ഇടവകയിൽനിന്നും പുറത്തേക്ക് പഠനത്തിനോ ജോലിക്കോ ആയി പോകുന്ന എല്ലാ യുവജനങ്ങളും വികാരിയച്ചന്റെ പക്കൽനിന്ന് ഈ ഫോം വാങ്ങിക്കൊണ്ട് പോകാനും ശ്രദ്ധിക്കുമല്ലോ.

സ്നേഹാശിസ്സുകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-04-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധക്ക്:** ഈ സർക്കുലർ 2017 മെയ് 14-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവക ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

## മൈഗ്രന്റ് ഫോമിനെ സംബന്ധിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾ

1. സീറോ മലബാർ രൂപതകളിൽനിന്ന് പഠനം/ജോലി ആവശ്യങ്ങൾക്കായി രൂപതയ്ക്കും സംസ്ഥാനത്തിനും രാജ്യത്തിനും പുറത്ത് പോകുന്നവരെ സീറോ മലബാർ പള്ളികളും മിഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി ആത്മീയകാര്യങ്ങളിൽ സഹായിക്കുന്നതിനും സഭയോട് ചേർത്തുനിർത്തുന്നതിനും ഇടവകകളിൽ ലഭ്യമാക്കുന്ന ഔദ്യോഗിക സഭാ സംവിധാനമാണ് മൈഗ്രന്റ് ഫോം. സീറോ

മലബാർ യൂത്ത് മൂവ്മെന്റാണ് (എസ്. എം.വൈ.എം.) ഇക്കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നത്.

2. ബഹു. വികാരിയച്ചന്മാരോ/അസിസ്റ്റന്റ് അച്ചന്മാരോ ആണ് മൈഗ്രന്റ് ഫോം ഒപ്പിട്ട് നൽകേണ്ടത്. ഫോം പൂരിപ്പിക്കേണ്ടത് പ്രവാസികളാകുന്നവരാണ്.
3. മൈഗ്രന്റ് ഫോം നൽകിയാണ് പ്രവാസികൾ എത്തിച്ചേരുന്ന സ്ഥലത്തെ സീറോ മലബാർ സഭാസംവിധാനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടത്.
4. പ്രവാസികളാകുന്നവർക്ക് സീറോ മലബാർ പള്ളികളോ മിഷൻ കേന്ദ്രങ്ങളോ കണ്ടെത്തുന്നതിന് മൈഗ്രന്റ് ഫോമിന്റെ മറുപുറത്ത് നൽകിയിരിക്കുന്ന ഫോൺ നമ്പർ സഹായകമാകും. എല്ലാ ഫോമിന്റെയും പുറകിൽ ഈ വിവരങ്ങൾ നൽകിയിട്ടുണ്ട്. സംശയനിവാരണത്തിനും വിശദവിവരങ്ങൾക്കും സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ കേന്ദ്ര ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് (9495835693, 9495868584 smymglobal@gmail.com, www. smymglobal. org).
5. വീടുവിട്ട് പഠനം/ജോലി ആവശ്യങ്ങൾക്ക് പോകുന്ന യുവജനങ്ങൾ സഭാ സംവിധാനങ്ങളുമായി ബന്ധമില്ലാതെ തനിച്ച് താമസിക്കുന്നതും പലവിധ തെറ്റുകളിൽ അകപ്പെടുന്നതും ഗൗരവത്തോടെ നാം മനസ്സിലാക്കണം. ഈ വിവരരേഖാഫോം ഇത്തരം പ്രവണതകളിൽനിന്ന് യുവജനങ്ങളെ രക്ഷിക്കുന്നതിന് സഹായകരമാകും.
6. നമ്മുടെ പള്ളികളോ മിഷൻ കേന്ദ്രങ്ങളോ ഇല്ലാത്ത സ്ഥലങ്ങളിൽ എത്തിപ്പെടുന്ന യുവജനങ്ങൾ അതാതു സ്ഥലത്തെ എസ്.എം.വൈ.എം. ഓഫീസുമായി ബന്ധപ്പെടുകയോ എസ്.എം. വൈ.എം. കേന്ദ്ര ഓഫീസുമായി (9495835693, 9495868584 smymglobal. gmail.com, www. smymglobal.org) ബന്ധപ്പെടേണ്ടതാണ്.
7. സഭയുടെ യുവജനശുശ്രൂഷയിൽ (Syro Malabar Youth Movement) നമുക്ക് ഒരുമിച്ച് പങ്കുചേരാം. നമ്മുടെ യുവജനങ്ങൾക്കും പ്രവാസികൾക്കുംവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കാം ഹൃദ്യമായി സഹായിക്കാം.

**മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, സീറോ മലബാർ യൂത്ത് കമ്മീഷൻ

**Prot. No. 209/2017; Circular No. 13/2017**

# മതബോധന ഞായർ

ഈശോയിൽ പ്രിയപ്പെട്ടവരെ,

2017 ജൂൺ 4ന് ആഗോളസഭയിൽ പന്തക്കുസ്തതിരുനാൾ ആഘോഷിക്കുകയാണല്ലോ. പന്തക്കുസ്താദിനം തലശ്ശേരി അതിരൂപതയിൽ മതബോധന ഞായറായി ആചരിച്ചുകൊണ്ട് 2017-2018 അധ്യയന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് നമ്മൾ തുടക്കം കുറിക്കുന്നു. പന്തക്കുസ്ത എന്ന വാക്കിന്റെ അർത്ഥം അമ്പത് എന്നാണ്. ഈശോയുടെ ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിയത്. അന്നാണല്ലോ സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. പന്തക്കുസ്താതിരുനാൾദിനത്തിൽ തന്നെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചത് നല്ല തുടക്കമായി കരുതാം. സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ഒന്നായ വിശ്വാസപരിശീലന കർത്തവ്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയുടെ ഏറ്റവും വലിയ ഉത്തരവാദിത്വവും കടമയുമാണ് മതബോധനം അഥവാ വിശ്വാസപരിശീലനം. സഭയോളം പഴക്കമുള്ള ഒരു പ്രക്രിയയാണിത്. കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവരെ അതിൽ സ്ഥിരപ്പെടുത്തുകയും ആഴപ്പെടുത്തുകയും പിൻതലമുറകൾക്ക് പകർന്നുകൊടുക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ഗൗരവമായ ഉത്തരവാദിത്വമാണ് മതബോധന ശുശ്രൂഷയ്ക്കുള്ളത്.

വിശ്വാസം ദൈവത്തിന്റെ അമൂല്യ ദാനമാണ്. അത് വളരുന്നതും ഫലം ചൂടുന്നതും വിശ്വാസികളുടെ കൂട്ടായ്മയിലാണ്. ആഴമേറിയ വിശ്വാസാനുഭവമായിരുന്നു മലബാറിലെ കുടിയേറ്റക്കാരുടെ ഏറ്റവും വലിയ സമ്പാദ്യം. വിശ്വാസജീവിതത്തെ ക്രമപ്പെടുത്തുന്നതും വളർത്തുന്നതും ഫലം പുറപ്പെടുവിക്കുന്നതുമായ മതബോധന ശുശ്രൂഷയെ നമ്മുടെ കുടിയേറ്റ കാരണവന്മാർ ഏറെ മതിപ്പോടും, പ്രാധാന്യത്തോടുമാണ് വീക്ഷിച്ചത്. അതിന്റെ ഫലമായി കുടിയേറ്റക്കാരും അവരുടെ പിൻതലമുറക്കാരും ആഴമേറിയ ദൈവവിശ്വാസവും ദൈവാശ്രയബോധവും ഉള്ളവരായിതീർന്നു. കേരള സഭയിൽ ഇന്നുള്ള ദൈവവിളികൾക്കും കുടുംബഭദ്രതയ്ക്കും അടിസ്ഥാനമായി നിൽക്കുന്നത് ക്രമമായും ചിട്ടയായും കുട്ടികൾക്ക് നമ്മൾ നല്കുന്ന വിശ്വാസപരിശീലനമാണെന്നത് നിസ്തർക്കമായ കാര്യമാണ്.

അതിനാൽ വിശ്വാസത്തെ ഉണർത്തുകയും വളർത്തുകയും പരിപോഷി പ്പിക്കുകയും ചെയ്യുന്ന വിശ്വാസപരിശീലന ശുശ്രൂഷയ്ക്ക് ഇടവക യിലെ അജപാലന പ്രവർത്തനങ്ങളിൽ ഏറ്റവും സവിശേഷമായ സ്ഥാനം കൊടുക്കേണ്ടതാണ്.

വിശ്വാസപരിശീലനത്തിന്റെ രണ്ടു പ്രധാന വേദികളാണ് കുടുംബവും ഇടവകയും. ഗാർഹികസഭയായ കുടുംബത്തിൽ മാതാ പിതാക്കളാണ് വിശ്വാസപരിശീലനത്തിന്റെ ആരംഭകർ. നമ്മുടെ കുടുംബങ്ങളിൽ പരമ്പരാഗതമായി പുലർത്തിവരുന്ന നല്ല ശീലങ്ങളും നിഷ്ഠകളും ആദ്ധ്യാത്മീകാനുഷ്ഠാനങ്ങളും കാലത്തിന്റെ ഗതിവിഗതി കളിൽപെട്ടു നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കുടുംബപ്രാർത്ഥന, ബൈബിൾ പാരായണം, ഉപവാസം, നോമ്പാചരണം, വി. കുർബ്ബാന എന്നിവയി ലുള്ള പങ്കുകൊള്ളൽ കുട്ടികളുടെ ശീലമായി മാറ്റുവാൻ മാതാപിതാ ക്കൾക്ക് കടമയുണ്ട്. കുടുംബങ്ങൾ ദൈവവിളിയുടെ പരിശീലന കളരിയാണ്. നല്ല കുടുംബപശ്ചാത്തലത്തിൽനിന്ന് വരുന്നവർക്കേ നല്ല അജപാലകരായിരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

കുട്ടികൾ ഭൗതികമായി വളരുന്നതിനോടൊപ്പം ആദ്ധ്യാത്മിക മായും ധാർമ്മികമായും വളരണം എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് സീറോ-മലബാർ സഭയുടെ 1 മുതൽ 12-ാം ക്ലാസ് വരെ യുള്ള വേദപാഠപാഠ്യപദ്ധതി സഭാപിതാക്കന്മാർ ക്രമീകരിച്ചിരി ക്കുന്നത്. അതിനാൽ അതിരൂപതയിലെ എല്ലാ കുട്ടികളും വേദപാഠ ക്ലാസുകളിൽ ക്രമമായി പങ്കെടുക്കേണ്ടതാണ്. ഞായറാഴ്ചകളിലെ ട്യൂഷൻ ക്ലാസുകളും ഇതരപരിശീലനപരിപാടികളും മതബോധന ക്ലാസുകൾക്ക് തടസ്സമാകാതിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം മുൻകരുതലുകൾ എടുക്കണം. സ്വന്തം ഇടവകയിൽനിന്നു മാറി പഠന ത്തിനായിപോകുന്ന കുട്ടികളെ അവർ പഠിക്കുന്ന സ്ഥാപനത്തി നടുത്തുള്ള സൺഡേസ്കൂളുകളിൽ ചേർത്ത് വേദപാഠപഠനവും പൂർത്തിയാക്കുവാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. മദ്യം, മയക്കു മരുന്ന്, പുകയില, മറ്റു ലഹരിസാധനങ്ങൾ എന്നിവയ്ക്ക് കുടുംബ ത്തിൽ സ്ഥാനം കൊടുക്കരുത്. കുട്ടികളിലെ ദൈവവിശ്വാസത്തെ തളർത്തുവാൻ കാരണമാകുന്ന പ്രസിദ്ധീകരണങ്ങളും പത്രമാസി കകളും നമ്മുടെ കുടുംബങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കരുത്. ടി. വി. ചാനലുകൾ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ കുട്ടി

കളെ വഴിതെറ്റിക്കുവാൻ സാധ്യതയുള്ളതിനാൽ അവയുടെ ഉപയോഗം മാതാപിതാക്കൾ കർശനമായി നിയന്ത്രിക്കാൻ ശ്രദ്ധിക്കണം.

ഇടവകയാണ് വിശ്വാസത്തിൽ ആഴപ്പെടുവാനും സഭാത്മക മായ ഒരു ജീവിതശൈലി രൂപപ്പെടുത്തുവാനും ഏറ്റവും അനുയോജ്യമായ രണ്ടാമത്തെ വേദി. ഓരോ ഇടവകയുടേയും ഏറ്റവും പ്രധാനപ്പെട്ട ദൗത്യം കുറവുകൂടാതെയും, സഭ ആഗ്രഹിക്കുന്ന വിധത്തിലും വിശ്വാസപരിശീലനം നൽകി ഇടവക മക്കളെ സ്വർഗ്ഗത്തിലെത്തി ക്കുകയെന്നതാണ്. ഇടവകയിലെ വിശ്വാസപരിശീലനത്തിന് ശക്ത മായ നേതൃത്വവും പ്രോത്സാഹനവും പ്രചോദനവും നൽകി പരി പോഷിപ്പിക്കാനും ശക്തിപ്പെടുത്തുവാനും ഇടവകാസമൂഹത്തിന് കടമയുണ്ട്. മതബോധനം ഫലപ്രദമായി നടത്തുവാനാവശ്യമായ ഭൗതീകസാഹചര്യങ്ങൾ ഒരുക്കുകയെന്നത് ഇടവകാജനത്തിന്റെ കടമയാണ്. ക്രിസ്ത്യാനിയായിരിക്കുന്നതിൽ സന്തോഷിക്കുകയും സഭാംഗമായിരിക്കുന്നതിൽ അഭിമാനിക്കുകയും ചെയ്യുന്ന ഒരു തലമുറ യെയാണ് ഇന്ന് രൂപപ്പെടുത്തേണ്ടത്. ഇത് ഓരോ ഇടവകാംഗത്തി ന്റെയും ഉത്തരവാദിത്വമാണ്.

വിശ്വാസപരിശീലനം വഴി ക്രൈസ്തവ ജീവിതശൈലികളാണ് കുട്ടികൾ സ്വന്തമാക്കേണ്ടത്. അതിനാൽ അവർക്ക് നല്ല ബോധ്യങ്ങളും മനോഭാവങ്ങളും ശീലങ്ങളും വളർത്തിയെടുക്കാൻ മതാധ്യാപകർ നന്നായി പഠിച്ചൊരുങ്ങി ആകർഷകമായി പാഠങ്ങൾ പഠിപ്പിക്കണം. അധ്യാപകരുടെ ജീവിതം കുഞ്ഞുങ്ങൾക്ക് നല്ല മാതൃകയും പ്രചോദനവുമാകട്ടെ. കുട്ടികൾ മതബോധനക്ലാസുകളിൽ മുടങ്ങാതെ സംബന്ധിക്കുകയും താത്പര്യത്തോടെ പഠിക്കുകയും പഠിച്ചവ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യണം. കുട്ടികളുടെ സഭാത്മക വളർച്ചയിൽ സഹായിക്കുന്നതിനുവേണ്ടി ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ കുട്ടികൾക്ക് ധ്യാനങ്ങളും ക്രമീകരിക്കേണ്ടതാണ്. 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനമാണ് നടത്തേണ്ടത്. ഒപ്പം നമ്മുടെ അതിരൂപതയിലെ റഗുലർ സ്കൂളുകളും വിശ്വാസപരിശീലനത്തിന്റെ വേദിയാണ്. റഗുലർ സ്കൂളുകളിൽ നടത്തിവരുന്ന വേദപാഠപഠനക്ലാസുകൾ കൃത്യത യോടെ നടത്തണമെന്ന് എല്ലാ അദ്ധ്യാപകരെയും ഞാൻ ഓർമ്മ പ്പെടുത്തുന്നു.

നമ്മുടെ അതിരൂപതയിൽ 210 സൺഡേസ്കൂളുകളിലായി 45424 കുട്ടികളും മതബോധനരംഗത്ത് പ്രത്യേകപരിശീലനം ലഭിച്ച 3129 അധ്യാപകരും നിസ്വാർത്ഥമായി ശുശ്രൂഷ ചെയ്യുന്നു. എല്ലാ വിശ്വാസ

പരിശീലകരെയും ബഹു. സിസ്റ്റേഴ്സിനെയും ബ്രദേഴ്സിനെയും അവർക്കു നേതൃത്വം കൊടുക്കുന്ന ബഹു. വൈദികരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയും അവർക്കു ദൈവാനുഗ്രഹം ഉണ്ടാകട്ടെ യെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. കുട്ടികളുടെ വിശ്വാസപരിശീ ലനത്തിന് ഇടവകാ സമൂഹത്തിന്റെ മുഴുവൻ സഹകരണവും പങ്കാളിത്തവും ഞാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ പതിവ് അനുസരിച്ച് മതബോധനവർഷം ആരംഭിക്കുന്ന ഞായറാഴ്ച്ചയിലെ സ്തോത്രക്കാഴ്ച്ച മതബോധനപ്രവർത്തനങ്ങളുടെ ചിലവുകൾക്കായി നീക്കിവയ്ക്കുകയാണ്. അടുത്ത ഞായറാഴ്ച്ചയിലെ (ജൂൺ 4) സ്തോത്രക്കാഴ്ച്ചയിൽ എല്ലാവരും ഉദാരമായി സഹകരി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽകൂടി എല്ലാവർക്കും പന്തക്കുസ്താതിരുനാളിന്റെയും മതബോധന ഞായറിന്റെയും ആശംസകൾ നേരുന്നു. പന്തക്കുസ്താ ദിനത്തിൽ ശിഷ്യന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവ് അതിരൂപതയിലെ മുഴുവൻ കുട്ടികളെയും ശക്തിപ്പെടുത്തുകയും “ബാലനായ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർന്നുവരാൻ” (ലൂക്ക 2:52 ) കൃപ നല്കുകയും ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പുതിയ അധ്യയനവർഷം ആഴമേറിയ ദൈവാനുഭവത്തിന്റെ അവസര മായിത്തീരട്ടെ. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവരേയും വിശ്വാസപരിശീലനത്തിലേർപ്പെടുന്ന കുട്ടികളെയും ഞാൻ ആശീർ വദിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാശിസ്സുകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**

25-04-2017 — തലശ്ശേരി അതിരൂപതയുടെ ഇടയൻ

---

**പ്രത്യേക ശ്രദ്ധക്ക്:**

1. ഈ സർക്കുലർ മെയ് 28 ന് ഞായറാഴ്ച്ച എല്ലാ പള്ളികളിലും സ്ഥാപന ങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.
2. അടുത്ത ഞായറാഴ്ച്ചയിലെ (ജൂൺ4) സ്തോത്രകാഴ്ച അതിരൂപത യുടെ മതബോധന ആവശ്യങ്ങൾക്കായി സമാഹരിച്ച് അതിരൂപതാകേന്ദ്ര ത്തിൽ ഏൽപ്പിക്കേണ്ടതാണ്.




## 1. ബഹു. വൈദികരുടെ സ്ഥലം മാറ്റം

ബഹു. വൈദികരുടെ ഈ വർഷത്തെ സ്ഥലം മാറ്റം മെയ് മാസം 13-ാം തീയതിയായിരിക്കും. 13-ന് പുതിയ ഇടവകകളിൽ എത്തിച്ചേർന്ന് 14-ാം തീയതി ഞായറാഴ്ച പത്തേന്തി വായിച്ച് ചാർജ് എടുക്കേണ്ടതാണ്. സ്ഥലം മാറ്റമുള്ള എല്ലാ വൈദികരും സ്ഥലം മാറിപോകുന്നതിനുമുമ്പ് വികാരിമാറ്റ റിപ്പോർട്ട് പൂരിപ്പിച്ച്, ഒപ്പിട്ട് നടത്തുകൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പ്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്താൽ തൊട്ടടുത്ത ദിവസംതന്നെ വികാരിമാറ്റ റിപ്പോർട്ടിൽ ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേക്ക് ഒരു കോപ്പി അയച്ചുതരണം. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്തേന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഓരോ ഫോംകൂടി അയയ്ക്കുന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുത ഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്.

വൈദികർ സ്ഥലം മാറുന്ന മാസത്തെ അലവൻസ് സ്ഥലം മാറുന്ന സമയത്ത് ജോലി ചെയ്തുകൊണ്ടിരുന്ന ഇടവകയിൽനിന്നോ സ്ഥാപനത്തിൽനിന്നോ സ്വീകരിക്കേണ്ടതാണ് (നിയമാവലി പേജ്. 65).

വൈദികർ സ്ഥലം മാറിപ്പോകുമ്പോൾ ജോലി ചെയ്യുന്ന ഇടവകകളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ ഇടവക/സ്ഥാപനത്തിന്റെ ചിലവിൽ സമ്മാനങ്ങൾ വാങ്ങാൻ പാടില്ല. അച്ചന്റെ സാധനസാമഗ്രികൾ പള്ളിച്ചിലവിൽ പുതിയ സ്ഥലത്ത് എത്തിക്കേണ്ടതാണ് (നിയമാവലി പേജ്. 66).

## 2. ബഹു. വൈദികരുടെ വാർഷികധ്യാനം ജൂലൈ മാസത്തിൽ

അതിരൂപതയിലെ വൈദികർക്കുവേണ്ടിയുള്ള ഇക്കൊല്ലത്തെ വാർഷികധ്യാനം രണ്ട് ബാച്ചുകളിലായി 2017 ജൂലൈ 9-14, 16-21 തീയതികളിൽ നടത്തുന്നു. ആദ്യബാച്ച് തലശ്ശേരി മൈനർ സെമിനാരിയിൽവച്ചും (ജൂലൈ 9-14) രണ്ടാമത്തെ ബാച്ച് പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽവച്ചും (ജൂലൈ 16-21) ആയിരിക്കും നടത്തുക. കാഞ്ഞിരപ്പള്ളി രൂപതാ സഹായമെത്രാൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവാണ് ധ്യാനഗുരു. ഈ രണ്ടു ധ്യാനസ്ഥലങ്ങളിൽ ഏതെങ്കിലും ഒരു സ്ഥലത്ത് പങ്കെടുക്കുവാൻ പ്രത്യേക താത്പര്യമുള്ളവർ മെയ് 25ന് മുമ്പ് ചാൻസലറച്ചനെ അറിയിക്കണം. അടുത്ത മാസത്തെ ബുള്ളറ്റിനിൽ ഓരോ ബാച്ചിലും ധ്യാനിക്കേണ്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

## 3. ആണ്ട്തിരട്ട്, ബജറ്റ് പാസ്സാക്കൽ

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ മെയ് മാസം 1,2,3,4,5 തീയതികളിലായി എല്ലാ ഇടവകകളിലെയും ആണ്ടുതിരട്ട് പാസ്സാക്കാൻ ബഹു. ജനറാളച്ചന്മാരും ഓഡിറ്റേഴ്സും ഫൊറോന കേന്ദ്രങ്ങളിൽ എത്തുന്നതാണ്. ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ നല്കിയിരിക്കുന്ന ലിസ്റ്റിൽ പറഞ്ഞിരിക്കുന്നവ സഹിതം വികാരിയച്ചന്മാരും നടത്തുകൈക്കാരനും സെക്രട്ടറിയും ഫൊറോന കേന്ദ്രങ്ങളിൽ എത്തണം എന്ന് ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ ബുള്ളറ്റിനിൽ നല്കിയിരുന്നതിൽനിന്നും വ്യത്യസ്തമായി കാഞ്ഞങ്ങാട് ഫൊറോനയിലും മേരിഗിരി ഫൊറോനയിലും ആണ്ടുതിരട്ട് പാസ്സാക്കൽ മെയ് 5ന് വെള്ളിയാഴ്ചയായിരിക്കും.

## 4. ബഹു. ഡീക്കന്മാരുടെ സമ്മേളനം

2017 സെപ്റ്റംബർ മുതൽ 2018 ഓഗസ്റ്റുവരെയുള്ള കാലയളവിൽ പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന ബഹു. ശെമ്മാശന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും ഒരു സമ്മേളനം 2017 മെയ് മാസം 15–ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ ഉച്ചവരെ തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് ചേരുന്നു. ഏതെങ്കിലും ഇടവകയിൽ ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർ ഉണ്ടെങ്കിൽ അവരെയും മാതാപിതാക്കന്മാരെയും പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വരുന്നവരുടെ പേരുവിവരം മുൻകൂട്ടി അറിയിക്കണം.

## 5. മതബോധന ഞായർ

2017 ജൂൺ 4ന് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും മത പഠനക്ലാസ്സുകൾ ആരംഭിക്കുന്നു. അന്നേദിവസം തന്നെയാണ് മതബോധന ഞായറായും ആചരിക്കുന്നത്. മതബോധന ക്ലാസ്സുകൾക്ക് ആകർഷകമായ രീതിയിൽ തുടക്കം കുറിക്കാൻ ശ്രദ്ധിക്കുമല്ലോ. അന്ന് വി. കുർബാന മധ്യേയുള്ള സ്തോത്രക്കാഴ്ച അതിരൂപതയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കാൻ വേണ്ടിയുള്ളതാണ്.

## 6. ആദരാഞ്ജലി

**സി. സോഫിയ ഉറുമ്പിൽ എസ്.എച്ച്. :** തിരുഹൃദയസന്യാസിനീ



സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. സോഫിയ ഉറുമ്പിൽ എസ്.എച്ച്. (70) 2017 ഏപ്രിൽ 14ന് നിര്യാതയായി. പരേത കോട്ടയം ജില്ലയിൽ പാലാ അതിരൂപത പെരിങ്ങളം ഇടവകയിലെ ഉറുമ്പിൽ പരേതരായ ദേവസ്യ – മറിയം ദമ്പതികളുടെ നാലാമത്തെ മകളാണ്. മരിയാംപുരം, തരിയോട്, ആലക്കോട്, കൂരാച്ചുണ്ട്, നിർമലഭവൻ, തൊക്കിലങ്ങാടി, സാൻജോസ് ഭവൻ എന്നീ സ്ഥലങ്ങളിൽ സേവന മനുഷ്ഠിച്ചിട്ടുണ്ട്. നിർമ്മലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം

നയിച്ചുവരവെയാണ് മരണം. മൃതസംസ്ക്കാരശുശ്രൂഷകൾ 2017 ഏപ്രിൽ 15ന് പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. പരേതയ്ക്ക് നിത്യശാന്തി നേരുന്നു.

**ശ്രീമതി ജയമേരി പട്ടമന :** ബഹു. ജോബി കരിന്തോളി അച്ചന്റെ സഹോദരി ജയമേരി ടീച്ചർ 2017ഏപ്രിൽ 17 തിങ്കളാഴ്ച നിര്യാതയായി. ഏപ്രിൽ 18-ന് ആര്യപ്പറമ്പ് ഫാത്തിമ മാതാ ദൈവാലയത്തിൽ മൃതസംസ്ക്കാര ശുശ്രൂഷ നടത്തി. പരേതയ്ക്ക് നിത്യശാന്തി നേരുകയും ദുഃഖാർത്തരായ കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**മേരി മുതുകുന്നേൽ:** ബഹു. ആന്റണി മുതുകുന്നേലച്ചന്റെ ജ്യേഷ്ഠ സഹോദരി മേരി 2017 ഏപ്രിൽ 21-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷ 2017 ഏപ്രിൽ 23ന് ചെമ്പേരി ലൂർദ്ദുമാതാ ഫൊറോനപള്ളിയിൽ നടന്നു. പരേതയ്ക്ക് നിത്യശാന്തി ലഭിക്കട്ടെ യെന്ന് പ്രാർത്ഥിക്കുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ശ്രീമതി അന്നമ്മ പാലാക്കുടിയിൽ :** ബഹു. തോമസ് പാലാ ക്കുടി അച്ചന്റെ വത്സല മാതാവ് ശ്രീമതി അന്നമ്മ പാലാക്കുടിയിൽ 2017 ഏപ്രിൽ 20-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരകർമ്മങ്ങൾ 2017 ഏപ്രിൽ 21-ാം തീയതി വെള്ളിയാഴ്ച രയറോം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ നടന്നു. പരേതയ്ക്ക് നിത്യശാന്തി നേരുകയും ബഹു. ടോമിയച്ചനെയും കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 7. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മാടക്കച്ചേരി | - 05-05-2002 |
| 2. | റവ. ഫാ. അബ്രാഹം കാവളക്കാട്ട് | - 06-05-1991 |
| 3. | റവ. ഫാ. ജോസഫ് മാമ്പുഴ | - 13-05-2007 |
| 4. | മോൺ. ജേക്കബ് പുത്തേട്ട് | - 16-05-1989 |
| 5. | മോൺ. തോമസ് പഴേപറമ്പിൽ | - 22-05-1992 |
| 6. | റവ. ഫാ. ജോൺ മണ്ണനാൽ | - 23-05-2008 |
| 7. | റവ. ഫാ. ജോസ് മാരാംകുഴ | - 23-05-2012 |
| 8. | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് | - 24-05-1997 |
| 9. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) | - 25-05-2003 |
| 10. | റവ. ഫാ. ജോർജ് താമരശ്ശേരി | - 26-05-2008 |
| 11. | റവ. ഫാ. ജോസഫ് മേമന | - 27-05-2013 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Mathew Chellamkottu | 10,000 |
| 2. | Rev. Fr. John Mundolickal | 50,000 |
| 3. | Rev. Fr. Sebastian Podimattam | 10,000 |
| 4. | Rev. Fr. Chacko Kudiparambil | 4,000 |
| 5. | Rev. Fr. Sebastian Manapathuparambil | 2,353 |
| 6. | Rev. Fr. George Kalarimuriyil | 10,000 |
| 7. | Rev. Fr. Thomas Thayyil | 15,000 |
| 8. | Rev. Fr. Joseph Anacharil | 8,000 |
| 9. | Rev. Fr. John Paul Poovathanickal | 5,000 |

## Institutions' Contribution

| | | |
|---|---|---|
| 1. | Bl. Fusco Church Pooparamba | 10,000 |
| 2. | St. Joseph's Church, Randamkadavu | 25,000 |
| 3. | St. Mary's Church, Pachani | 10,000 |
| 4. | St. Paul Church, Athrirumavu | 5,000 |
| 5. | St. Francis Assisi Church, Nattakkal | 15000 |
| 6. | St. Mary's Church, Udayagiri | 100000 |
| 7. | Infant Jesus Church Vaniyapara | 25,000 |
| 8. | St. Antony's Church Ottathai | 10,000 |
| 9. | St. Sebastian's Church, Karayathumchal | 10,000 |
| 10. | St. George Church, Kanjiradukkam | 20,000 |
| 11. | St. Joseph's Church, Varakkadu | 40,000 |
| 12. | St. Mary's Forane Church, Edoor | 200000 |
| 13. | St. Mary's Church, Marypuram | 50,000 |
| 14. | Good Shepherd Church Padannakadu | 1,00000 |
| 15. | Christ the king Church Bheemanady | 75000 |
| 16. | St. Antony's Church Peratta | 45,000 |
| 17. | St. Francis Church Thirumeni | 35000 |
| 18. | St. Joseph's Church Kavumthala | 10,000 |
| 19. | St. Sebastian's Church Kannivayal | 50,000 |
| 20. | St. Xavier's Church Kottody | 2,00000 |

## Other Contribution

| | | |
|---|---|---|
| 1. | Baby Orapoozhikkal | 5000 |
| 2. | F.C.C. Provincial House | 50,000 |

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. മതബോധന ഞായർ ജൂൺ 04

2017-18 അധ്യയനവർഷത്തെ പ്രഥമ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് 2017 ജൂൺ 4ന് ഞായറാഴ്ച പന്തക്കുസ്താത്തിരുനാൾ ദിനത്തിൽ തുടക്കം കുറിക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയനവർഷാരംഭത്തിനുമുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപംകൊടുക്കുകയും ചെയ്യുമല്ലോ.

## 2. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 10

2017-2018 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 10ന് രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചക്കഴിഞ്ഞ് 03.00 മണിക്ക് സമാപിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്.

**3. ജൂബിലി :** മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും പേരും വീട്ടുപേരും ഫോൺനമ്പറും മെയ് 15ന് മുമ്പ് ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് നേരത്തെ ആയതിനാൽ ഓഫീസിൽനിന്ന് ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കാര്യങ്ങളും കൃത്യസമയത്ത് തന്നെ ചെയ്ത് സഹകരിക്കുമല്ലോ.

## 4. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം

പാഠപുസ്തകങ്ങളുടെയും ഓഫീസിലേക്ക് ആവശ്യമായ മറ്റു ബുക്കുകളുടേയും വിലകളടങ്ങുന്ന ലിസ്റ്റ് മെയ് 25ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പുസ്തകങ്ങൾ ജൂൺ 11 നുശേഷം ഫൊറോന അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾ ഹെഡ്മാസ്റ്റർമാരുടെ കോൺഫറൻസിൽ അറിയിക്കുന്നതാണ്.

## 5. ആമുഖസെമിനാർ ജൂൺ 15-18

മതാധ്യാപനരംഗത്ത് ആദ്യമായി കടന്നുവരുന്നവർക്കുള്ള സെമിനാറാണിത്. പുതിയതായി ചേർന്നവരെയും മുമ്പ് സെമിനാറിൽ സംബന്ധിക്കാത്ത അധ്യാപകരെയും ബഹു. വികാരിയച്ചന്മാർ പറഞ്ഞയക്കുമല്ലോ. സെമിനാർ ജൂൺ 15ന് വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 18ന് ഞായറാഴ്ച ഉച്ചയോടുകൂടി അവസാനിക്കുന്നു. ഫീസ് 700 രൂപയായിരിക്കും പങ്കെടുക്കുന്നവരുടെ വിവരം ഓഫീസിൽ മെയ് 30ന് മുമ്പ് അറിയിക്കേണ്ടതാണ്.

## 6. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹന സമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റർ മെയ് മാസം 15ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## 7. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റർ മെയ് മാസം 15ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**8. ലൂമെൻ എക്ലേസിയേ :** 2014 ൽ ആരംഭിച്ച ദൈവശാസ്ത്രകോഴ്സ് വിജയകരമായി പൂർത്തിയാക്കിയ എല്ലാ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ. കോഴ്സുമായി ബന്ധപ്പെട്ട് ബാക്കി അടക്കാനുള്ള തുകകൾ മെയ് 15 ന് മുമ്പ് വിശ്വാസപരിശീലന ഓഫീസിൽ അടച്ച് സഹകരിക്കുമല്ലോ.

## 9. ഡിപ്ലോമ പരീക്ഷാഫലം

XII-ാം ക്ലാസ്സിലെ കുട്ടികളുടെ ഡിപ്ലോമ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം അറിയുവാനായി www.catechismthalassery.org എന്ന വെബ്സൈറ്റിൽ ഹെഡ്മാസ്റ്റർമാർക്ക് നല്കിയിരിക്കുന്ന user name & password ഉപയോഗിച്ച് ലോഗിൻ ചെയ്യുക. വെബ്സൈറ്റ് വഴി ലഭിക്കുന്ന മാർക്ക്ലിസ്റ്റ് ബഹു. വികാരിയച്ചന്റേയും ഹെഡ്മാസ്റ്ററിന്റേയും ഒപ്പോടുകൂടി പരസ്യപ്പെടുത്തേണ്ടതാണ്.

ഡിപ്ലോമ പരീക്ഷയിൽ ജയിക്കണമെങ്കിൽ ഒന്നാം ഗ്രൂപ്പിൽ **24** മാർക്കും രണ്ടാം ഗ്രൂപ്പിൽ **6** മാർക്കും മൂന്നാം ഗ്രൂപ്പിൽ **10** മാർക്കും ലഭിക്കണം (മൊത്തം 40 മാർക്ക്). മൂല്യനിർണ്ണയം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടിയ അപേക്ഷ ഓഫീസിൽ മെയ് 10നു മുമ്പ് എത്തിക്കേണ്ടതാണ്. കൂടാതെ 100 രൂപ ഫീസും അടക്കേണ്ടതാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റ്/കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വിതരണം ചെയ്യുന്നതാണ്.

## 10. ഡിപ്ലോമ പരീക്ഷാഫലം

2016-2017 അധ്യയനവർഷത്തിലെ XII-ാം ക്ലാസിലെ ഡിപ്ലോമ പരീക്ഷാഫലം താഴെ ചേർക്കുന്നു.

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | | |
|---|---|---|---|
| 1. | ആൻമേരി ഉതലക്കര | മാങ്ങോട് | ഒന്നാം റാങ്ക് |
| 2. | മേരി മലയാറ്റിൽ | കിളിയന്തറ | രണ്ടാം റാങ്ക് |
| 3. | അൽഫോൻസ കോശാക്കൽ | മാങ്ങോട് | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ഏലിയാമ്മ മരുതുക്കുന്നേൽ | ആലക്കോട് | ആലക്കോട് |
| 2. തെരേസ വാതമറ്റത്തിൽ | കോട്ടൂർ | ചെമ്പന്തൊട്ടി |
| 3. എലിസബത്ത് മേക്കലാത്ത് | കുടിയാന്മല | ചെമ്പേരി |
| 4. മരിയ കൊല്ലപറമ്പിൽ | ചെറുപുഴ | ചെറുപുഴ |
| 5. ആൻമേരി ഉതലക്കര | മാങ്ങോട് | എടൂർ |
| 6. ത്രേസ്യാമ്മ പുളിവേലിൽ | കാഞ്ഞിരടുക്കം | കാഞ്ഞങ്ങാട് |
| 7. മേരി മലയാറ്റിൽ | കിളിയന്തറ | കുന്നോത്ത് |
| 8. തോമസ് ഊന്നുപാലത്തിങ്കൽ | പെരിങ്ങാല | മേരിഗിരി |
| 9. റോസമ്മ കണിക്കുന്നേൽ | കാഞ്ഞിരക്കൊല്ലി | നെല്ലിക്കാംപൊയിൽ |
| 10. റോസ് ഉറുമ്പിൽ | ആടാംപാറ | പൈസക്കരി |
| 11. ഡോണമരിയ കുപ്പുഴയ്ക്കൽ | മേരിപുരം | പനത്തടി |
| 12. ഫൗസ്റ്റീന കണിക്കുന്നേൽ | പൂളക്കുറ്റി | പേരാവൂർ |
| 13. ആൻമരിയ പൊയ്കയിൽ | തലശ്ശേരി | തളിപ്പറമ്പ് |
| 14. ത്രേസ്യാമ്മ വെട്ടുകാട്ടിൽ | തോമാപുരം | തോമാപുരം |
| 15. റെജീന ഈന്തനാംകുന്നേൽ | വെള്ളാട് | വായാട്ടുപറമ്പ് |
| 16. മരിയ തുണ്ടത്തിൽ | മാലോം | വെള്ളരിക്കുണ്ട് |

## 11. X-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

### അതിരൂപതാ റാങ്ക് ലിസ്റ്റ്

| | | |
|---|---|---|
| 1. എലിസബത്ത് കല്ലൻമാരിയിൽ | കാലാങ്കി | ഒന്നാം റാങ്ക് |
| 2. മരിയ മുണ്ടപ്ലാക്കൽ | രയറോം | രണ്ടാം റാങ്ക് |
| 3. എലിസബത്ത് പേണ്ടാനത്ത് | കല്ലുവയൽ | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ട്രീസ പെരുമ്പ്രായിൽ | വിജയഗിരി | ആലക്കോട് |
| 2. ത്രേസ്യാമ്മ കുറുപ്പം വീട്ടിൽ | വെണ്ണക്കല്ല് | ചെമ്പന്തൊട്ടി |
| 3. തോമസ് ഉപ്പാംതടത്തിൽ | രത്നഗിരി | ചെമ്പേരി |
| 4. മേരി ചാക്കോ ഓടയ്ക്കൽ | ചെറുപുഴ | ചെറുപുഴ |
| 5. തോമസ് നല്ലൂർ | ചെടിക്കുളം | എടൂർ |
| 6. മാത്യു ചിറമാട്ടേൽ | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 7. തെരേസ താന്നിക്കുഴിയിൽ | കുന്നോത്ത് | കുന്നോത്ത് |
| 8. മരിയ മുണ്ടപ്ലാക്കൽ | രയറോം | മേരിഗിരി |
| 9. എലിസബത്ത് കല്ലൻമാരിയിൽ | കാലാങ്കി | നെല്ലിക്കാംപൊയിൽ |
| 10. എലിസബത്ത് ചേന്നാട്ട് | പൈസക്കരി | പൈസക്കരി |
| 11. അമല തെരുവിൽ | കൊട്ടോടി | പനത്തടി |
| 12. ആൻട്രീസ കാട്ടാംകോട്ടിൽ | മഞ്ഞളാംപുറം | പേരാവൂർ |
| 13. ഐസക് കുമാരംപറമ്പിൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 14. മരിയ നടുവിലേടത്ത് | പാലാവയൽ | തോമാപുരം |

| | | |
|---|---|---|
| 15. ചെറുപുഷ്പം തടിക്കൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| 16. മേരി കരിപ്പമറ്റത്തിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |

## 12. IV-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | |
|---|---|---|
| 1. ജോസഫ് ചെറുശ്ശേരിയിൽ | ശ്രീകണ്ഠാപുരം | ഒന്നാം റാങ്ക് |
| 2. തെരേസ താളുകണ്ടത്തിൽ | ചെടിക്കുളം | രണ്ടാം റാങ്ക് |
| 3. ആൽബിൻ തോമസ് പള്ളിച്ചിറ | പൈസക്കരി | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. വർഗ്ഗീസ് പുന്നത്താനത്ത് | ആലക്കോട് | ആലക്കോട് |
| 2. ജോസഫ് ചെറുശ്ശേരിയിൽ | ശ്രീകണ്ഠാപുരം | ചെമ്പന്തൊട്ടി |
| 3. അലൻ മരിയ പാണ്ട്യാമാക്കൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| 4. മരിയ ചിന്താർമണിയിൽ | പാടിയോട്ടുചാൽ | ചെറുപുഴ |
| 5. തെരേസ താളുകണ്ടത്തിൽ | ചെടിക്കുളം | എടൂർ |
| 6. മാത്യു കൊല്ലംകുന്നേൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| 7. എലിസബത്ത് പൊട്ടക്കുളം | കച്ചേരിക്കടവ് | കുന്നോത്ത് |
| 8. ജൂലിയ മാലോലിക്കൽ | കാര്യപ്പള്ളി | മേരിഗിരി |
| 9. ത്രേസ്യ ഉമ്മത്താഴത്ത് | മാട്ടറ | നെല്ലിക്കാംപൊയിൽ |
| 10. ആൽബിൻ തോമസ് പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |
| 11. കാതറിൻ കൊറ്റത്തിൽ | പനത്തടി | പനത്തടി |
| 12. റോസ് മരിയ ഇല്ലിക്കൽ | പെരുമ്പുന്ന | പേരാവൂർ |
| 13. ജോർജ് ജൂഡിറ്റ് പെരുമാട്ടികുന്നേൽ | പരിയാരം | തളിപ്പറമ്പ് |
| 14. ഏയ്ഞ്ചൽ മരിയ തിരുവിലപറമ്പിൽ | കണ്ണിവയൽ | തോമാപുരം |
| 15. തോമസ് കുര്യൻ തടിക്കൽ | കരുവൻചാൽ | വായാട്ടുപറമ്പ് |
| 16. അമല മണ്ണൂർ | ചുള്ളി | വെള്ളരിക്കുണ്ട് |

**13. വിവിധ കുടിശികകൾ :** 2016-2017 അധ്യയനവർഷത്തിൽ ഓഫീസിൽ നൽകാനുള്ള മുഴുവൻ തുകകളും മെയ് 15ന് മുൻപ് അടയ്ക്കുകയോ ബാങ്കുവഴി അയയ്ക്കുകയോ ചെയ്യേണ്ടതാണ്. ബാങ്കുവഴി അയയ്ക്കുന്നവർ പണം അയച്ചതിനുശേഷം ഓഫീസിൽ വിളിച്ചു പറയേണ്ടതാണ്. ബാങ്കു സംബന്ധമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

A/Holder : Department of Catechesis
A/No: 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. റസിഡൻഷ്യൽ ക്ലാസ്സ്

ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് മൂന്ന് ദിവസത്തെ റസിഡൻഷ്യൽ കോഴ്സ് സംഘടിപ്പിച്ചു. മാസ്റ്റർ തലത്തിലുള്ള പത്തോളം വിഷയങ്ങൾ ഈ ദിവസങ്ങളിൽ പൂർത്തിയാക്കി. ബി.റ്റി.എച്ച്. ഡിഗ്രിയുടെ ഭാഗമായ ദൈവശാസ്ത്രവിഷയങ്ങളുടെ ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ 60 പേർ റസിഡൻഷ്യൽ ക്ലാസ്സിൽ സംബന്ധിച്ചു.

## 2. ആൽഫാ ബിരുദദാന ചടങ്ങ് (Convocation)

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബിരുദ ബിരുദാനന്തര കോഴ്സുകൾ വിജയകരമായി പൂർത്തീയാക്കിയവരുടെ ബിരുദദാന ചടങ്ങ് (convocation) ഏപ്രിൽ 29ന് തലശ്ശേരി സംഗമം ഓഡിറ്റോറിയത്തിൽവച്ച് നടന്നു. അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളർ മുഖ്യാതിഥിയായ പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ചാണ് ബിരുദ, ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. 356 പേർക്ക് ദൈവശാസ്ത്രബിരുദവും 12 പേർക്ക് ദൈവശാസ്ത്ര ബിരുദാനന്തര ബിരുദവും ചടങ്ങിൽ നൽകപ്പെട്ടു.

തലശ്ശേരി അതിരൂപതയിലെ മതാധ്യാപകർക്കായി 2014 ൽ ആരംഭിച്ച ബി.റ്റി.എച്ച്. കോഴ്സിന്റെ ആദ്യബാച്ച് ഈ ചടങ്ങിൽ ഈ ബിരുദം സ്വീകരിച്ചു. അത്മായരിലേക്ക്  ദൈവശാസ്ത്രം എത്തിക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെ ആരംഭിച്ച ആൽഫാ തിയോളജിയുടെ ഒരു പ്രധാന കാൽവയ്പായിരുന്ന തലശ്ശേരി അതിരൂപതയിലെ എല്ലാ മതാദ്ധ്യാപകർക്കായുള്ള ദൈവശാസ്ത്ര ഡിഗ്രി കോഴ്സ് 60 ശതമാനത്തിലധികം മതാദ്ധ്യാപകർ ദൈവശാസ്ത്രബിരുദം നേടാനുള്ള പരിശീലനത്തിലാണ്. അതിനുവേണ്ടി മുൻകൈയെടുത്ത അതിരൂപത മതബോധന ഡയറക്ടറും ആൽഫായുടെ രജിസ്ട്രാറുമായ ഫാ. ജോർജ് കാഞ്ഞിരക്കാട്ടിനെ നന്ദിയോടെ സ്മരിക്കുന്നു.

## 3. ആൽഫാ ബിരുദദാന ചടങ്ങ് – ബൽത്തങ്ങാടിയിൽ

അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ പ്രത്യേക താൽപര്യപ്രകാരം 2013 ൽ ആരംഭിച്ച ദൈവശാസ്ത്ര കോഴ്സിന്റെ പ്രഥമ ബാച്ചിന്റെ

ബിരുദദാന ചടങ്ങ് മെയ് 25 വ്യാഴാഴ്ച ബൽത്തങ്ങാടി ജ്ഞാനനിലയ പാസ്റ്റ റൽ സെന്ററിൽവച്ച് നടക്കുന്നു.

## 4. ദൈവശാസ്ത്ര ബിരുദാനന്തര ബിരുദ പ്രവേശനം

ബി.റ്റി.എച്ച്. ദൈവശാസ്ത്രബിരുദം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദം (എം.റ്റി.എച്ച്) ചെയ്യാൻ അടുത്ത അദ്ധ്യായനവർഷം അവസരം ഉണ്ടാകും. വെബ്സൈറ്റിൽനിന്ന് അപേക്ഷാഫോം എടുത്ത് പൂരി പ്പിച്ച് ആൽഫാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഓൺ ലൈനായും അപേക്ഷകൾ സമർപ്പിക്കാം.

## 5. ഓൺലൈൻ പരീക്ഷകൾ

യൂറോപ്പിലും അമേരിക്കയിലും ഗൾഫിലുമുള്ള വിദ്യാർത്ഥികൾ ദൈവ ശാസ്ത്രകോഴ്സിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ ഓൺലൈനായി വിജ യകരമായി എഴുതി പൂർത്തിയാക്കി. എല്ലാ ദൈവശാസ്ത്രവിഷയങ്ങളും ഓൺലൈനായി പരീക്ഷകൾ നടത്താൻ ക്രമീകരണങ്ങൾ ചെയ്തുകൊണ്ടി രിക്കുന്നു.

## 6. പി. എച്ച്.ഡി. വിദ്യാർത്ഥികളുടെ അവലോകന ക്ലാസ്സ്

ദൈവശാസ്ത്രത്തിൽ ഗവേഷണത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ള റിസർച്ച് സ്റ്റുഡൻസിന്റെ ഒരു അവലോകന ക്ലാസ്സ് മെയ് 27-ാം തീയതി രാവിലെ 10 മുതൽ 4 വരെ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തുന്നതാണ്. ഗവേഷണ പ്രബന്ധത്തിന്റെ സ്കേമാ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി അറിയിച്ചാൽ അവസരം നൽകുന്നതാണ്.

## 7. ആൽഫായുടെ പുതിയ സെന്ററുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ രണ്ടു സെന്ററുകൾ വിദേശത്ത് ആരംഭിക്കുന്നു. അമേരിക്കയിലെ ഫ്ളോറിഡാ സംസ്ഥാനത്ത് മിയാമി കേന്ദ്ര മായി ആരംഭിക്കുന്ന സെന്ററിലെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു. UAE - ലെ അബുദാബി കേന്ദ്രമാക്കി മറ്റൊരു സെന്ററും ഉടനെ ആരംഭിക്കുന്നു. രണ്ടു സെന്ററുകളിലും ബിരുദ ബിരുദാനന്തര കോഴ്സുക ളിലേക്ക് പ്രവേശനം ലഭിക്കുന്നതാണ്.

## 8. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| മെയ് | | | |
|---|---|---|---|
| വെള്ളി | 5,12,19,26 | രാവിലെ 8.00 | ദൈവശാസ്ത്രബിരുദം |
| ശനി | 6,13,20,27 | രാത്രി 12.00 | ദൈവശാസ്ത്രബിരുദം (ഗൾഫ് എഡിഷൻ) |
| ഞായർ | 7,14,21,28 | രാത്രി 7.30 | ദൈവശാസ്ത്രബിരുദാനന്തരബിരുദം |
| ബുധൻ | 3,10,17,24,31 | രാത്രി 11.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ് എഡിഷൻ) |
| **ആവർത്തനം** | | | |
| ബുധൻ | | ഉച്ച -2.30 | - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം |

## 9. ആൽഫാ ദൈവശാസ്ത്രക്ലാസ്സുകൾ

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| മെയ് 16 | FCC അസീസ്സി പ്രൊവിൻസ് തൃശൂർ | 9.30 - 5.00 | ബൈബിൾവ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം<br>ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| മെയ് 17 | FCC അസീസ്സി പ്രൊവിൻസ് ചാലക്കുടി | 9.30 - 5.00 | പൗലോശ്ലീഹായുടെ ലേഖനം<br>രാഷ്ട്രീയ ദൈവശാസ്ത്രം<br>ക്രിസ്തുവിജ്ഞാനീയം |
| മെയ് 27 | കോയിപ്പിള്ളി കോതമംഗലം | 9.30 - 1.30 | പൗലോശ്ലീഹായുടെ ലേഖനം<br>രാഷ്ട്രീയ ദൈവശാസ്ത്രം |
| | കോതമംഗലം MSJ പ്രൊവിൻസ് | 2.30 - 5.30 | പൗലോശ്ലീഹായുടെ ലേഖനം<br>രാഷ്ട്രീയ ദൈവശാസ്ത്രം |
| ജൂൺ 2,3 | ലക്നൗ | 9.30 - 7.30 | ബൈബിൾവ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം<br>ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |

## 10. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾവീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗ

ണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസത്തെ സ്കൈപ്പു നെറ്റുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മെയ് 7,14,21,28 (ഞായർ) | 21.00 – 22.00 (09.00 10.00 pm) |
| മെയ് 2,9,16,23,30 (ചൊവ്വ) | 21.00 – 22.00 (09.00 10.00 pm) |
| മെയ് 5,12,19,26 (വെള്ളി) | 21.00 – 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട്ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

## സെന്റ് ജോസഫ് ഹോസ്പിറ്റൽ, കരുവഞ്ചാൽ

കരുണയുടെ വർഷംപ്രമാണിച്ച് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ ആരംഭിച്ച ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം 3 മാസം പിന്നിടുകയാണ്. ഈ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നമ്മുടെ ഇടവകകളിലുള്ള നാനാജാതി മതസ്ഥരായ ഡയാലിസിസ് ആവശ്യമുള്ള രോഗികളെ അറിയിക്കണമെന്ന് ബഹു. അച്ചന്മാരോട് അഭ്യർത്ഥിക്കുന്നു. സൗജന്യനിരക്കിൽ (ഏകദ്ദേശം 830 രൂപ) ഡയാലിസിസ് ചെയ്തു കൊടുക്കാനുള്ള സൗകര്യം നമ്മുടെ ആശുപത്രിയിലുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് : 0949 7041156, 0996 1022 021 എന്നീ നമ്പറുകളിൽ ബന്ധപ്പെടാൻ ആവശ്യക്കാരെ അറിയിക്കുമല്ലോ.

നിങ്ങളുടെ പ്രോത്സാഹനങ്ങൾക്കും പ്രാർത്ഥനകൾക്കും നന്ദി അറിയിക്കുന്നു. തുടർന്നും ആശുപത്രിയുടെ വികസനത്തിനും വളർച്ചയ്ക്കും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഫാ. തോമസ് വടക്കേമുറിയിൽ
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

ദൈവാനുഗ്രഹം നിറഞ്ഞ ഒരു പ്രവർത്തനവർഷംകൂടി നാം പിന്നിട്ടിരിക്കുമ്പോൾ ഹൃദയം നിറഞ്ഞ നന്ദിയോടെ തമ്പുരാന്റെ മുമ്പിൽ ശിരസ്സ് നമിക്കാം. ഒരുപാട് നന്മകളാലും കൃപകളാലും ഈ വർഷം അവിടുന്ന് നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കൊച്ചുകൊച്ചു ത്യാഗങ്ങൾ, സമയം, സമ്പത്ത്, ആരോഗ്യം ഇവയെല്ലാം ഒരു മനസ്സോടെ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ തയ്യാറായപ്പോൾ നാം അറിഞ്ഞും അറിയാതെയും ഒത്തിരി ഇടങ്ങളിൽ കാരുണ്യത്തിന്റെ പ്രേഷിതരായി നാം മാറിക്കഴിഞ്ഞു. കാരുണ്യവർഷം അവസാനിച്ചെങ്കിലും ഹൃദയത്തിൽ കരുണ വറ്റിപ്പോകാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. കാരുണ്യത്തിന്റെ മാലാഖാമാരായിമാറാൻ എല്ലാ കുഞ്ഞുമിഷനറിമാർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : പന്തക്കുസ്താ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഡൊമിനിക് സാവിയോ
പ്രാർത്ഥനാനിയോഗം : നമ്മുടെ രാജ്യത്തിനും ഭരണാധികാരികൾക്കും
കാരുണ്യപ്രവൃത്തി : അവശരെ സഹായിക്കുക
സുകൃതജപം : തൊഴിലാളികളുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവേ തൊഴിലാളികൾക്കുവേണ്ടി പ്രാർത്ഥിക്കണമേ

01 തിങ്കൾ : തൊഴിലാളികളുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുന്നാൾ.

21 ഞായർ : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 3-ാം ചരമവാർഷികം

## ചെമ്പേരി റീജിയൺ സംഗമം

25-03-2017ന് ചെമ്പേരി മദർതെരേസ ഓഡിറ്റോറിയത്തിൽവച്ച് നടന്ന ചെമ്പേരി റീജനൽ സംഗമം ഫൊറോനാ വികാരി റവ. ഫാ. ജോസഫ് കരിനാട്ട് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ഫൊറോനാ വികാരി റവ. ഫാ. ജോസഫ് കരിനാട്ട്, അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, മേഖലാ ഡയറക്ടർ ഫാ. ജോസ് ആനാനിക്കൽ, ചെമ്പന്തൊട്ടി ഫൊറോന മതബോധന പ്രസിഡന്റ് ശ്രീ. ജോയി പുഷ്ക്കൽ എന്നിവരെ ആദരിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ചു. ഫാ. ജോസ് ആനാനിക്കൽ, മേഖലാ പ്രസിഡന്റ് ശ്രീ. ബേബി കുന്നേൽ, ശ്രീ. ജോയി പുഷക്കൽ, ശ്രീ. മാണി കണിയാശേരിക്കൽ എന്നിവർ ആശംസകളർപ്പിച്ചു. ജനറൽ ഓർഗനൈസർ ശ്രീ. ജെയ്സൺ മർക്കോസ്

സ്വാഗതവും സുനിൽ കല്ലിടുക്കിൽ നന്ദിയും പറഞ്ഞു. സംഗമത്തോട നുബന്ധിച്ചു നടന്ന മിഷൻ അനുഭവ സെമിനാറിന് അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് നേതൃത്വം നൽകി. അതിരൂപതാ എക്സി ക്യൂട്ടീവ് അംഗങ്ങളായ ടോണി ഇരുപ്പക്കാട്ട്, ജെറിൻ ചേമ്പാലക്കുന്നേൽ, ടിജോ, വൈസ് ഡയറക്ടർമാർ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിനുള്ള എല്ലാ സഹായസഹകരണങ്ങളും ചെയ്തു തന്ന ചെമ്പേരി ഫൊറോന വികാരി ബഹു. കരിനാട്ട് അച്ചനും കൊച്ചച്ചനും മേഖല ഭാരവാഹികൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

## ഉണർവ്വ് 2017 - എം.റ്റി.സി. ക്യാമ്പ്

2017 ഏപ്രിൽ 21 മുതൽ 24 വരെ പൊട്ടംപ്ലാവിൽവച്ച് നടന്ന അതിരൂ പത എം.റ്റി.സി. ക്യാമ്പ് പൊട്ടംപ്ലാവ് ശാഖാഡയറക്ടർ ഫാ. ജോസഫ് പൂത്തോട്ടാൽ ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 21 ന് വൈകുന്നേരം 6 മണിക്ക് അതിരൂപത പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി പതാക ഉയർത്തിക്കൊണ്ട് ക്യാമ്പിന് തുടക്കം കുറിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ അതി രൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ക്യാമ്പിനെക്കുറിച്ച് അവ ലോകനംചെയ്ത് സംസാരിച്ചു. അതിരൂപത ഓർഗനൈസർ ശ്രീ. ജെയ്സൺ മർക്കോസ്, സെക്രട്ടറി ശ്രീ. സുനിൽ കല്ലിടുക്കിൽ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോണി മഞ്ചപ്പള്ളി, ജോസ് കുരുവിളമറ്റത്തിൽ എന്നി വർ ആശംസകളർപ്പിച്ച് സംസാരിച്ചു. നാല് ദിവസത്തെ ക്യാമ്പിൽ കുട്ടിക ളുടെ വ്യക്തിത്വവികസനത്തിനും സ്വഭാവരൂപീകരണത്തിനും ഉപകരിക്കുന്ന വിവിധപ്രവർത്തനങ്ങൾ, ഭവനസന്ദർശനം, പൈതൽമലയിലേക്ക് പ്രകൃതി പഠന യാത്ര എന്നിവയും ഉണ്ടായിരുന്നു.

16 മേഖലകളിൽനിന്നായി ക്യാമ്പിൽ പങ്കെടുത്ത 94 കുട്ടികളിൽനിന്ന് 35 കുട്ടികൾ മഹാരാഷ്ട്രയിലെ സാംഗ്ലി മിഷൻ തീർത്ഥയാത്രയ്ക്കായി തെര ഞ്ഞെടുക്കപ്പെട്ടു. ക്യാമ്പിന്റെ വിജയത്തിനായി എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുതന്ന പൊട്ടംപ്ലാവ് ശാഖാ ഡയറക്ടർ ബഹു. ജോസഫ് പൂത്തോട്ടാൽ അച്ചനും ബഹു. സിസ്റ്റേഴ്സിനും ഇടവകാംഗ ങ്ങൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

## സംസ്ഥാന വാർഷികം

2017 ഏപ്രിൽ 5-ാം തീയതി താമരശ്ശേരി രൂപതയിലെ പുല്ലൂരാംപാറ ബഥാനിയായിൽവച്ച് നടത്തിയ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന വാർഷികത്തിൽ അതിരൂപതാ ഡയറക്ടറിന്റെ നേതൃത്വത്തിൽ എക്സി ക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

## സ്നേഹതാരം പുരസ്ക്കാരം

കാരുണ്യവർഷത്തോടനുബന്ധിച്ച് ഏറ്റവും കൂടുതൽ കാരുണ്യ പ്രർത്തികൾ ചെയ്യുന്ന ശാഖകൾക്ക് സംസ്ഥാനതലം ഏർപ്പെടുത്തിയിരുന്ന

സ്നേഹതാരംപുരസ്ക്കാരത്തിന് **കീഴ്പ്പള്ളി, പൊട്ടംപ്ലാവ്, കാപ്പിമല, ശാന്തിഗിരി, കണിച്ചാർ** ശാഖകൾക്ക് ലഭിച്ചു. കാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശാഖാ ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ. അടുത്ത പ്രവർത്തനവർഷ ഉദ്ഘാടനസമ്മേളനത്തിൽവച്ച് പുരസ്ക്കാരങ്ങൾ നൽകുന്നതായിരിക്കും.

## അതിരൂപതാ മാനേജിംഗ് കമ്മറ്റിയും ധ്യാനവും

മെയ് 20, 21 തീയതികളിൽ അതിരൂപതാ മാനേജിംഗ് കമ്മറ്റിയും ധ്യാനവും തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. മേഖലാ ഭാരവാഹികളെല്ലാവരും മാനേജിംഗ് കമ്മറ്റിയിലും ധ്യാനത്തിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ സംഗമം - ഏയ്ഞ്ചൽസ് മീറ്റ് മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ആവശ്യമുള്ള എണ്ണം ഓഫീസിൽ അറിയിക്കേണ്ടതാണ്.

## അവധിക്കാല ധ്യാനങ്ങൾ

മേജർ സെമിനാരി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ഇടവകകളിൽ അവധിക്കാലത്ത് കുട്ടികൾക്കായി ധ്യാനം നടത്തുവാൻ ബ്രദേഴ്സിന്റെ ടീം ട്രെയിനിംഗ് നടത്തി ഒരുങ്ങി തയ്യാറായിട്ടുണ്ട്. കുട്ടികളുടെ ജീവിത വിശുദ്ധീകരണത്തിനും വ്യക്തിത്വ വികസനത്തിനും ഉപകരിക്കുന്ന ഈ ധ്യാനം അവധിക്കാലത്ത് നമ്മുടെ കുട്ടികൾക്ക് നൽകാൻ ബഹു. വികാരി അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഏപ്രിൽ 25 മുതൽ ധ്യാനം നടത്താൻ ബ്രദേഴ്സിന്റെ ടീം തയ്യാറാണ്. താഴെ പറയുന്ന നമ്പറിൽ വിളിച്ച് ധ്യാനം ബുക്ക് ചെയ്യുമല്ലോ.

**ഫോൺ: 9947081543, 9961370298, 04902325516**

## മേഖല - ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

ചെറുപുഷ്പ മിഷൻലീഗിന്റെ 2017-18 വർഷത്തേയ്ക്കുള്ള ശാഖാഭാരവാഹികളുടെയും 2017-19 വർഷത്തേയ്ക്കുള്ള മേഖലാ ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ് ഇനിയും നടത്താത്ത മേഖലകൾ എത്രയുംവേഗം തെരഞ്ഞെടുപ്പ് പൂർത്തിയാക്കി പേര് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധക്ക്

2016-17 പ്രവർത്തനവർഷം അവസാനിക്കുന്നതിനാലും സിസ്റ്റേഴ്സിന്റെ സ്ഥലമാറ്റസമയമായതിനാലും സ്ഥലംമാറ്റമുള്ള വൈസ്ഡയറക്ടേഴ്സ്

മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും കൃത്യമായി എഴുതിവയ്ക്കുകയും വാർഷിക റിപ്പോർട്ട് ഫോം പൂരിപ്പിച്ച് മെയ്മാസം ആദ്യ ആഴ്ചയിൽതന്നെ ഓഫീസിലേക്ക് അയക്കുകയും കുടിശ്ശികകൾ അടയ്ക്കാനുണ്ടെങ്കിൽ അവ അടച്ചുതീർത്ത് വ്യക്തതയോടും കൃത്യതയോടുംകൂടി പുതിയ ആൾക്ക് എല്ലാകാര്യങ്ങളും കൈമാറുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. വാർഷിക റിപ്പോർട്ട് ഫോം രൂപത സിഎംഎൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ധ്യാനങ്ങൾ സെമിനാറുകൾ

ഏപ്രിൽ 18 മുതൽ 21 വരെ മദർഹോമിൽവച്ച് കുട്ടികൾക്കായി നടന്ന അവധിക്കാല ധ്യാനത്തിന് ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് നേതൃത്വം നൽകി. 500 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

ചെമ്പേരി മേഖലാ ഭാരവാഹികൾക്കായി ഏപ്രിൽ 8ന് നടന്ന സെമിനാറിനും പൈസക്കരി മേഖലയിലെ എം.റ്റി.സി. കുട്ടികൾക്കായി നടത്തിയ ക്യാമ്പിലും ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ക്ലാസ്സുകൾ നയിച്ചു.

ഏപ്രിൽ 2,3,4 തീയതികളിൽ തോമാപുരം ശാഖയിലെ കുട്ടികൾക്കായി നടത്തിയ ധ്യാനത്തിന് ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് നേതൃത്വം നൽകി.

## സാംഗ്ലിമിഷനിലെ എയ്ഡ്സ് രോഗികളായ കുട്ടികളെ സഹായിക്കുവാനായി സംഭാവന നൽകിയവർ

| | |
|---|---|
| ഇരിട്ടി | - 2000 |
| എടൂർ | - 2000 |
| പരപ്പ | - 2000 |
| കനകക്കുന്ന് | - 2000 |

## മേഖലാവാർത്തകൾ

### നെല്ലിക്കാംപൊയിൽ

നെല്ലിക്കാംപൊയിൽ മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ പെനുവേൽ 2017 ക്യാമ്പ് മണിക്കടവ് ശാഖയിൽ വെച്ച് മേഖലാ ഡയറക്ടർ ഫാ. ജോർജ് പുഞ്ചത്തറപ്പേൽ ഉദ്ഘാടനം ചെയ്തു. എൽറോയി 2017 ക്യാമ്പ് മണിക്കടവിൽ വെച്ച് മാട്ടറ ശാഖാ ഡയറക്ടർ ഫാ. മാർട്ടിൻ തട്ടാപറമ്പിൽ ഉദ്ഘാടനം ചെയ്തു. ക്യാമ്പിന് ഫാ. ജോർജ് പുഞ്ചത്തറപ്പേൽ, സി.മേരി മാത്യു എൻ.എസ്. എന്നിവർ ക്ലാസ്സെടുത്തു. മേഖലാഭാരവാഹികൾ നേതൃത്വം നൽകി. ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ ഡയറക്ടർ വിതരണം ചെയ്തു.

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ അവധിക്കാലത്ത് കളികളുടെയും ആഘോഷങ്ങളുടെയും തിരക്കിനിടയിലും ഈശോയുടെ ഹൃദയഗുണങ്ങൾ സ്വന്തമാക്കി ഉണ്ണീശോയുടെ സ്നേഹിതരായി മാറാൻ എല്ലാ കൊച്ചുകൂട്ടുകാർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ഈശോയെപ്പോലെ വളരാം... വലുതാകാം Vol. 3

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം... വലുതാകാം... എന്ന വർക്ക് ബുക്കിന്റെ മൂന്നാംഭാഗം തയ്യാറായിട്ടുണ്ട്. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്ക് ബുക്കിന്റെ തുടർച്ചയായാണ് നൽകിയിരിക്കുന്നത്. 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ ബുക്കിന്റെകൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം ഈ മാസംതന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

---

## അൾത്താരബാലന്മാരുടെ സെമിനാറുകൾ

തോമാപുരം മേഖലയിലെ അൾത്താരബാലന്മാർക്കായി 18-ാം തീയതി പാലാവയലിൽവച്ച് നടത്തിയ ഏകദിന സെമിനാർ മേഖലാ ഡയറക്ടർ ഫാ. ജോസഫ് കൊളുത്താപ്പള്ളി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി ക്ലാസ്സുകൾ നയിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ മേഖലാ ഭാരവാഹികൾ എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

കെ.സി.വൈ.എമ്മിന്റെ രജതജൂബിലി സമാപനം വളരെ ഭംഗിയായി നടന്നതിന്റെ ചാരിതാർഥ്യത്തിലാണ് നാം ഓരോരുത്തരും. ഈ അവസരത്തിൽ കടന്നുവന്ന വഴികളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഈ പ്രസ്ഥാനത്തെ കരങ്ങളിൽ താങ്ങി സംരക്ഷിച്ച നല്ല ദൈവത്തിന് ഒരായിരം നന്ദി. കെസിവൈഎം പ്രസ്ഥാനത്തെ നട്ട്, നനച്ച് ശ്രദ്ധാപൂർവ്വം വളർത്തിയവരെ നന്ദിയോടെ ഓർക്കുന്നു. തക്കസമയത്ത്, വളവും ജലവും നല്കി പ്രസ്ഥാനത്തിന് താങ്ങുംതണലുമായ ഡയറക്ടർ അച്ചന്മാർ, ഒരമ്മയുടെ വാത്സല്യത്തോടെ മക്കളെ കൂട്ടായ്മയിൽ നിലനിർത്തിയ ആനിമേറ്റർ സിസ്റ്റേഴ്സ്, അലകൾ ആഞ്ഞടിച്ചപ്പോഴും, കാറ്റും കോളും അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിച്ചപ്പോഴും പതറാതെ, തളരാതെ ലക്ഷ്യത്തെ മുറുകെപിടിച്ച് മുന്നേറിയ യുവജന നേതാക്കൾ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. 25-ാം വയസ്സിൽ യുവത്വം തുളുമ്പിനിൽക്കുന്ന കെസിവൈഎമ്മിന്റെ സഹയാത്രികരായ യുവജന മക്കളെ, ഈ പ്രസ്ഥാനത്തെ മുമ്പോട്ടു നയിച്ച നയിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെ ആത്മാർത്ഥതയെ, ത്യാഗത്തെ, ധീരതയെ, നേതൃത്വപാടവത്തെ, സംഘടനാപാടവത്തെ ആത്മീയമായ ഉറപ്പിനെ ഈ പ്രസ്ഥാനത്തിനോടുള്ള പ്രതിബന്ധതയെ ആദരവോടെ നന്ദിയോടെ ഞാൻ നോക്കികാണുന്നു. പുതിയൊരു പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കാൻ നമ്മൾ ഒരുങ്ങുകയാണല്ലോ. ജൂലൈമാസം കെസിവൈഎംന്റെ അംഗത്വ മാസമാണ്. യുവജനങ്ങൾ അവരുടെ ഇടവകയിലെ അംഗത്വം പുതുക്കുകയും, പുതിയവർ അംഗത്വം സ്വീകരിക്കുകയും ചെയ്യുമ്പോൾ ഈ പ്രസ്ഥാനത്തെ ഇനിയും കൂടുതൽ ഊർജ്ജസ്വലമാക്കാൻ പുതിയ സമിതിയെ ഞാൻ ഏൽപ്പിക്കുന്നു. നിങ്ങളുടെ സർവ്വ കഴിവും ഉപയോഗിച്ച് ഈ പ്രസ്ഥാനത്തെ വളർത്തുക. ക്രൈസ്തവ യുവത്വത്തിന്റെ ഉദാത്തമാതൃകയായ യുവാവായ യേശുവിനെ മുറുകെ പിടിച്ചുകൊണ്ടായിരിക്കണം നിങ്ങളുടെ യാത്ര.

ഈശോ പിതാവിന്റെ തിരുവിഷ്ടം പൂർണ്ണമായും ഉൾകൊണ്ടവൻ, കടന്നുപോയ വഴികളിൽ അത്ഭുതം വിതച്ചവൻ, കണ്ടുമുട്ടിയവരിലൊക്കെ ജീവിത മൂല്യങ്ങളുടെ വ്യത്യസ്തമായ ഉദാത്തമായ ചിന്തകൾക്ക് തിരികൊളുത്തിയവൻ, കാഴ്ചയും ഉൾക്കാഴ്ചയും പകർന്നുനല്കി സ്നേഹവിപ്ലവത്തിന് ചരിത്രം രചിച്ചവൻ എന്നാൽ അന്ധകാരത്തിന്റെ പിന്നാമ്പുറങ്ങളെ സ്നേഹിച്ച മനുഷ്യൻ. ജീവിതത്തിലെ എല്ലാ നിർണ്ണായക ഘട്ടങ്ങളിലും തന്റെ പിതാവിന്റെ സന്നിധിയിൽ രാത്രി മുഴുവൻ പ്രാർത്ഥിച്ച് ശക്തി

സംഭരിച്ച്, തന്നെ കാത്തുനിൽക്കുന്ന ശാരീരികവും മാനസീകവുമായി തളർന്ന മക്കൾക്ക് സൗഖ്യമായി, ശാന്തിയായി, ആശ്വാസമായിതീർന്ന സ്നേഹ സമ്പന്നൻ. ഇതുതന്നെയാണ് ഒരു കെസിവൈഎം പ്രവർത്തകന്റെ ജീവിതവും. ഓരോ ദിവസവും കാൽവരിമലയിലെ പുനരാവർത്തിക്കപ്പെടുന്ന വി. ബലിയിൽ നിന്ന് ശക്തി സംഭരിച്ച് അന്ധരും, ആകുലരും, ആലംബ ഹീനരും, അശരണരുമായവരിലേക്ക് ഇറങ്ങിച്ചെല്ലാനും, സഹായഹസ്തം നീട്ടി ശക്തിപകരാനുമുള്ള വിളി. യേശുവിന്റെ ഈ പാത പിന്തുടർന്ന് യുവജന പ്രസ്ഥാനത്തെ രൂപപ്പെടുത്തിയ നിരവധി യുവജന നേതാക്കളെ സൃഷ്ടിച്ചെടുക്കുവാൻ കെസിവൈഎംലൂടെ നമുക്ക് സാധിച്ചിട്ടുണ്ട് എന്നത് അഭിമാനാർഹമാണ്. യുവജനങ്ങളിൽ ധാർമ്മികമൂല്യങ്ങളും, പാരമ്പര്യ ബോധവും വളർത്തിയെടുക്കാനുതകുന്ന നേതൃത്വമാണ് നമുക്ക് ഇനിയും ആവശ്യം. മുമ്പോട്ടുള്ള പ്രയാണത്തിൽ നമുക്കൊരുമിച്ച് കൈകോർക്കാം. പുതിയ നേതൃത്വനിരകൾക്ക് എല്ലാവിജയാശംസകളും നേരുന്നു.

## ഹൃദയപൂർവ്വം നന്ദി

കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയെ സംബന്ധിച്ചിടത്തോളം 2016 വളരെ അഭിമാനത്തിന്റെയും, സാഹസികതയുടെയും, ആത്മാർപ്പ ണത്തിന്റെയും വർഷമായിരുന്നു. 'കരുണയുടെ യുവജനസാക്ഷികൾ' എന്ന പ്രവർത്തനവിഷയവുമായി ആരംഭിച്ച കർമ്മപരിപാടികൾക്ക് ഈ വർഷം തിരശ്ശീല വീഴുമ്പോൾ കൂട്ടായ്മയുടെയും സഹകരണത്തിന്റെയും, ത്യാഗ ത്തിന്റെയും വഴിയിലൂടെ മുന്നേറുവാൻ അനുഗ്രഹം നല്കിയ സർവ്വശക്ത നായ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. ഈ വർഷത്തെ നിരവധി കർമ്മപരി പാടികൾകൊണ്ട് കെ.സി.വൈ.എം. തലശ്ശേരി അതിരൂപത സംഘടന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. രജത ജൂബിലി വർഷത്തിൽ നാല് റീജിയണുകളിലായി ജൂബിലിപ്രയാണങ്ങൾ, കാരുണ്യവിരുന്ന്, സ്നേഹവീട്, മുടിദാനം, രക്തദാനം, ശ്രമദാനം, സാമൂഹികപ്രശ്നങ്ങളിലുള്ള സജീവമായ ഇടപെടൽ, നേതൃത്വ പരിശീലനക്യാമ്പുകൾ, യുവജനധ്യാനങ്ങൾ, നൈറ്റ് വിജിലുകൾ, യുവജനസംഗമങ്ങൾ തുടങ്ങിയവയിലൂടെ ജൂബിലി വർഷം സമുചിതമായി ആഘോഷിക്കാൻ സാധിച്ചു. ഇതിന്റെയെല്ലാം പിന്നിൽ ആത്മാത്ഥതയോടെ അധ്വാനിച്ച അതിരൂപതാ സമിതിയെ നന്ദിയോടെ ഓർക്കുന്നു. പ്രസിഡന്റ് ഷിജോ നിലയ്ക്കപ്പള്ളിയുടെ നേതൃത്വത്തിൽ ജനറൽ സെക്രട്ടറി എബിൻ കുര്യാക്കോസ്, വൈസ് പ്രസിഡന്റ്മാരായ എയ്ഞ്ചൽ ചിറയ്ക്കതൊട്ടിയിൽ, ജുബിൻ ചിറയിൽ, സെക്രട്ടറിമാർ ജിതിൻ മുടപ്പാലയിൽ, ജെസ്നി ചിറപ്പുറമ്പിൽ എന്നിവരുടെയും സംസ്ഥാന സിണ്ടിക്കേറ്റ് അംഗങ്ങളായ ശ്രീ. സുനിൽ ചെന്നിക്കര, അഞ്ജലി ചക്കുളിക്കൽ എന്നിവരുടെയും അകമഴിഞ്ഞ സഹകരണവും പ്രവർത്തന ങ്ങളുമാണ് ഈ വർഷത്തെ പ്രവർത്തനവിജയങ്ങൾക്ക് നിദാനമായത്.

25 വർഷത്തെ കെ.സി. വൈ.എമ്മിന്റെ ജൂബിലി സമാപനം പേരാവൂർ വച്ച് അതിമനോഹരമാക്കാൻ കഴിഞ്ഞതിന്റെ പിന്നിലും, കെ.സി.വൈ.എമ്മിന്റെ ഈടുറ്റ ഒരു സ്മരണിക ഇറക്കിയതും ഈ സമിതി തന്നെയാണ്. ഈ പ്രവർത്തനങ്ങൾക്കെല്ലാംവേണ്ടി ഇവരെടുത്ത അധ്വാനത്തിനും സഹന ത്തിനും പ്രതിസന്ധികൾക്കും എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. മനോഹരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് ഒരു വർഷത്തെ അതിരൂപതാ യുവജന ശുശ്രൂഷ പൂർത്തികരിക്കുന്ന ശ്രീ. ഷിജോ നിലയ്ക്കപ്പള്ളിയുടെ നേതൃത്വത്തിലുള്ള 2016 വർഷത്തെ അതിരൂപതാ സമിതിക്ക് തലശ്ശേരി അതിരൂപതാ കുടുംബത്തിലെ എല്ലാ യുവജനങ്ങളുടെയും, യുവജന സ്നേഹിതരുടെയും ആത്മാർത്ഥമായ നന്ദിയും വിജയാശംസകളും നേരുന്നു.

## എക്സ്പ്ലോറ - 2017 (Explora)

2017 പ്രവർത്തന വർഷത്തേയ്ക്കുള്ള അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും, ഫൊറോനാഭാരവാഹികൾക്ക് നേതൃത്വ പരിശീ ലനം നല്കുന്നതിനുമായി 2017 ഏപ്രിൽ 21,22,23 തീയതികളിലായി പൈസക്കരി ഫൊറോനായുടെ ആതിഥേയത്വത്തിൽ പൈസക്കരിയിൽവച്ച് നേതൃത്വപരിശീലനക്യാമ്പ് 'എക്സ്പ്ലോറ' 2017 സംഘടിപ്പിച്ചു. നേതൃത്വ പരിശീലന ശില്പശാല പൈസക്കരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഡെയ്സി ചിറ്റൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ജെയ്സൺ അറയ്ക്കൽ കോതമംഗലം നേതൃത്വം നല്കി. ഇതിനോടനുബന്ധിച്ച് ഈ വർഷത്തെ ഇലക്ഷൻ സെനറ്റും പൈസക്കരിയിൽവച്ച് നടത്തി. സെനറ്റ് ക്യാമ്പ് നടത്താൻ സന്മനസുകാണിച്ച സ്ഥലസൗകര്യങ്ങൾ ഒരുക്കിതന്ന പൈസ ക്കരി ഫൊറോനയിലെ വികാരി ബഹു. ജോസ് വെട്ടിക്കലച്ചനും, കൊച്ചച്ച ന്മാർക്കും പ്രസിഡന്റ് ജോയൽ തൊട്ടിയിലിനും മറ്റ് യുവജന സുഹൃത്തു ക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## കെ.സി.വൈ.എം. തലശ്ശേരി അതിരൂപതാ ഭാരവാഹികൾ

2017 ഏപ്രിൽ 23ന് പൈസക്കരിയിൽവച്ച് നടത്തപ്പെട്ട തെരഞ്ഞെടു പ്പിൽ നിന്ന് 2017 വർഷത്തേക്കുള്ള അതിരൂപതാഭാരവാഹികളെ തെരഞ്ഞെ ടുത്തു. പ്രസിഡന്റ് എബിൻ കുര്യാക്കോസ് - നെല്ലിക്കാംപൊയിൽ, വൈസ് പ്രസിഡന്റ് ആൻമേരി - കാഞ്ഞങ്ങാട്, ഡെപ്യൂട്ടി പ്രസിഡന്റ് അജിൻ ജോസ് - ചെമ്പന്തൊട്ടി, ജനറൽ സെക്രട്ടറി ജോബിൻ ബാബു - തോമാപുരം, സെക്രട്ടറി അഞ്ജു ആനക്കല്ലിൽ - പനത്തടി, ജോയിന്റ് സെക്രട്ടറി ബിജോ തോമസ് - കാഞ്ഞങ്ങാട്, ട്രഷറർ ജോർജ് കിഴക്കേപ്പറമ്പിൽ - പനത്തടി കൗൺസിലേഴ്സ് ശ്രീ. ജുബിൻ ചിറയിൽ - കാഞ്ഞങ്ങാട്, കുമാരി എയ്ഞ്ചൽ ജോസഫ് - എടൂർ. പുതിയ നേതൃത്വനിരക്ക് എല്ലാ ഭാവുകങ്ങളും വിജയാശംസകളും നേരുന്നു.



## എസ്.എം.വൈ.എം. ഇലക്ഷൻ ക്യാമ്പ്

എസ്.എം.വൈ.എമ്മിന്റെ പ്രഥമ ദേശീയ ഇലക്ഷൻക്യാമ്പ് മാർച്ച് 25,26 തീയതികളിൽ എറണാകുളം പി.ഒ.സി.യിൽവച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതയിൽ നിന്ന് പ്രസിഡന്റ് ശ്രീ. ഷിജോ നിലയ്ക്കപ്പള്ളി പങ്കെടുത്തു.

## ഗ്രാസിയ വിജിൽ

പേരാവൂർ സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ മാർച്ച് 25ന് വി. ബലിയോടുകൂടി ആരംഭിച്ച ഗ്രാസിയ വിജിൽ രജത ജൂബിലി സമാപനത്തോടനുബന്ധിച്ച് നടത്തിയ 25 മണിക്കൂർ ആരാധന 26ന് 6 മണിക്ക് കുരിശിന്റെ വഴിയോടുകൂടി സമാപിച്ചു. വിവിധ ഇടവകകളിലെ യുവ ജനങ്ങളും അതിരൂപതാഭാരവാഹികളും ഗ്രാസിയ വിജിലിൽ പങ്കുചേർന്നു.

## ജൂബിലി സമാപനം, ഗ്രാസിയ

കെസിവൈഎം അതിരൂപതയുടെ രജത ജൂബിലി സമാപനം പേരാവൂർ ഫൊറോനയിൽവച്ച് ഏപ്രിൽ 2ന് നടന്നു. യുവജനറാലിയിലും പൊതുസമ്മേളനത്തിലും അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നെത്തിയ നൂറുകണക്കിന് യുവതി യുവാക്കളും നിരവധി വൈദികരും ആനിമേറ്റേഴ്സും സന്യസ്തരും പങ്കെടുത്തു. 3000–ത്തോളം യുവജനങ്ങൾ പങ്കെടുത്ത യുവജനറാലി ആർച്ച്ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം ഫ്ളാഗ് ഓഫ് ചെയ്തു. ജീസസ് യൂത്തിന്റെ മ്യൂസിക് ബാന്റ് സമ്മേളനത്തെ ഭക്തി നിർവൃതിയിലാക്കി. കൂടാതെ നാലു റീജിയനുകളിൽ നിന്നുവന്ന യുവജനങ്ങൾ റീജിയൻ തിരിച്ച് റാലിയിൽ പങ്കുചേർന്നു. നിശ്ചലദൃശ്യങ്ങളും വാദ്യമേളങ്ങളും റാലിയെ ആകർഷകമാക്കി. തുടർന്ന് തൊണ്ടി സെന്റ്

ജോൺസ് യു.പി. സ്കൂൾ മൈതാനിയിലെ വേദിയിൽ നടന്ന സമാപന പൊതുസമ്മേളനം ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ആർച്ച് ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം അനുഗ്രഹപ്രഭാഷണം നടത്തി. സണ്ണി ജോസഫ് എംഎൽഎ മുഖ്യ പ്രഭാഷണവും കെ.സി.വൈ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ ആമുഖപ്രഭാഷണവും, അതിരൂപതാ പ്രസിഡന്റ് ശ്രീ. സിജോ നിലയ്ക്കപ്പള്ളിൽ അധ്യക്ഷതയും വഹിച്ചു. വികാരി ജനറാൾമാരായ മോൺ. എബ്രാഹം പോണാട്ട്, മോൺ. ജോർജ് എളൂക്കുന്നേൽ, കെസിവൈഎം സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മഞ്ചപ്പള്ളി, പേരാവൂർ ഫൊറോന വികാരി റവ. ഡോ. തോമസ് കൊച്ചുകരോട്ട്, ഐ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ട്, കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബിബിൻ ചമ്പക്കര, കെസിവൈഎം ഫൊറോന ഡയറക്ടർ ഫാ. തോമസ് മണവത്ത്, അതിരൂപതാ ഭാരവാഹികളും ആശംസകളർപ്പിച്ചു.

രാവിലെ ഒൻപതിന് സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വി. ബലിയോടെയാണ് ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് കഴിഞ്ഞ 25 വർഷകാലയളവിൽ കെസിവൈഎമ്മിന് നേതൃത്വം നല്കിയവരെ ആദരിച്ചു. കോഴിക്കോട് മ്യൂസിക് ബാന്റിന്റെ സംഗിത വിരുന്നു ആഘോഷങ്ങൾ ആകർഷകമാക്കി. രജത ജൂബിലി സമാപനം ഏറ്റെടുത്തുനടത്തിയ പേരാവൂർ ഫൊറോനയിലെ വികാരി ബഹു. തോമസ് കൊച്ചുകരോട്ടച്ചനും കൊച്ചച്ചന്മാർക്കും പേരാവൂർ ഫൊറോന ഡയറക്ടർ ബഹു. തോമസ് മണവത്ത് അച്ചനും ഫൊറോന ഭാരവാഹികൾക്കും സമാപനസമ്മേളനത്തിൽ പങ്കെടുത്ത എല്ലാ വൈദികർക്കും, ആനിമേറ്റേഴ്സിനും സിസ്റ്റേഴ്സിനും മുൻകാലഭാരവാഹികൾക്കും യുവജനസുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു.

## എസ്.എം.വൈ.എം. വെബ്സൈറ്റ് ഉദ്ഘാടനം

യുവജനങ്ങൾക്കെന്നും പ്രചോദനവും ആവേശവുമായ കെസിവൈഎം തലശ്ശേരി അതിരൂപത വെബ്സൈറ്റ് പേരാവൂര് വച്ചു നടന്ന രജത ജൂബിലി സമാപനസമ്മേളനത്തിൽവച്ച് ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു.

## ഗ്രാസിയ സ്മരണിക പ്രകാശനം

25 വർഷക്കാലം സഭയിലും, സമൂഹത്തിലും, രാഷ്ട്രത്തിലും നിറഞ്ഞുനിന്ന തലശ്ശേരി അതിരൂപതാ കെ.സി.വൈ.എമ്മിന്റെ രജതജൂബിലി സമാപന

ത്തോടനുബന്ധിച്ച് "ഗ്രാസിയെ" ജൂബിലി സ്മരണിക തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം പ്രകാശനം ചെയ്തു.

## സ്നേഹവീട് പദ്ധതി

കെ.സി.വൈ.എം. രജതജൂബിലിയുടെ ആരംഭത്തിൽ ഓരോ ഫൊറോനയ്ക്കും ഓരോ വീട് എന്ന നിലയിൽ ആരംഭിച്ച സ്നേഹവീട് പദ്ധതിയിൽ നാലുവീടുകൾ പൂർത്തിയായി. ചെമ്പന്തൊട്ടി, കാഞ്ഞങ്ങാട്, പാണത്തൂർ, പേരാവൂർ ഫൊറോനകളിലാണ് വീടുകൾ പൂർത്തിയാക്കിയത്. ഈ നാലുവീടുകളുടെ താക്കോൽ ദാനചടങ്ങും രജതജൂബിലി സമാപന സമ്മേളനത്തിൽവച്ച് നടത്തപ്പെട്ടു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വർക്കും അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## അവാർഡ് ദാനം

ജോൺസൺ ജെ. ഓടയ്ക്കൽ മെമ്മോറിയൽ യൂത്ത് അവാർഡ് ഐ.സി.വൈ.എം. പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ടിനും, ടോമി നടുവത്ത് മെമ്മോറിയൽ കർഷക അവാർഡ് ശ്രീ. ലിജേഷ് പനത്തടിക്കും, യുവപ്രതിഭാ അവാർഡ് കുമാരി അഞ്ജലി ചക്കുളിക്കലിനും ലഭിച്ചു. അവാർഡ് കരസ്ഥ മാക്കിയവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## ആദരാഞ്ജലി

അതിരൂപത സെക്രട്ടറി ശ്രീ. ജുബിൻ ചിറയിലിന്റെ വല്യമ്മച്ചി അന്നമ്മയുടെ നിര്യാണത്തിൽ അതിരൂപതാ ഭാരവാഹികൾ സംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്ന് പ്രാർത്ഥിച്ചു. ജുബിനും, കുടുംബാംഗങ്ങൾക്കും അതിരൂപതാസമിതിയുടെ അനുശോചനം അറിയിക്കുന്നു.

*" യുവജനങ്ങളെ നിങ്ങളെന്റെ സ്നേഹിതരാണ്. നിങ്ങളിൽ ഞാൻ ഏറെ പ്രത്യാശവയ്ക്കുന്നു. നിങ്ങളുടെ പ്രവർത്തന മണ്ഡലങ്ങൾ ഏറെയാണ്. നിങ്ങൾ അവയിൽ താത്പര്യമുള്ളവരായിരിക്കണം. നിങ്ങളിൽ വലിയൊരു ജനത പ്രത്യാശയർപ്പിച്ചിരിക്കുന്നു. നിങ്ങളുടെ പ്രവൃത്തി സൂക്ഷ്മതയോടുള്ളതായിരിക്കട്ടെ. നിങ്ങളാണ് സഭയെ നയിക്കേണ്ടവരും വളർത്തേണ്ടവരും".* (വി. മദർ തെരേസ)

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## 1. MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| MAY | 2 - 4 | 16 - 18, 23 - 25 | Nil |
| JUNE | Nil | 13 - 15 | 27 - 29 |
| JULY | 4 - 6 | Nil | 25 - 27 |
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി. സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാ പിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ 400 രൂപ മുൻകൂർ അടച്ച് (മണി ഓർഡർ/സെന്ററുകളിൽ നേരിട്ടുള്ള രജിസ്ട്രേഷൻ) പേര് രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. ബുക്ക് ചെയ്തതിനുശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് വിളിച്ചറിയിക്കുന്ന കാര്യം അവരെ ഓർമ്മി പ്പിക്കുമല്ലോ. സീറ്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം ബുക്ക് ചെയ്താൽ മതിയാവുന്നതാണ്. ബാങ്ക് ട്രാൻസ്ഫറിലൂടെയും ബുക്ക് ചെയ്യാം.

Account No : Director, Family Apostolate
South Indian Bank, Thalassery
A/c No : 0078053000073775
IFSC - SIBL 0000078

For details please contact : Ph: 0490 2343414, Mob: 9400206974
Website: www.familytly.com

**3. വിവാഹ ഒരുക്ക സെമിനാർ**

787, 788 എന്നീ എം.ജി.സി. കോഴ്സുകൾ മാർച്ച് 21-23, ഏപ്രിൽ 4-6 എന്നീ തീയതികളിൽ യഥാക്രമം പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ചർച്ച്, പേരാ

വൂർ മൗണ്ട് കാർമ്മൽ ആശ്രമം എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലുമായി 108 ആൺകുട്ടികളും 171 പെൺകുട്ടികളും ഉൾപ്പെടെ ആകെ 279 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 4. എം.ജി.സി. പേരന്റ്സ് മീറ്റ്

പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽവച്ച് മാർച്ച് 23നും പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമത്തിൽവച്ച് ഏപ്രിൽ 4നും എം.ജി.സി. 787, 788 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി നയിച്ച ക്ലാസ്സിൽ 400 മാതാപിതാക്കൾ പങ്കുകൊണ്ടു.

## 2. മാതൃവേദി

**1. മാതൃസംഗമം:** ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ മാതൃസംഗമം എന്ന പേരിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ റീജണുകൾ അടിസ്ഥാനമാക്കി മാതൃസംഗമങ്ങൾ നടത്തപ്പെടുന്നു. വർദ്ധിച്ചു വരുന്ന കുടുംബ പ്രശ്നങ്ങളും മിശ്ര വിവാഹങ്ങളും എന്ന ആശയത്തിന് ഊന്നൽ കൊടുത്ത് ക്ലാസ്സുകളും ബോധവൽക്കരണ പരിപാടികളുമായാണ് നടത്തുന്നത്.

**മാതൃസംഗമങ്ങൾ നടക്കുന്ന സ്ഥലവും തീയതിയും:-**

| റീജൻ | മേഖലകൾ | തീയതി | സമയം |
|---|---|---|---|
| ഇരിട്ടി | നെല്ലിക്കാംപൊയിൽ, എടൂർ കുന്നോത്ത്, പേരാവൂർ | ഏപ്രിൽ 24 | 10.00 - 1.30 |
| ആലക്കോട് | ആലക്കോട്, വായാട്ടുപറമ്പ മേരിഗിരി, തളിപ്പറമ്പ് | മെയ് 6 | 10.00 - 1.30 |
| തോമാപുരം | തോമാപുരം, ചെറുപുഴ വെള്ളരിക്കുണ്ട് | മേയ് 19 | 10.00 - 1.30 |
| കാഞ്ഞങ്ങാട് | പനത്തടി, കാഞ്ഞങ്ങാട് | മേയ് 20 | 10.00 - 1.30 |
| ചെമ്പേരി | ചെമ്പേരി, ചെമ്പന്തൊട്ടി പൈസക്കരി | മേയ് 22 | 10.00 - 1.30 |

### 2. ആനിമേറ്റേഴ്സ് മീറ്റ് - 2017

തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് തലശ്ശേരി അതിരൂപതാ സീറോ മലബാർ മാതൃവേദിയുടെ 2017-ലെ ആനിമേറ്റേഴ്സ് മീറ്റ് മാർച്ച് 30-ാം തീയതി വ്യാഴാഴ്ച നടത്തപ്പെട്ടു. രാവിലെ 9.45 ന് ദിവ്യബലിയോടെ ആരംഭിച്ച പരിപാടിയ്ക്ക് തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി സ്വാഗതം ആശംസിച്ചു. ചടങ്ങിൽ അതിരൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി റെജി പോത്തനാമൂഴി അദ്ധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് ഫെറോന വികാരി ഫാ. ജോസഫ് മഞ്ചപ്പള്ളിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അസി. വികാരി. ഫാ സുബിൻ

റാത്തപ്പള്ളി, ദേശീയ സെനറ്റംഗം ശ്രീമതി ലൈസ സോജൻ, റീജന്റ് ബ്രദർ എഡ്വിൻ കോയിപ്പുറം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീ. ടി.എം ജോസ് തയ്യിൽ ക്ലാസ്സ് നയിച്ചു. അതിരൂപതാ ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ് നന്ദിയർപ്പിച്ചു. ചടങ്ങിൽ ആനിമേറ്റർ സിസ്റ്റേഴ്സിന്റെ സ്തുത്യർഹമായ സേവനങ്ങളെ അനുമോദിക്കുകയും സമ്മാനമായി ക്യാഷ് ബാഗ് നൽകുകയും ചെയ്തു. ഉച്ചഭക്ഷണത്തോടെ സംഗമം അവസാനിച്ചു.

## 3. ജ്വാല - വായാട്ടുപറമ്പ

വായാട്ടുപറമ്പ് മേഖലയുടെ ജ്വാല പ്രോഗ്രാം 2017 മാർച്ച് 18-ാം തീയതി രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. ഈശ്വര പ്രാർത്ഥന യോടെ ആരംഭിച്ച പരിപാടി വെള്ളാട് ഇടവക വികാരി ഫാ. മൈക്കിൾ വട ക്കേടം ഉദ്ഘാടനം ചെയ്തു. മേഖലാ ആനിമേറ്റർ സി. ലിസ്ന മാത്യു എസ്. എച്ച് സ്വാഗതം ചെയ്ത ചടങ്ങിന് മേഖല പ്രസിഡന്റ് ശ്രീമതി ലീലാമ്മ സെബാസ്റ്റ്യൻ പുത്തൻപുര അദ്ധ്യക്ഷത വഹിക്കുകയും മേഖല ഡയറക്ർ ഫാ. ജിയോ പുളിയ്ക്കൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതു ശ്ശേരി, ഫാ. കുര്യാക്കോസ് പുതുകുളങ്ങര, ബ്രദർ എഡ്വിൻ കോയിപ്പുറം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. അതിരൂപതാ ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ്. ക്ലാസ്സ് നയിച്ചു. മേഖലാ സെക്രട്ടറി ശ്രീമതി തങ്കമ്മ കാഞ്ഞിരവിള റിപ്പോർട്ട് അവതരിപ്പിക്കുകയും ട്രഷറർ ശ്രീമതി മേരി കുരുവിനാപകുതിയിൽ നന്ദിയർപ്പിക്കുകയും ചെയ്തു. മാതൃവേദി ആന്ത ത്തോടെ ജ്വാല പ്രോഗ്രാം അവസാനിച്ചു. ഉച്ചഭക്ഷണശേഷം എല്ലാവരും ഭവനങ്ങളിലേക്ക് മടങ്ങി. ജ്വാല പ്രോഗ്രാം വിജയകരമാക്കാൻ സഹായിച്ച എല്ലാവർക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അനുമോദന ങ്ങളും പ്രാർത്ഥനയും നേരുന്നു.

## 4. അനുകരണീയ മാതൃക

### a) കുന്നോത്ത് മേഖല

പേരട്ട :- കുന്നോത്ത് മേഖലയിലെ പേരട്ട ഇടവകയിൽ മാർച്ച് 5-ാം തീയ്യതി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ വാർഡ് അടിസ്ഥാനത്തിൽ മീറ്റിംഗ് നടത്തി. കുടുംബത്തിൽ അമ്മമാരുടെ പങ്ക് എന്ന വിഷയത്തെക്കു റിച്ച് ക്ലാസ്സെടുക്കുകയും തുടർന്ന് ആരാധനയും പ്രാർത്ഥനാ സമ്മേളനവും നടത്തുകയും ലീഡേഴ്സിനെ തിരഞ്ഞെടുക്കുകയും ചെയ്തു. 40 സിസ്റ്റേഴ്സ് 20 ടീമായി വാർഡുകൾ സന്ദർശിച്ചു. തുടർന്ന് പരിശീലനത്തിന്റെ ഭാഗമായി മാർച്ച് 11, ഏപ്രിൽ 11, തീയതികളിൽ 20 വാർഡിലെയും ലീഡേഴ്സിനെ ഇട വകാ തലത്തിൽ ഒരുമിച്ചുകൂട്ടി വിശ്വാസവളർച്ച, കപ്പാസിറ്റി ബിൽഡിംഗ് എന്നീ വിഷയങ്ങളെക്കുറിച്ച് മേഖല ആനിമേറ്റർ സി. ഫിൽസി എസ്.എ. ബി.എസ്. ക്ലാസ്സ് നയിച്ചു. പരിപാടികൾക്ക് നേതൃത്വം നൽകിയ ഫാ. മാത്യു പരവരാകത്തിനും സിസ്റ്റേഴ്സിനും ക്ലാസ്സിൽ പങ്കെടുത്തവർക്കും അതിരൂ പതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അനുമോദനങ്ങൾ.

പെരിങ്കിരി :- പെരിങ്കിരി ഇടവകയിൽ കുടുംബം വിശ്വാസപരിശീലന കളരി എന്നീ വിഷയത്തെക്കുറിച്ച് മേഖല ആനിമേറ്റർ സി. ഫിൽസി ക്ലാസ്സെടുക്കുകയും വികാരി ഫാ. മാത്യു തെക്കേകുളം സന്ദേശം നൽകുകയും ചെയ്തു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിനന്ദനങ്ങൾ.

**b) നവോമി സംഗമം:** ആനപന്തി, കിളിയന്തറ ഇടവകകളിൽ ഫെബ്രുവരി 24, മാർച്ച് 25 എന്നീ തീയതികളിൽ വിധവാ കൂട്ടായ്മ നടത്തി. ആനപന്തി യൂണിറ്റിൽ നിന്നും 28 ഉം കിളിയന്തറ ഇടവകയിൽനിന്നും 48 ഉം വിധവകൾ പരിപാടിയിൽ പങ്കെടുത്തു. എല്ലാവർക്കും സമ്മാനങ്ങൾ നൽകി അനുമോദിച്ചു. ഉച്ചഭക്ഷണത്തോടെ സംഗമം സമാപിച്ചു. നേതൃത്വം നൽകിയ ബഹു. വൈദികർക്കും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും അനുമോദനങ്ങൾ.

**c) തോമാപുരം മേഖല:** തോമാപുരം മാതൃവേദി യൂണിറ്റ് അംഗങ്ങൾ 2017 പ്രവർത്തന വർഷത്തിൽ പുതിയ കാൽവയ്പോടെ മുന്നേറുന്നു. മാസം തോറും നടത്തപ്പെടുന്ന മീറ്റിംഗുകളിൽ ക്ലാസ്സെടുക്കാൻ അമ്മമാരെ തന്നെ നിയോഗിച്ച് ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാനുള്ള വേദി ഒരുക്കുന്നു. മെയ് മാസം മുതലാണ് ഇത് പ്രാവർത്തികമാക്കുന്നത്. വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ അമ്മമാരുടെ കഴിവുകളെ വളർത്തുന്ന സംരഭത്തിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആശംസകൾ നേരുന്നു.

**5. മത്സ്യ വർദ്ധിനി :** 2017 പ്രവർത്തന വർഷത്തിൽ മത്സ്യ കൃഷി പ്രോത്സാഹനാർത്ഥം മത്സ്യവർദ്ധിനി എന്ന പേരിൽ ഒരു നൂതന കർമ്മപദ്ധതി മാതൃവേദി അംഗങ്ങൾക്കായി നടത്തപ്പെടുന്നു. സ്വന്തം ഭവനത്തിനാവശ്യമായ മത്സ്യങ്ങൾ സ്വയം കൃഷി ചെയ്തു ഉത്പാദിപ്പിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇതിനെക്കുറിച്ച് കൂടുതൽ അറിവ് പകരുന്നതിനായി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖലാതലത്തിൽ ബോധവൽക്കരണ സെമിനാർ ആരംഭിച്ചു കഴിഞ്ഞു. അമ്മമാർ ഈ മത്സരപദ്ധതിയിൽ താൽപര്യപൂർവ്വം പങ്കുകൊള്ളണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## 3. ജീവോത്സവം 2017

തലശ്ശേരി, സന്ദേശഭവനിൽവച്ച് 2017 ഏപ്രിൽ 8 ശനിയാഴ്ച തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും മാതൃവേദിയുടെയും പ്രോലൈഫിന്റെയും സംയുക്താഭിമുഖ്യത്തിൽ ജീവോത്സവം 2017 എന്ന പേരിൽ വലിയ കുടുംബങ്ങളെ ആദരിക്കുന്ന പരിപാടി നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി പ്രസ്തുത യോഗത്തിൽ ഏവരേയും സ്വാഗതം ചെയ്യുകയും, തലശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം ജീവോത്സവം പരിപാടി ഉദ്ഘാടനം ചെയ്യുകയും ദൈവം സ്നേഹമാണ്, ദൈവത്തിന്റെ സ്നേഹം നമ്മൾ അനുഭവിക്കുന്നത് കുഞ്ഞുങ്ങളിലാണ് എന്നും കുടുംബം ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്നതിനുള്ള വേദിയാണ് എന്നും ഉൽഘാടന സന്ദേശത്തിൽ പറഞ്ഞു. തുടർന്ന് അഭിവന്ദ്യ പിതാവ് വലിയ കുടുംബങ്ങളെ അനുമോദിക്കുകയും സ്നേഹോപഹാരം നൽകി ആദരിക്കുകയും ചെയ്തു. സീറോ

മലബാർ മാതൃവേദി അതിരൂപതാ പ്രസിഡന്റ് റെജി പോത്തനാമൂഴി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ, സന്ദേശഭവൻ മതബോധന ഡയറക്ടർ ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, കെ.സി.ബി.സി പ്രോലൈഫ് സമിതി സെക്രട്ടറി സെലസ്റ്റിൻ ജോൺ വടക്കേൽ, പ്രോലൈഫ് പാസ്റ്ററൽ കൗൺസിൽ അംഗം ശ്രീ. സണ്ണി കാരിയാടിയിൽ, മാതൃവേദി ദേശീയ സെനറ്റ് അംഗം ശ്രീമതി ലൈസാ സോജൻ, ബ്ര. എഡ്വിൻ കോയിപ്പുറം എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ബ്ര. ഏയ്ഷൽ ആനക്കല്ലിൽ സംഗീതം ആലപിക്കുകയും ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ് നന്ദിയർപ്പിക്കുകയും ചെയ്തു. ചടങ്ങിൽ 40 വലിയ കുടുംബങ്ങളും പ്രോലൈഫ് സമിതി, മാതൃവേദി അംഗങ്ങളും ഉൾപ്പെടെ മുന്നൂറോളം പേർ പങ്കുചേർന്നു.

**4. ഹോം മിഷൻ :** തലശ്ശേരി അതിരൂപതയിലെ മുണ്ടാനൂർ സെന്റ് അൽഫോൻസ ഇടവകയിൽ മാർച്ച് 12-ാം തീയതി മുതൽ 19-ാം തീയതി വരെ പ്രസന്റേഷൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. 187 കുടുംബങ്ങളുള്ള ഇടവകയിൽ 7 ടീമായി സിസ്റ്റേഴ്സ് ഭവന സന്ദർശനം നടത്തുകയുണ്ടായി. വാർഡുകൾ തിരിച്ച് ഭവനങ്ങളിൽ പ്രാർത്ഥിച്ച് നടത്തിയ സന്ദർശനം വളരെ പ്രയോജനപ്രദമായിരുന്നു. ഹോം മിഷനെ തുടർന്ന് ഒ.സി.ഡി അച്ചന്മാരുടെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടന്നു. ഇടവക ജനത്തിന് ആത്മീയ അനുഗ്രഹത്തിന്റെ നാളുകളായിരുന്നു. ബഹു. വികാരിയച്ചനും ഇടവകാംഗങ്ങൾക്കും ഹോം മിഷൻ നടത്തിയ സിസ്റ്റേഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിനന്ദനങ്ങൾ.

## 5. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ് സൈറ്റ്

ഫാമിലി അപ്പൊസ്റ്റൊലേറ്റ് www.familytly.com എന്ന പേരിൽ പുതിയ വെബ് സൈറ്റ് ആരംഭിച്ചു. ഇനി മുതൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളും സേവനങ്ങളും ഓൺലൈൻ വഴി ലഭ്യമാകും. പ്രത്യേകിച്ച് എം.ജി.സി. വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാൻ സാധ്യമാകും.

## 6. നന്ദിയോടെ...

കഴിഞ്ഞ 5 വർഷങ്ങളായി അതിരൂപതാകുടുംബപ്രേഷിതരംഗത്ത് പ്രവർത്തിക്കാൻ ദൈവം എന്നെ അനുഗ്രഹിച്ചു. പ്രോത്സാഹിപ്പിച്ച അഭിവന്ദ്യ പിതാക്കന്മാർ, അച്ചന്മാർ, സിസ്റ്റേഴ്സ്, അൽമായ സഹോദരങ്ങൾ എല്ലാവരെയും സ്നേഹത്തോടെ ഓർക്കുന്നു. പ്രവർത്തരംഗങ്ങളിൽ എന്നോടു ചേർന്ന് അധ്വാനിച്ച, ഓഫീസിലെ ബഹു. സിസ്റ്റേഴ്സ്, ബ്രദേഴ്സ്, ഓഫീസ് സ്റ്റാഫ്, ടീം അംഗങ്ങൾ എല്ലാവർക്കും നന്ദി. കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ കൂട്ടുവേലക്കാരായി വീണ്ടും കണ്ടുമുട്ടാം...

സ്നേഹപൂർവ്വം,

**ഫാ. അബ്രാഹം പുതുശ്ശേരി**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## സമഗ്രഗുണമേന്മ വിദ്യാലയ വികസന പദ്ധതി രൂപീകരണം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുവേണ്ടി വിദ്യാലയ വികസന രേഖ തയ്യാറാക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. വികസന രേഖയുടെ രൂപഭാവങ്ങൾ എങ്ങനെയായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ അധ്യയന വർഷത്തെ വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തി വാർഷിക റിപ്പോർട്ട് സ്കൂളുകളിൽനിന്ന് തന്നിരുന്നു. വാർഷിക റിപ്പോർട്ട് തയ്യാറാക്കിയതിലും ജാഗ്രതയോടും താല്പര്യത്തോടും കൂടെ ഭാവിയിലേക്കുള്ള വികസന രേഖ തയ്യാറാക്കണം. വാർഷിക വിലയിരുത്തൽ റിപ്പോർട്ട് വായിച്ചപ്പോൾ കൃത്യതയോടെയുള്ള ഒരു വികസന രേഖയുടെ ആവശ്യം ബോധ്യപ്പെട്ടു. വ്യക്തവും കൃത്യവുമായ ആസൂത്രണത്തിന്റെ അഭാവമാണ് പലപ്പോഴും വിദ്യാലയങ്ങളുടെ വികസനത്തിന് തടസമായി നിൽക്കുന്നത്. വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ടതുകൊണ്ട് ഓഫീസുകളിൽ സമർപ്പിക്കുന്നതിനുവേണ്ടി ഒരു രേഖ തയ്യാറാക്കലല്ല ആവശ്യം. നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമായി വളർത്തിയെടുക്കണമെന്ന വലിയ താല്പര്യത്തോടെ വേണം ഈ രേഖ തയ്യാറാക്കേണ്ടത്.

സ്കൂളിന്റെ അഭ്യുദയകാംക്ഷികളെയും സ്റ്റാഫ് അംഗങ്ങളെയും പി.ടി.എ. പ്രതിനിധികളെയും സമന്വയിപ്പിച്ചുള്ള ശിൽപ്പശാലകളിലൂടെയായിരിക്കണം വിദ്യാലയ വികസന രേഖ തയ്യാറാക്കേണ്ടത്.

സർക്കാർ നിർദ്ദേശിച്ച വിദ്യാലയ വികസനരേഖ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വളരെ സുപ്രധാനമായ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ. നമ്മുടെ വിദ്യാലയങ്ങൾ ന്യൂനപക്ഷ എയ്ഡഡ് വിദ്യാലയങ്ങളാണ്. ഭരണഘടന പ്രകാരം വിദ്യാലയത്തിന്റെ ഭരണനിർവ്വഹണത്തിൽ മാനേജ്മെന്റിനു കൃത്യമായ അവകാശവും ഉത്തരവാദിത്വവുമുണ്ട്. അതിനാൽ വിദ്യാലയങ്ങളിൽ വികസനരേഖ തയ്യാറാക്കുമ്പോഴും നടപ്പിലാക്കുമ്പോഴും ബഹു.ലോക്കൽ മാനേജർ അച്ചന്മാരുടെ അംഗീകാരവും, അനുവാദവും, പങ്കാളിത്തവും ഉറപ്പുവരുത്തണമെന്ന് എല്ലാ പ്രധാനദ്ധ്യാപകരെയും ഓർമ്മിപ്പിക്കുന്നു. പൊതുവിദ്യാലയങ്ങളെ ഹൈടെക് ആക്കുന്നതിന് തീരുമാനിച്ചപ്പോൾ സർക്കാർ എയ്ഡഡ് എന്ന വിഭജനം ഉണ്ടായിട്ടില്ല എന്നതും സ്വാഗതാർഹമാണ്. എന്നാൽ പൊതുവിദ്യാഭ്യാസ സംരക്ഷണ മാർഗരേഖയിൽ എയ്ഡഡ് മാനേജ്മെന്റുകളുടെ അവകാശങ്ങളെക്കുറിച്ചോ ഉത്തരവാദിത്വത്തെക്കുറിച്ചോ പങ്കാളിത്തത്തെക്കുറിച്ചോ വ്യക്തതയില്ല.

പൊതുവിദ്യാഭ്യാസ സംരക്ഷണ മാർഗരേഖയിൽ വിദ്യാലയ വികസന പദ്ധതിയിൽ പരിഗണിക്കാവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായി സൂചി

പ്പിച്ചിട്ടുണ്ട്. അത് ചർച്ച ചെയ്ത് നമ്മുടെ ഓരോ വിദ്യാലയത്തെയും മികവുള്ളതാക്കാൻ രേഖ തയ്യാറാക്കുകയും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യണം. വികസന രേഖ തയ്യാറാക്കി ഒരു കോപ്പി എനിക്ക് അയച്ചു തരണം. ഈ രേഖയോടൊപ്പം അടുത്ത വർഷത്തെ ചുമതലകൾ അധ്യാപകർ ഏപ്രിൽ ആദ്യം തന്നെ ഏറ്റെടുത്ത് പരിശീലന പരിപാടികൾ ആരംഭിക്കണം. ഗുണമേന്മയുള്ള വിദ്യാലയങ്ങൾക്കു മാത്രമേ നിലനിൽപ്പുള്ളൂ. നമ്മുടെ സ്കൂളുകളുടെയും അദ്ധ്യാപകരുടെയും നിലനിൽപ്പും വളർച്ചയും ലക്ഷ്യമിട്ടുകൊണ്ട് സംഘാതമായ പരിശ്രമങ്ങൾ ഉടനെ സജീവമായി ആരംഭിക്കണം.

## വിദ്യാലയ വികസനരേഖ തയ്യാറാക്കുമ്പോൾ...

വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ട കാര്യത്തെക്കുറിച്ച് സർക്കുലറിലൂടെ അറിയിച്ചിരുന്നു. വിദ്യാലയ വികസന രേഖ തയ്യാറാക്കാൻ ശില്പശാലയ്ക്കായി ഒരുമിച്ച് കൂടുമ്പോൾ മാർഗരേഖയിലെ നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്യണം. സമഗ്രഗുണമേന്മ വിദ്യാലയ വികസന പദ്ധതിയിൽ പരിഗണിക്കാവുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അതിൽ വിശദീകരിച്ചിട്ടുണ്ട്.

വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് നടപ്പിലാക്കേണ്ട തീരുമാനങ്ങളെടുക്കണം. ഉദാഹരണത്തിന് വിദ്യാർത്ഥികളുടെ ഭാഷാശേഷി വികസനത്തിന്റെ ചുമതലയുള്ളവർ, ഭാഷാനൈപുണ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അടുത്ത അധ്യയന വർഷം നടപ്പിലാക്കുന്ന പരിപാടികൾ, ചുമതലകൾ ആർക്കൊക്കെ, കുട്ടികളുടെ പങ്കാളിത്തം തുടങ്ങി ആസൂത്രണം ചെയ്യുന്ന പ്രോഗ്രാമിന്റെ വിശദാംശങ്ങൾ കൃത്യതയോടെ ഈ അവധിക്കാലത്ത് തന്നെ അധ്യാപകർ തയ്യാറാക്കണം. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന പ്രോഗ്രാമുകൾ വിദ്യാർത്ഥികളുടെ മികവും വിദ്യാലയമികവും ലക്ഷ്യമാക്കി നടപ്പിലാക്കണം. അക്കാദമിക് വർഷാരംഭം മുതൽ നടപ്പിലാക്കുന്ന ഓരോ പ്രോഗ്രാമിന്റെയും റിപ്പോർട്ട് പ്രോഗ്രാം പൂർത്തിയാകുമ്പോൾ തയ്യാറാക്കി വയ്ക്കണം. സ്മാർട്ട്ഫോൺ/ഡിജിറ്റൽ ക്യാമറ എന്നിവയുടെ സഹായത്തോടെ റിക്കോഡു ചെയ്തുവെച്ചാൽ സ്കൂൾ വാർഷികാവസരത്തിലും, പഞ്ചായത്തും, വിദ്യാഭ്യാസ ഡിപ്പാർട്ടുമന്റും മികവ് ഉത്സവം പോലെ സംഘടിപ്പിക്കുന്ന പരിപാടികളിലും വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമായി അവതരിപ്പിക്കാൻ കഴിയും. അധ്യയനവർഷത്തിനിടയ്ക്ക് ക്ലാസ് സമയങ്ങൾ നഷ്ടമാകാതിരിക്കാൻ മുന്നൊരുക്കത്തിലൂടെ സാധിക്കും. ചില സ്കൂളുകളിൽ പ്രോഗ്രാം പ്ലാനിംഗ്, കുട്ടികൾക്കുള്ള ചില പരിശീലനങ്ങൾ, ഓഫീസ് രേഖകൾ തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങൾ ക്ലാസ് സമയങ്ങളിലാണ് നടത്തുന്നത്. യാതൊരു കാരണവശാലും അധ്യയന ദിവസങ്ങളിൽ ക്ലാസ് സമയം ഇത്തരം കാര്യങ്ങൾക്ക് വിനിയോഗിക്കരുത്. അധ്യാപകരുടെ സാന്നിദ്ധ്യം ക്ലാസിൽ ഉണ്ടാകണം. വിദ്യാലയ അച്ചടക്കം നിലനിർത്തുന്നതിനും അക്കാദമിക് മികവ് വർദ്ധിപ്പിക്കുന്നതിനും ഇത് ആവശ്യമാണ്.

വിദ്യാലയപ്രവർത്തനങ്ങൾ തങ്ങളുടെ ഉത്തരവാദിത്വമാണെന്ന ബോധ്യത്തോടെ ഏത് ചുമതലകൾ ഏൽപ്പിച്ചാലും ഏറ്റെടുത്ത് നടത്തുന്ന കുറേ അധ്യാപകർ ഉണ്ട്. അവരാണ് യഥാർത്ഥത്തിൽ ഒരു വിദ്യാലയത്തിന്റെ ഊർജവും ശക്തിയും. അവരുടെ കഠിനാദ്ധ്വാനത്തെ ആദരിക്കുന്നു. സന്മനസ്സിന് നന്ദി പറയുന്നു. ചിലർ നിർബന്ധത്തിന്റെ പേരിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നുണ്ട്. യാതൊരു പ്രവർത്തനങ്ങളും നടത്തുന്നുമില്ല. അതുകൊണ്ട് വാർഷിക റിപ്പോർട്ടിൽ ചില സംഘടനകളുടെയും ക്ലബുകളുടെയും പേരും ചുമതലയുള്ളവരുടെ പേരും മാത്രമേ ഉള്ളൂ. ചില അധ്യാപകർ എല്ലാ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്ന പ്രവണത കാണിക്കുന്നുണ്ട്. പ്രധാന അധ്യാപകർ ഏൽപ്പിക്കുന്ന ചുമതലകൾ ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം എല്ലാ അധ്യാപക അനധ്യാപകർക്കും ഉണ്ടെന്ന കാര്യം ഓർമ്മിക്കണം. അടുത്ത അധ്യയനവർഷത്തേക്കുള്ള വിവിധ ചുമതലകൾ നിശ്ചയിച്ച് രേഖ തയ്യാറാക്കി കോപ്പി ഏപ്രിൽ മാസം 30–ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയ്ക്കണം.

വിദ്യാലയ വികസന രേഖ സ്കൂൾ മുഴുവനും വേണ്ടി തയ്യാറാക്കുന്നതുപോലെ വിവിധ ചുമതലയുള്ളവർ തങ്ങളുടെ വാർഷിക പദ്ധതിയും ഏപ്രിൽ മാസത്തിൽ തയ്യാറാക്കണം. വിദ്യാലയ സന്ദർശന അവസരത്തിൽ ഇപ്രകാരം തയ്യാറാക്കിയ കാര്യങ്ങൾ ചർച്ച ചെയ്യാൻ താൽപര്യമുണ്ട്. അധ്യാപകരുടെ താൽപര്യക്കുറവോ അശ്രദ്ധയോകൊണ്ട് വിദ്യാർത്ഥികൾക്ക് വളരാൻ ലഭിക്കുന്ന അവസരങ്ങൾ നഷ്ടമാകരുത്. നൂതനമായ പദ്ധതികളിലൂടെ നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ സഹകരിക്കണം.

## കമ്പ്യൂട്ടർ പരിജ്ഞാനം

പൊതുവിദ്യാഭ്യാസ ഡയറക്ടർ വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ അധ്യാപകരെ പിരിച്ചുവിടണമെന്ന് സർക്കുലർ നമ്പർ എൻ.ഇ.പി (3)/48728/ ഡിപിഐ തീയതി 11/09/2016 എന്ന സർക്കുലറിലൂടെ സൂചിപ്പിച്ചിട്ടുണ്ട്. ഐ.ടി. സ്കൂൾ പദ്ധതി ആരംഭിച്ച കാലത്ത് ഹൈസ്കൂൾ ക്ലാസുകളിൽ ഐടി പഠിപ്പിക്കുന്നതിന് നിലവിലുള്ള അധ്യാപകരെ സഹായിക്കാൻ ഇൻസ്ട്രക്റ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നു. രക്ഷാകർതൃ സമിതിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഇവർക്ക് പല സ്ഥലങ്ങളിലും ദിവസവേതനം നൽകിയിരുന്നത്. എയിഡഡ് സ്കൂളുകളിൽ കമ്പ്യൂട്ടർ അധ്യാപകർ മുകളിൽ സൂചിപ്പിച്ച പ്രകാരം തുടരുന്നുണ്ടെങ്കിൽ പ്രധാന അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

സ്കൂളിൽ നിയമിക്കപ്പെട്ട അധ്യാപകർ തന്നെയാണ് ഐടി ക്ലാസുകൾ പൂർണ്ണമായി പഠിപ്പിക്കേണ്ടത്. എന്നാൽ പലരും ഇത് തങ്ങളുടെ ചുമതലയല്ല എന്നാണ് ചിന്തിക്കുന്നത്. നിലവിലുള്ള അധ്യാപകരെ സഹായി

ക്കുക മാത്രമാണ് താൽക്കാലിക കമ്പ്യൂട്ടർ ഇൻസ്ട്രക്റ്റർമാരുടെ ചുമതല. എന്നാൽ ചില സ്കൂളുകളിൽ ഇവരെ പൂർണ്ണമായി ചുമതല ഏൽപ്പിച്ച് പഠിപ്പിക്കേണ്ട അധ്യാപകർ ഉത്തരവാദിത്വത്തിൽനിന്ന് മാറി നിൽക്കുന്നു. ഇനിയും കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്ത അധ്യാപകർ നമ്മുടെ സ്കൂളുകളിൽ ഉണ്ട് എന്നത് ലജ്ജാകരമാണ്. എല്ലാ വർഷവും കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ ആവശ്യകതയെക്കുറിച്ച് നിരന്തരം ഞാൻ ഓർമ്മിപ്പിക്കാറുണ്ട്. എന്നാൽ പലരും പരിശീലനം നേടിയിട്ടില്ല എന്നത് ഖേദകരമാണ്. ഡിപ്പാർട്ടുമെന്റ് നൽകുന്ന പരിശീലനങ്ങൾ പരിമിതവും അപര്യാപ്തവുമാണ്. വ്യക്തിപരമായ താൽപര്യവും ശ്രദ്ധയുമുണ്ടെങ്കിൽ മാത്രമേ  കമ്പ്യൂട്ടർ പരിജ്ഞാനം നേടിയെടുക്കാൻ  കഴിയൂ.

അടുത്ത അധ്യയനവർഷം മുതൽ രക്ഷാകർതൃസമിതി ഫണ്ടിൽ നിന്ന് കമ്പ്യൂട്ടർ അധ്യാപകർക്കുവേണ്ടി പണം വിനിയോഗിക്കരുത്. ഇനിയും ഏതെങ്കിലും അധ്യാപകർക്ക് കമ്പ്യൂട്ടർ ഇൻസ്ട്രക്റ്റർമാരുടെ സഹായം ആവശ്യമുണ്ടെങ്കിൽ അവർക്കുള്ള സാമ്പത്തികം അതത് അധ്യാപകർ നൽകേണ്ടതാണ്. സ്കൂളിന്റെ പൊതുഫണ്ടിൽ നിന്നോ കുട്ടികളിൽ നിന്നോ ധനവിനിയോഗം അനുവദനീയമല്ല.

നിലവിൽ സ്കൂളുകളിൽ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ ഇൻസ്ട്രക്റ്റർമാരുടെ സേവനം സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി അവസാനിപ്പിക്കേണ്ടതാണ്. ഏതെങ്കിലും അധ്യാപകർക്ക് ഐടി ക്ലാസുകൾ കൈകാര്യം ചെയ്യാൻ ഇനിയും പരിജ്ഞാനമില്ലെങ്കിൽ ബഹുമാനപ്പെട്ട മാനേജരച്ചനുമായി ആലോചിച്ച് താൽക്കാലിക ക്രമീകരണങ്ങൾ നടത്താം. എന്നാൽ മുകളിൽ സൂചിപ്പിച്ചതുപോലെ സാമ്പത്തിക ഉത്തരവാദിത്വം പ്രസ്തുത അധ്യാപകർക്ക് മാത്രമായിരിക്കും. ഈ അവധിക്കാലത്ത് കമ്പ്യൂട്ടർ പരിശീലനത്തിൽ കൂടുതൽ ശ്രദ്ധയൂന്നണമെന്ന് ഓർമ്മിപ്പിക്കുന്നു. കമ്പ്യൂട്ടർ ലാബ് സൗകര്യമുള്ള സ്കൂളുകളിൽ അവധിക്കാലത്ത് പരിശീലന പദ്ധതികൾ നൽകുന്നത് ഉചിതമായിരിക്കും.

നമ്മുടെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെയും ഹൈടെക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി സർക്കാർ നിർദ്ദേശിക്കുന്ന (സർക്കുലർ നമ്പർ എൻ.ഇ.പി. (3) 72133/ഡിപിഐ തീയതി 18/03/2017) 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' കാര്യക്ഷമമായി സംഘടിപ്പിക്കണം. വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങളിൽ പരിശീലനം നൽകി വിദ്യാലയ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കണം. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും നവമാധ്യമങ്ങളിലൂടെ പൊതുസമൂഹത്തിലേക്കെത്തിക്കാൻ ഐടി വിദഗ്ധരായ വിദ്യാർത്ഥികളുടെ ഒരു ഗ്രൂപ്പ് നമ്മുടെ സ്കൂളുകളിൽ ഉണ്ടാകണം. വിദ്യാലയ പ്രവർത്തനങ്ങൾ, വിദ്യാലയ വിലയിരുത്തൽ റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിനും ഓരോ പ്രോഗ്രാമും കമ്പ്യൂട്ടർ സഹായത്തോടെ റിപ്പോർട്ട് ചെയ്യുന്നതിനും സ്കൂൾ ഐടി ഗ്രൂപ്പിന്റെ കഴിവും സഹായവും വിനിയോഗിക്കണം.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

**അങ്ങാടിക്കടവ് എച്ച്.എസ്.എസ്.**

1) നല്ലപാഠം പുരസ്ക്കാരത്തിന്റെ സമ്മാനത്തുക 35000 രൂപ ഉപയോഗിച്ച് സ്നേഹ വീട് നിർമ്മാണം.
2) ചികിത്സ സഹായം - 13,000/- ക്യാൻസർ രോഗിയായ മാളവിക എന്ന കുട്ടിക്ക്, സഹായം അഭ്യർത്ഥിച്ചവരിൽ അർഹരായ 9 പേർക്ക് 24,500 രൂപ., ജിൽസൺ ബി.ഡി. എന്ന കുട്ടിക്ക് 6750 രൂപ, ആദർശ് പി. എന്ന കുട്ടിക്ക് 10,000 രൂപ.

**അങ്ങാടിക്കടവ് യു.പി.**

1) ചികിത്സ സഹായം - കിഡ്നി പേഷ്യന്റായ ഷിംന എന്ന കുട്ടിക്ക് 8000 രൂപ നൽകി, കണ്ണ് ഓപ്പറേഷനുവേണ്ടി അലീന ഫ്രാൻസീസ് എന്ന കുട്ടിക്ക് 9000 രൂപ, മാളവിക എന്ന കുട്ടിക്ക് 8600 രൂപ.
2) എടൂർ മൈത്രി ഭവനിൽ 35000രൂപ. നൽകി

**വെള്ളരിക്കുണ്ട് ഹൈസ്കൂൾ**

1) 52 കുട്ടികൾക്ക് സൗജന്യ യൂണിഫോം.
2) 25 കുട്ടികൾക്ക് കുട വിതരണം
3) പാലിയേറ്റീവ് കെയറിന് 4160 രൂപ
4) ചികിത്സാ സഹായം - ഒരു ക്യാൻസർ രോഗിക്ക് 3065 രൂപ നൽകി.
5). പത്താം ക്ലാസിൽ പഠിക്കുന്ന വീട്ടിൽ വൈദ്യുതിയില്ലാത്ത 3 കുട്ടികൾക്ക് സൗരോർജ്ജ വിളക്കുകൾ നൽകി.
6) വൃദ്ധസദനിൽ ഒമ്പതിനായിരത്തോളം രൂപയുടെ അവശ്യ സാധനങ്ങൾ നൽകി.

**വെളിമാനം എച്ച്.എസ്.**

1) വിദ്യാഭ്യാസ ധനസഹായം - ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ നോബിൾ തോമസിന് 25,000 രൂപ നൽകി.
2) ചികിത്സ സഹായം - ക്യാൻസർ ബാധിതയായ അഖിൽ കെ.വി എന്ന കുട്ടിക്ക് 30,000 രൂപ നൽകി, ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ ജലീറ്റ സോജന്റെ അമ്മ ജോളി സോജന് 20,000 രൂപ., വാഹനാപകടത്തിൽ ചികിത്സയിൽ കഴിയുന്ന ബിബിൽസിന് 10,000 രൂപ, 9-ാം ക്ലാസ് വിദ്യാർത്ഥിയായ ശീതൾ മരിയയ്ക്ക് കൈയുടെ ഓപ്പറേഷനുമായി ബന്ധപ്പെട്ട് 10,000 രൂപ, ചെവിയുടെ ഓപ്പറേഷനുവേണ്ടി നീഷ്മ രാജന് 5000 രൂപയും നൽകി.
3) സ്കൂളിലെ നിർധനരായ വിദ്യാർത്ഥികൾക്ക് കുട, ബാഗ്, യൂണിഫോം, പാഠോപകരണങ്ങൾ എന്നിവ നൽകി. 25,000 രൂപ.

**മാട്ടറ യു.പി.**

1) 3 പാവപ്പെട്ട കുട്ടികൾക്ക് 6000 രൂപ നൽകി. അസുഖം ബാധിച്ച കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അർഹതപ്പെട്ടവർക്ക് സാമ്പത്തിക സഹായം

നൽകി. എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ബുക്കും, യൂണിഫോമും സൗജന്യമായി നൽകി.

**മഞ്ഞളാംപുറം യു.പി.**

1) മൂന്നരക്വിന്റൽ അരിയും 10,000 രൂപയും കോളയാട് ദൈവദാൻ ഭവനിൽ നൽകി.
2) പഠനസഹായം – നേഴ്സിംഗ് പഠനത്തിനായി ദിവ്യ എന്ന കുട്ടിക്ക് 20,000 രൂപ.
3) ചികിത്സസഹായം – സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന നാലുരക്ഷിതാക്കളുടെ ചികിത്സക്കായി 45,000 രൂപ, കിഡ്നി രോഗം ബാധിച്ച രജിത, അജിത, ഷിംന, മൊയ്തീൻ, എന്നിവർക്ക് 3500, 3000, 10000, 5000 രൂപ വീതം നൽകി, സോറിയാസിസ് ബാധിച്ച രതീഷ് എന്ന രക്ഷിതാവിന് 10,000 രൂപ നൽകി. അഭിനവ് സുനിലിന് 8500 രൂപ, ശ്യാം സുന്ദർ എന്ന കുട്ടിക്ക് 4000 രൂപ രണ്ട് ക്യാൻസർ രോഗിക്ക് 8500 രൂപയും, ജോയൽ ഷാജിയുടെ പിതാവിന് 5000 രൂപയും നൽകുകയുണ്ടായി.

**തോമാപുരം എച്ച്.എസ്.**

1). ചികിത്സ സഹായം – ദിവ്യ എന്ന കുട്ടിയുടെ അച്ഛന്റെ ചികിത്സക്കായി 10000 രൂപ, സുജിത് സുരേഷ് എന്ന കുട്ടിയുടെ ചികിത്സക്കായി 7000 രൂപ, ക്യാൻസർ ബാധിച്ച ശരണ്യ എന്ന പെൺകുട്ടിക്ക് 8500 രൂപയും നൽകുകയുണ്ടായി.

**കരിവേടകം യു.പി.**

1) ചികിത്സ സഹായം – സിജോ കരിവേടകം എന്ന ചികിത്സാനിധിയിലേക്ക് 13500 രൂപ നൽകി.
2) ആശ്രയ പാലിയേറ്റീവ് സെന്റർ ബന്തടുക്കയുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച ബോക്സിൽ 2250 രൂപ.

**തോമാപുരം എച്ച്.എസ്.എസ്.**

1) XII ക്ലാസ് വിദ്യാർത്ഥി വിസ്മയയുടെ അച്ഛന് ചികിത്സ സഹായം – 15000 രൂപ.

**കുടിയാന്മല യു.പി.**

1) ചികിത്സ സഹായം – വിഷ്ണു ഷാജി (പയ്യാവൂർ) – 7000 രൂപ, അഞ്ജു ഗംഗാധരൻ (മലപ്പട്ടം) 5000 രൂപ, ഈ സ്കൂളിലെ കുട്ടിയുടെ രക്ഷിതാവിന് – 15000 രൂപ.
2) നിർധനരായവർക്ക് ഓണത്തിന് ഓണക്കിറ്റ് – 5000 രൂപ
3) കുട്ടികൾക്ക് പഠനോപകരണങ്ങൾ – 2500 രൂപ
4) യൂണിഫോം –1000 രൂപ.

**വെളിമാനം എച്ച്.എസ്.എസ്.**

1) തൊണ്ടിയിൽ മരിയഭവൻ, വിളമന സ്നേഹസദൻ, തന്തോട് ചക്കരക്കുട്ടൻ എന്നീ സ്ഥാപനങ്ങളിൽ 50000 രൂപയുടെ സഹായധനങ്ങൾ നൽകി.
2) അഖിൽ ചികിത്സ സഹായ ഫണ്ടിലേക്ക് 20000 രൂപ.

**പൈസക്കരി യു.പി.**

1) ചികിത്സസഹായം – പയ്യാവൂർ ജി.യു.പി. സ്കൂളിലെ തലച്ചോർ രോഗ ബാധിതനായ ഒരു വിദ്യാർത്ഥിക്ക് 8000 രൂപ, മലപ്പട്ടം ജി.എച്ച്.എസിലെ അഞ്ജു ഗംഗാധരൻ എന്ന വിദ്യാർത്ഥിക്ക് മജ്ജ മാറ്റിവെക്കൽ ശസ്ത്ര ക്രിയയ്ക്ക് 12000 രൂപ, ഈ സ്കൂളിലെ രണ്ട് വിദ്യാർത്ഥികൾക്കായി 5000, 2000 രൂപയും നൽകി.
2) സഹായം അർഹിക്കുന്ന 13 വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണവും നടത്തി.

**കോഴിച്ചാൽ എൽ.പി.**

1) നിർദ്ദനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി – 7750 രൂപ
2) വിവിധ രോഗികൾക്ക് ചികിത്സ സഹായമായി – 3300 രൂപ

**കിളിയന്തറ എച്ച്.എസ്.**

1) ചികിത്സസഹായം – വട്ടിയറ സ്കൂളിലെ ക്യാൻസർ ബാധിച്ച മാളവിക എന്ന കുട്ടിയ്ക്ക് – 15,000/– ചരൾ ഇടവകയുടെ ശുപാർശപ്രകാരം കിഡ്നി രോഗിയ്ക്കുള്ള സാഹയം – 10000/–.
2) നിർധന വിദ്യാർത്ഥികൾക്കുള്ള പഠന സഹായം – 25750/–.

**പാലാവയൽ എൽ.പി.**

1) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന നാലാം ക്ലാസിലെ മഹേഷ് ചന്ദ്രൻ എന്ന കുട്ടിക്ക് 2000 രൂപ നൽകി.
2) വാഹനാപകടത്തിൽ പരിക്കേറ്റ അഞ്ജലി മഹേഷ് എന്ന കുട്ടിക്ക് – 20000 രൂപ.
3) വലതുകൈയുടെ തള്ളവിരൽ അറ്റുപോയ ദേവിക എ.കെ എന്ന കുട്ടിക്ക് 20000 രൂപ.
4) പരപ്പ സ്കൂളിലെ അഞ്ചാംക്ലാസ് വിദ്യാർത്ഥി സൗരവിന്റെ ചികിത്സയ്ക്ക് – 2500 രൂപ
5) ഈ സ്കൂളിലെ അഞ്ജലി മഹേഷ് എന്ന വിദ്യാർത്ഥിക്ക് വീട് വെക്കുന്ന തിനായി 12000 രൂപ.

**ഉറുദു, അറബിക്, സംസ്കൃതം തസ്തികകളിലേക്ക് സെലക്ഷൻ**

ഉറുദു, അറബിക്, സംസ്കൃതം തസ്തികകളിലേക്ക് അപേക്ഷ കൊടുത്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ സെലക്ഷൻ മെയ് 8 തിങ്കളാഴ്ച രാവിലെ 9.30ന് സന്ദേശഭവനിൽവെച്ച് നടത്തുന്നു. അപേക്ഷ കൊടുത്തവർ അന്നേ ദിവസം സെലക്ഷന് എത്തിച്ചേരണം. അപേക്ഷ കൊടുക്കാത്ത വരായി ആരെങ്കിലുമുണ്ടെങ്കിൽ മെയ് 5ന് മുമ്പായി അപേക്ഷ സമർപ്പിക്കേ ണ്ടതാണ്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# കരിസ്മാറ്റിക് നവീകരണരംഗം

## നോർത്ത് മലബാർ സബ്-റീജിയണൽ മീറ്റ്-സുവർണ്ണ ജൂബിലി സംഗമം

കണ്ണൂർ, കാസർഗോഡ്, തലശ്ശേരി, എന്നീ സോണുകളുടെ സർവ്വീസ് ടീം മെമ്പർമാരുടെയും സബ്-സോൺ കോ-ഓർഡിനേറ്റേഴ്സിന്റെയും സംയുക്ത സമ്മേളനം തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽവച്ച് നടത്തപ്പെട്ടു. ഓഗസ്റ്റ് 12 മുതൽ 15 വരെ ഇരിങ്ങാലക്കുട ആളൂർ യൂത്ത് സെന്ററിൽ പതിനായിരങ്ങൾ പങ്കെടുക്കുന്ന ആഗോള കത്തോലിക്ക കരിസ്മാറ്റിക് സുവർണ്ണ ജൂബിലി സംഗമത്തിന്റെ ആദ്യരജിസ്ട്രേഷൻ കെ.സി.സി.ആർ.എസ്.റ്റി. ചെയർമാൻ റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ, അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ സബ് റീജിയൻ ആനിമേറ്ററായ ഫാ. ജോസഫ് മഞ്ചപ്പള്ളിക്ക് നല്കി ഉദ്ഘാടനം നിർവ്വഹിച്ചു.

കരിസ്മാറ്റിക് നവീകരണമുന്നേറ്റം ജൂബിലിയുടെ നിറവിൽ നിൽക്കുമ്പോൾ സമസ്ത മേഖലയിലും ഉണർവും തീക്ഷ്ണതയും വിശ്വാസ വളർച്ചയും കൈവരിക്കാൻ നമുക്ക് കഴിയണം. എല്ലാ നവീകരണ പ്രവർത്തനങ്ങളുടെയും ചാലകശക്തി മധ്യസ്ഥപ്രാർത്ഥനയാണെന്നും ഇടവകപ്രാർത്ഥന കൂട്ടായ്മ ഒരു അനിവാര്യ ഘടകമാണെന്നും ചെയർമാൻ ഉദ്ബോധിപ്പിച്ചു. ജൂബിലിയുടെ ദിനത്തിൽ ഫാത്തിമ മാതാവിന്റെ പ്രത്യക്ഷീകരണ ശതാബ്ദി തിരുസ്വരൂപപ്രയാണവും ഉദ്ഘാടനം ചെയ്യപ്പെടുന്നു. മൂന്ന് സോണുകളിൽ നിന്നുമായി വൈദികർ, സിസ്റ്റേഴ്സ്, അത്മായർ തുടങ്ങിയ ആയിരങ്ങളെ പങ്കെടുപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

സമ്മേളനത്തിൽ ജോർജ് കുമ്പിളുമൂട്ടിൽ, എൻ.എസ്.റ്റി. മെമ്പർ സന്തോഷ് തലച്ചിറ, ഫ്രാൻസിസ് പുല്ലൻ എന്നിവർ ജൂബിലിയുടെ വിവിധ പ്രവർത്തനങ്ങളെകുറിച്ച് വിശദീകരിച്ചു. ഫാ. ജോസഫ് മഞ്ചപ്പള്ളി സ്വാഗതവും സബ് റീജിയൻ കൺവീനർ ജോസ് ഓരത്തേൽ നന്ദിയും അറിയിച്ചു. സെക്രട്ടറി ബിജു മണ്ണനാൽ, ഷിബു ചെമ്മറപ്പള്ളി, തങ്കച്ചൻ കൂടക്കാട്ട്, ബിനോയി പുതിയമംഗലത്ത്, സണ്ണി കാക്കനാട്ട് എന്നിവർ യോഗത്തിന് നേതൃത്വം നല്കി.

## ഫാ. ടോം ഉഴുന്നാലിൽ - സഹനശക്തിക്കായി - കുരിശിന്റെ വഴിയെ

കണ്ണൂർ സോൺ കത്തോലിക്ക കരിസ്മാറ്റിക് നവീകരണമുന്നേറ്റം ഏറെ വർഷങ്ങളായി വലിയനോമ്പിൽ എല്ലാ സബ്സോണുകളിലും കുരിശിന്റെ വഴി പദയാത്ര നടത്തിവരുന്നു.

ഈ വർഷം യമനിൽ തടവറയിൽ കഴിയുന്ന ഫാ. ടോം ഉഴുന്നാലിലിന്റെ സഹനജീവിതത്തിന് കണ്ണൂർ സോൺ ആത്മന കുരിശിന്റെ വഴിയിലൂടെ പങ്ക് ചേർന്നു. 9 സബ് സോണുകളിലും വിവിധ പൊതുനിയോഗങ്ങൾ സമർപ്പിച്ച് കുരിശിന്റെ വഴി പദയാത്രയെ നിരവധി ആളുകൾ അനുഗമിച്ചു.

മറ്റു സബ് സോണുകളിൽനിന്ന് വ്യത്യസ്തമായി അക്രൈസ്തവ മേഖലയായ കണ്ണൂർ പ്രദേശത്തേയ്ക്ക് കുരിശിന്റെ വഴി സംഘടിപ്പിച്ചു. തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽനിന്ന് രാവിലെ 8 മണിക്ക് ആരംഭിച്ച കുരിശിന്റെ വഴിക്ക് തലശ്ശേരി അതിരൂപത കരിസ്മാറ്റിക് ഡയറക്ടറും ഫൊറോന വികാരിയുമായ ഫാ. ജോസഫ് മഞ്ചപ്പള്ളി ആമുഖസന്ദേശം നല്കി. കണ്ണൂർ സോൺ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ബക്കളം പാപ്പിനശ്ശേരി തുടങ്ങിയ ദേവാലയത്തിൽ പ്രവേശിച്ച് ഇരുപത്തിരണ്ട് കിലോമിറ്റർ നടന്ന് 3 മണിക്ക് കണ്ണൂർ തെക്കിബസാർ ദേവാലയത്തിൽ എത്തിച്ചേർന്നു. തിരുക്കുടുംബ ദൈവാലയ വികാരി ഫാ. ജോസഫ് പൂവത്തോലിൽ വി. ബലിയും സമാപനസന്ദേശവും നല്കി.

കണ്ണൂർ സബ് സോൺ കോ-ഓർഡിനേറ്റർ ബിന്ദു വിത്സൺ കാറയക്കാട്ട്, ബ്രദർ ബിനിഷ്, സജി കാക്കനാട്ട്, ചാണ്ടി കൊടക്കനാൽ ജോർജ് അന്ത്യാകുളം, കെ.ഡി. ജോൺ എന്നിവർ കുരിശിന്റെ വഴിക്ക് നേതൃത്വം നല്കി.

## 2017-2019 വർഷത്തെ സബ് സോൺ പുനഃസംഘടന മെയ് 9 മുതൽ 14 വരെ

കെ.സി.സി.ആർ.എസ്.റ്റി.യുടെ നിർദ്ദേശപ്രകാരം കണ്ണൂർ സോണിലും 11 സബ്സോണുകളുടെ ഒരു പുനഃസംഘടന മെയ് 9 മുതൽ 14 വരെ നടത്തപ്പെടുകയാണ്. കേരള സർവ്വീസ് സമിതിയുടെ മുൻ വൈസ് ചെയർമാൻ ബ്രദർ ഇടുക്കി തങ്കച്ചൻ എല്ലാ സബ്-സോണുകളിലും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. അടുത്ത രണ്ട് വർഷം സോണിലും സബ് സോണിലും ഇടവകയിലും പ്രവർത്തിക്കാൻ സന്മനസ്സുള്ള അത്മായ നേതൃനിരയ്ക്കായ് പ്രാർത്ഥിക്കാം.

## സബ്സോൺ പുനഃസംഘടന-സമയക്രമീകരണം

മെയ് 9ന് ചൊവ്വ രാവിലെ 9.30 മുതൽ 4 വരെ പൈസക്കരി - ചെമ്പേരി
,, - 10 ന്ബുധൻ - മടമ്പം, ചെമ്പന്തൊട്ടി
,, - 11 ന് വ്യാഴം - വായാട്ടുപറമ്പ്, തളിപ്പറമ്പ്
,, - 12ന് വെള്ളി - ആലക്കോട്, മേരിഗിരി
,, - 13ന് ശനി - പിലാത്തറ, താവം
,, - 14ന് ഞായർ - കണ്ണൂർ സബ് സോൺ

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

**സജി കാക്കനാട്ട്**
കോ-ഓർഡിനേറ്റർ, കണ്ണൂർ
**9447641618**

**ഫാ. തോമസ് കൂട്ടിയാനി**
ആനിമേറ്റർ, കണ്ണൂർ സോൺ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിന്റെ പേട്രൺ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് കോളേജ് സന്ദർശിച്ചു. സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ സമയവും പങ്കെടുത്തു. കോളേജിൽ അടുത്തകാലത്തുണ്ടായ സംഭവവികാസങ്ങളെ വിലയിരുത്തുകയും, തുടർന്ന് കോളേജ് എങ്ങനെ മുൻപോട്ടു പോകണമെന്നതിനെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. നമ്മുടെ ക്യാമ്പസിൽ സ്റ്റാഫും വിദ്യാർത്ഥികളും എല്ലാവിധ കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങൾക്കും, വിഭാഗീയതയ്ക്കും അതീതരായിരിക്കണമെന്ന് അസന്നിഗ്ദമായ ഭാഷയിൽ അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി. എ.പി.ജെ. അബ്ദുൾ കലാം കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ അക്കാദമിക മികവിലും, അച്ചടക്കത്തിലും മലബാർ മേഖലയിലെ സ്വാശ്രയ കോളേജുകളിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നതിന്റെ പേരിൽ മാനേജ്മെന്റ്, പ്രിൻസിപ്പാൾ, അദ്ധ്യാപക - അനദ്ധ്യാപകർ എന്നിവരെ അഭിവന്ദ്യ പിതാവ് പ്രശംസിച്ചു.

## പ്ലേസ്മെന്റ് വാർത്തകൾ

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലും, വിമൽ ജ്യോതി എം.ബി.എ. കോളേജിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട പ്ലേസ്മെന്റാണ് ഈ വർഷം ലഭിച്ചിരിക്കുന്നത്. അവസാനവർഷ വിദ്യാർത്ഥികളിൽ മുന്നൂറിൽ അധികംപേർ ഇതിനോടകം പ്ലേസ്ഡ് ആയിട്ടുണ്ട്. പതിനായിരം മുതൽ അറുപതിനായിരം വരെ പ്രതിമാസശമ്പളം ലഭിക്കുന്ന ജോലി കൾക്കായിട്ടാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഒന്നാം സെമസ്റ്റർ മുതൽ പ്ലേസ്മെന്റിനുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. പ്രമുഖ കമ്പനികളുടെ ഒരു റിക്രൂട്ടിംഗ് സെന്ററായി വിമൽ ജ്യോതി മാറിക്കഴിഞ്ഞു.

## കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ഒന്നാം സെമസ്റ്റർ ബി.ടെക് റിസൾട്ട്

കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ഏപ്രിൽ മാസം പ്രസിദ്ധീകരിച്ച ഒന്നാം സെമസ്റ്റർ റിസൾട്ട് വിമൽ ജ്യോതിക്ക് വളരെ അഭിമാനകരമാണ്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 149 കോളേജുകളിൽ (ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ്) 23-ാം സ്ഥാനം നമുക്ക് ലഭിച്ചു.

കേരളത്തിലെ 115 സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ 8-ാം സ്ഥാനം വിമൽ ജ്യോതിക്ക് ലഭിച്ചു. കേരളാ കാത്തലിക് എൻജിനിയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനിലെ പതിനഞ്ചു കോളേജുകളിൽ മൂന്നാം സ്ഥാനം വിമൽ ജ്യോതിക്കാണ്. പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് സാറിന്റെ നേതൃത്വത്തിൽ അദ്ധ്യാപക, അനദ്ധ്യാപക, വിദ്യാർത്ഥി

കളുടെ കൂട്ടായ ശ്രമമാണ് ഈ വലിയ വിജയത്തിനു പിന്നിൽ. എല്ലാവർക്കും മാനേജ്മെന്റിന്റെ പ്രത്യേക അഭിനന്ദനങ്ങൾ.

## ജില്ലാ കലക്ടർ ശ്രീ. മിർ മുഹമ്മദ് അലി വിമൽ ജ്യോതിയിൽ

പ്രകൃതിയെ സ്നേഹിക്കുക, പരിസ്ഥിതിയെ സംരക്ഷിക്കുക, ക്യാമ്പസ് കൂടുതൽ ഹരിതാഭമാക്കുക എന്ന ലക്ഷ്യത്തോടെ വിമൽ ജ്യോതി യിൽ ആരംഭിച്ച ഗോഗ്രീൻ ക്ലബ്ബ്, ബഹു. കണ്ണൂർ ജില്ലാ കലക്ടർ ശ്രീ. മിർ മുഹമ്മദ് അലി ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. മരങ്ങൾ നട്ടുവളർത്തുക എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് കോളേജിന്റെ മുറ്റത്ത് അദ്ദേഹം ഒരു വൃക്ഷത്തൈ നട്ടു. നാലു വർഷത്തെ ബി.ടെക് പഠനം ഏറ്റവും നന്നായി പൂർത്തിയാക്കുന്നതോടൊപ്പം, അധിക യോഗ്യതകളും സർട്ടിഫിക്കറ്റുകളും നേടുന്നവർക്കാണ് ഉയർന്ന ജോലി സാധ്യതയുള്ളതെന്ന് ഒരു എൻജി നീയറിംഗ് ബിരുദധാരിയായ യുവ ഐ.എ.എസ്കാരൻ തന്റെ ഒരു മണിക്കൂർ നീണ്ടുനിന്ന ഉദ്ഘാടനസന്ദേശത്തിൽ ഊന്നി പറഞ്ഞു. പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചെയർമാൻ റവ ഡോ.തോമസ് മേൽവെട്ടത്ത്, ബർസാർ ഫാ. ജോർജ് ആശാരികുന്നേൽ, അഡ്മിനിസ്ട്രേറ്റർ ഫാ. സോണി, പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. ഡോ. വി.ആർ.എ. സാത്തപ്പൻ, സ്റ്റുഡന്റ് സെക്രട്ടറി കുമാരി പ്രിയങ്ക എന്നിവർ ആശംസകൾ നേർന്നു.

## ബിസിനസ്സ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ്

എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധി പ്പിക്കാനും അതുവഴി ജോലി സാധ്യതകൾ ഉയർത്താനും ലക്ഷ്യമിട്ടുകൊണ്ട് വിമൽ ജ്യോതിയിലെ വിദ്യാർത്ഥികൾക്കായി വിവിധങ്ങളായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി നൽകുന്ന ബിസിനസ്സ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്യിക്കുകയും ജൂൺ 12 മുതൽ 23 വരെ തിയതികളിൽ അതിനാ വശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു.

ആഗോളതലത്തിൽ 23000ൽപരം ബഹുരാഷ്ട്ര കമ്പനികളും, യൂണി വേഴ്സിറ്റികളും അംഗീകരിക്കുന്ന ഈ സർട്ടിഫിക്കറ്റ്, ബിസിനസ്സ് മേഖല യിൽ ഉപയോഗിക്കേണ്ട ഇംഗ്ലീഷിൽ വിദ്യാർത്ഥികൾക്കുള്ള പരിജ്ഞാന ത്തിന്റെ തെളിവാണ്.

## Statistical Package for the Social Sciences (SPSS)

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ചിലെ വിദ്യാർത്ഥികൾക്കായി സ്റ്റാറ്റിസ്റ്റിക്കൽ പാക്കേജ് ഫോർ ദ സോഷ്യൽ സയൻസസ് എന്ന സോഫ്റ്റ്വെയർ പരിജ്ഞാനത്തിനുള്ള രണ്ട് ദിവസം നീണ്ടു നിൽക്കുന്ന ഒരു വർക്ക്ഷോപ്പ് നടത്തി. കോയമ്പത്തൂർ എൻ.ജി.പി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊ. ഡോ. എസ്. മോഹനവേൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം

വിമൽ ജ്യോതി എം.ബി.എ കോളേജിൽ ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ വിദഗ്ധരുടെ നേതൃത്വത്തിൽ മൂക്സ് പ്ലാറ്റ് ഫോമുപയോഗിച്ച് അദ്ധ്യാപനം എങ്ങനെ മികവുറ്റതാക്കാം എന്ന വിഷയ ത്തിൽ ഏകദിന അദ്ധ്യാപന പരിശീലന പരിപാടി നടത്തി. ഏപ്രിൽ 8ന് നടന്ന ഏകദിന പരിശീലന പരിപാടിയിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ ഡിഗ്രി കോളേജുകളിൽ നിന്നായി അൻപതോളം അദ്ധ്യാ പകർ പങ്കെടുത്തു.

## ഡിപ്പാർട്ട്മെന്റ് ഫെസ്റ്റ് – MEXTERIOS 2K17

വിമൽ ജ്യോതി മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ടെക്ഫെസ്റ്റ് 21.04.2017ന് 10 മണിക്ക് കോളേജ് ചെയർമാൻ റവ ഡോ. തോമസ് മേൽവെട്ടത്ത് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ്, ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. രാജു കുര്യാക്കോസ് എന്നിവർ ആശംസകൾ നേർന്നു.

## എൻ.ആർ.ഐ അഡ്മിഷൻ 2017

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ എൻ.ആർ.ഐ ക്വാട്ടയിൽ അഡ്മിഷന് ആഗ്രഹിക്കുന്നവർ കോളേജുമായി ബന്ധപ്പെടേണ്ട സമയമാണിത്. എല്ലാ ബ്രാഞ്ചുകളിലും സീറ്റുകൾ ലഭ്യമാണ്.

## 2017ലെ ബി.ടെക്, എം.ടെക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 2017–18 വർഷ ത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. മാനേജ്മെന്റിൽ www.vjec.ac.in എന്ന വെബ്സൈറ്റുവഴി ഓൺ ലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിൽ ലഭ്യമായ കമ്മ്യൂണിറ്റി ക്വാട്ട ഫോമിൽ വികാരിയച്ചന്റെ ശുപാർശ, കത്തോലിക്കാ അപേക്ഷകർ നിർബന്ധമായും നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

| **B.Tech Courses** | | **Seats** |
|---|---|---|
| Civil Engineering (CE) | - | 120 |
| Applied Electronics and Instrumentation Engineering (AEI) | - | 30 |
| Computer Science and Engineering (CSE) | - | 60 |
| Electrical and Electronics Engineering (EEE) | - | 60 |
| Electronics and Communication Engineering (ECE) | - | 90 |
| Mechanical Engineering (ME) | - | 120 |

## സ്കോളർഷിപ്പുകൾ

2017ലെ ബി.ടെക് അഡ്മിഷനോടനുബന്ധിച്ച് വിവിധ സ്കോളർഷി പ്പുകൾ ഉണ്ടായിരിക്കുന്നതാണ്.

| ELIGIBILITY | SCHOLARSHIP & STIPEND |
|---|---|
| * (Kerala Entrance Score) | |
| Rank 1-2000 | No Tuition Fee + ₹ 60,000 /- as stipend per year |
| Rank 2001-3000 | No Tuition Fee + ₹ 30,000 /- as stipend per year |
| Rank 3001-7000 | ₹ 30,000 /- Tuition Fee free per year |
| Rank 7001-10000 | ₹ 40,000 /- (4 year) as stipend |
| Rank 10001-15000 | ₹ 20,000 /- (4 year) as stipend |

കൂടുതൽ വിവരങ്ങൾക്ക് www.vjec.ac.in എന്ന വെബ്സൈറ്റ് സന്ദർശി ക്കുക.

## എം.ടെക് അഡ്മിഷൻ

താഴെ പറയുന്ന എം.ടെക് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണി ക്കുന്നു. ബി.ടെക്കിന് 60% മാർക്കാണ് മിനിമം യോഗ്യത. GATE റാങ്ക് ഉള്ളവർക്ക് AICTE സ്റ്റൈഫന്റ് ലഭിക്കുന്നതാണ്. ഓൺലൈൻ അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും www.vjec.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

| M.Tech Courses | Seats |
|---|---|
| Computer Science and Engineering | - 24 |
| Thermal Engineering (Mechanical) | - 24 |
| Control & Instrumentation (AEI) | - 24 |
| Communication Engg. & Signal Processing (ECE) | - 24 |
| Power Electronics (EEE) | - 24 |
| Structural Engg. & Construction Management (CE) | - 24 |

## എം.ബി.എ

അഡ്മിഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0460 2213900, 9400512240. Dual specialisation in : Marketing, Finance & HRM (60 Seats).

## വിമൽ ജ്യോതി അഡ്മിഷൻ – വികാരിയച്ചൻ അറിയാൻ

**നമ്മുടെ ഇടവകക്കാരായ കത്തോലിക്ക കുട്ടികൾക്ക് ഈ വർഷം ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ:**

☞ ഈ വർഷം അഡ്മിഷൻ എടുക്കുന്ന നമ്മുടെ കുട്ടികൾ എല്ലാവർക്കും 20000/- രൂപ വരെ ട്യൂഷൻ ഫീസിൽ ഇളവ്. (5000X4=20000)

☞ ഇലക്ട്രിക്കൽ (EEE), ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ECE), ഇൻസ്ട്രുമെന്റേഷൻ (AEI) എന്നീ ബ്രാഞ്ചുകളിൽ അഡ്മിഷൻ എടുക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കത്തോലിക്കരായ കുട്ടികൾക്ക് ട്യൂഷൻ ഫീസിൽ 50% വരെ ഇളവ്.

# നിർമ്മലഗിരി വാർത്തകൾ

## 1. അന്താരാഷ്ട്ര ചലചിത്രമേള

ആൾട്ടർ ഫിലിമിന്റെ ആഭിമുഖ്യത്തിൽ കോളേജിൽ അന്താരാഷ്ട്ര ചലച്ചിത്രമേള സംഘടിപ്പിച്ചു. നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. മികച്ച യൂറോപ്യൻ സിനിമക്കുള്ള ഗോയ അവാർഡ് നേടിയ മുസ്താങ്ങ് ആയിരുന്നു ഉദ്ഘാടന ചിത്രം. മാർച്ച് 21 മുതൽ 26 വരെയാണ് പ്രദർശനം സംഘടിപ്പിച്ചത്.

## 2. ജലസംരക്ഷണ പ്രതിജ്ഞ

ലോകജലദിനത്തോട് അനുബന്ധിച്ച് കോളേജിൽ ജലസംരക്ഷണ പ്രതിജ്ഞ ബഹു. പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ചൊല്ലിക്കൊടുത്തു. ഉന്നത വിദ്യാഭ്യാസം തേടുന്ന പ്രബുദ്ധമായ സമൂഹമെന്ന നിലയിൽ ഈ വിഷയത്തിൽ ജാഗ്രത പാലിക്കേണ്ട ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്നതായിരുന്നു പ്രസ്തുത പരിപാടി.

## 3. ലൈഫ് സയൻസ് അക്കാഡമിക്ക് മികച്ച വിജയം

CSIR-UGC JRF/NETനു വേണ്ടി കോളേജിൽ പ്രവർത്തിക്കുന്ന ലൈഫ് സയൻസ് അക്കാഡമി പരിശീലനകേന്ദ്രം മികച്ച വിജയം കരസ്ഥമാക്കി. ഡിസംബർ 2016-ൽ നടന്ന പരീക്ഷയിൽ 15 പേർക്ക് JRF 3 പേർക്ക് NET ലഭിച്ചു 13-ാം റാങ്ക് നേടി അഞ്ജലി ജോസ് ചക്കുളിക്കൽ കോളേജിനു അഭിമാനമായി. ശ്രീ വിനിഷ് സെബാസ്റ്റ്യൻ കൂറ്റാരപ്പള്ളിയാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ**

---

☞ വിമൽ ജ്യോതിയിൽ അഡ്മിഷൻ സമയത്ത് ഉണ്ടായിരുന്ന ഒരു ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് (RCD) ഈ വർഷം ഒഴിവാക്കിയിരിക്കുന്നു.

☞ നമ്മുടെ രൂപതയിൽ നിന്നും ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ അഡ്മിഷൻ എടുക്കുന്ന എല്ലാ കത്തോലിക്ക കുട്ടികൾക്കും ഈ വർഷം പ്രത്യേക സ്കോളർഷിപ്പ് ലഭ്യമാണ്.

☞ നമ്മുടെ രൂപതയിലെ തീർത്തും നിർദ്ധനരായ കുട്ടികൾ വിമൽ ജ്യോതിയിൽ അഡ്മിഷൻ എടുക്കുമ്പോൾ അവർക്ക് പകുതി ഫീസിൽ പഠിക്കാൻ അവസരം ഒരുക്കുന്നു.

☞ കുട്ടികളുടെ പഠനകാര്യത്തിലും സ്വഭാവ രൂപീകരണത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തുന്ന നമ്മുടെ അതിരൂപതയുടെ കോളേജിൽ കത്തോലിക്കരായ നമ്മുടെ കുട്ടികളെ ചേർക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്. എപ്പോൾ വേണമെങ്കിലും അവർക്ക് നന്മ ചെയ്യുവാൻ സാധിക്കും". (മർക്കോ. 14:7)*

### സെന്റ് വിൻസെന്റ് ഡി പോൾ ചാപ്പൽ വെഞ്ചരിച്ചു

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നിർദ്ധനരും അനാഥരുമായ വൃദ്ധദമ്പതികൾക്കായി തോമാപുരം എ.സി.യിൽപ്പെട്ട നല്ലോംപുഴ വിൻസെൻഷ്യൻ ഭവനത്തോടനുബന്ധിച്ച് പുതിയതായി പണികഴിപ്പിച്ച സെന്റ് വിൻസെന്റ് ഡി പോൾ ചാപ്പൽ തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. ജോർജ് എളൂക്കുന്നേൽ വെഞ്ചരിപ്പ് നടത്തി പ്രാർത്ഥനക്ക് സമർപ്പിച്ചു. 08.04.2017ന് രാവിലെ 11 മണിക്ക് നടന്ന വി. കുർബാന യർപ്പണത്തിനും വെഞ്ചരിപ്പ് തിരുക്കർമ്മങ്ങൾക്കും തോമാപുരം ഫൊറോനാ വികാരി റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമാക്കൽ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി സി.സി. ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. ജോസഫ് കാക്കരമറ്റം എന്നിവർ സഹകാർമ്മികത്വം വഹിച്ചു. കണ്ണിവയൽ പള്ളി വികാരി റവ.ഫാ. സേവ്യർ പുത്തൻപുര, സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. തലശ്ശേരി അതിരൂപതയിലെ എല്ലാ ഫൊറോനകളിൽനിന്നും കോൺ ഫറൻസ് എ.സി.സി.സി. ഭാരവാഹികളും കണ്ണിവയൽ ഇടവകാംഗങ്ങ ളുമായി നൂറ് കണക്കിന് വിശ്വാസികൾ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു.

നിർദ്ധനരായ ദമ്പതികൾക്ക് കുടുംബമായി ഒരുമിച്ച് വസിക്കുന്ന തിനുവേണ്ടി 2007-ൽ തലശ്ശേരി സെൻട്രൽ കൗൺസിൽ ആരംഭിച്ച നല്ലോംപുഴ വിൻസെൻഷ്യൻഭവൻ കേരളസഭയ്ക്ക് തന്നെ മാതൃകയും ഒരു പ്രഥമ സംരംഭവുമാണ്. നിലവിൽ ഇവിടെ നാല് കുടുംബങ്ങൾ സ്നേഹ ത്തിലും ഐക്യത്തിലും പ്രാർത്ഥനയിലും സന്തോഷത്തോടുംകൂടി ജീവിക്കു ന്നത് ചാരിദാർത്ഥ്യജനകമാണ്. അഭിവന്ദ്യ അതിരൂപതാ അധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ടുപിതാവിന്റെയും സി.സിയുടെ ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. ജോസഫ് കാക്കരമറ്റം അച്ചന്റെയും മറ്റു ബഹു. വൈദികരുടെയും ഉപദേശ നിർദ്ദേശങ്ങൾ ഉൾകൊണ്ട് വിൻസെൻഷ്യൻ ഭവനത്തോടനു ബന്ധിച്ച് ദിവ്യബലിയർപ്പണത്തിനും പ്രാർത്ഥനയ്ക്കും സൗകര്യം ഒരുക്കുന്ന തിനായി തലശ്ശേരി സി.സി.യുടെ തീരുമാനമനുസരിച്ച് തലശ്ശേരി അതിരൂപതാ വിൻസെൻഷ്യൻ പ്രവർത്തകരുടെ രണ്ടു ദിവസത്തെ രഹസ്യ പിരിവുവഴി സമാഹരിച്ച ആറുലക്ഷത്തോളം രൂപാ വരുന്ന തുക വിനി

യോഗിച്ച് നാലു മാസംകൊണ്ടാണ് ചാപ്പൽ പണി പൂർത്തീകരിച്ചത്. സൊസൈറ്റി അംഗങ്ങൾക്ക് എ.സി. സോണൽ തലത്തിലുള്ള സെമിനാറുകളും സമ്മേളനങ്ങളും നടത്തുന്നതിനും ഇവിടം സൗകര്യപ്രദമാണ്. ചാപ്പൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബ്ര. കുര്യാക്കോസ് പുളിക്കപടവിൽ, ബ്ര. സണ്ണി നെടിയകാലായിൽ, ബ്ര. ജോർജ് ഇടക്കരമൈലയ്ക്കൽ എന്നിവർ നേതൃത്വം നല്കി.

തിരുക്കർമ്മങ്ങൾക്കുശേഷം സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം പെരിയ ബഹു. വികാരി ജനറാൾ മോൺ. ജോർജ് എളൂക്കുന്നേൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമാക്കൽ അനുഗ്രഹപ്രഭാഷണവും റവ. ഡോ. ജോസഫ് കാക്കരമറ്റം മുഖ്യപ്രഭാഷണവും നടത്തി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.ടി. ജോസഫ് കാരിക്കുന്നേൽ, സി.സി. സെക്രട്ടറി ബ്ര. ബേബി കളരിക്കൽ, ബ്ര. ജോർജ് ഇടക്കരമൈലയ്ക്കൽ എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. റവ. ഫാ. സേവ്യർ പുത്തൻപുര സ്വാഗതവും കൺവീനർ ബ്ര. സണ്ണി നെടിയകാലായിൽ കൃതജ്ഞതയും പറഞ്ഞു. ബ്ര. ബേബി സിറിയക് ഉള്ളാട്ട്, ബ്ര. പൗലോസ് പറേടം എന്നിവർ പ്രാർത്ഥന ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ഉച്ചക്ക് സ്നേഹ വിരുന്നോടുകൂടി പരിപാടികൾ സമംഗളം പര്യവസാനിച്ചു.

## ആലക്കോട് ഏരിയ കൗൺസിൽ സോണൽ സെമിനാർ

25.03.17 ശനിയാഴ്ച സെന്റ് വിൻസെന്റ് ഡിപോൾ ആലക്കോട് ഏരിയ കൗൺസിലിന്റെ സോണൽ സെമിനാർ കരുവഞ്ചാൽ ലിറ്റിൽഫ്ളവർ പാരീഷ് ഹാളിൽവച്ച് നടത്തപ്പെട്ടു. വിശുദ്ധ ബലിയോടുകൂടി സെമിനാർ ആരംഭിച്ചു. സി.സി. പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരം അധ്യക്ഷത വഹിച്ചു. ലിറ്റിൽ ഫ്ളവർ പള്ളി വികാരി റവ. ഫാ. മാത്യു പാലമറ്റം സെമിനാർ ഉദ്ഘാടനം ചെയ്തു. സി.സി. വൈസ് പ്രസിഡന്റ് ബ്ര. കെ.ടി. ജോസഫ് കാരിക്കുന്നേൽ, സി.സി. സ്പിരിചൽ കോ-ഓർഡിനേറ്റർ ബ്ര. ബേബി സിറിയക് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. 80 വയസ്സ് പൂർത്തിയാക്കിയ പ്രവർത്തകരെയും മുൻകാല പ്രവർത്തകരെയും ഷാൾ അണിയിച്ച് ആദരിച്ചു. കെ.ആർ.സി.സി. തലത്തിൽ പ്രസംഗം, ഉപന്യാസം എന്നീ ഇനങ്ങളിൽ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ നവ്യ സിബിയെ സമ്മാനം നൽകി അനുമോദിച്ചു. ബ്ര. ഡോ. ദേവസ്യ കാനാട്ട് മറുപടി പ്രസംഗം നടത്തി. പെരിങ്ങാല സെന്റ് ജൂഡ്സ് പള്ളി വികാരി റവ. ഫാ. പ്രവീൺ പൊട്ടനാനി ക്ലാസ്സ് എടുത്തു. സോണൽ കോ-ഓർഡിനേറ്റർ ബ്ര. തോമസ് പുത്തൻപുര സ്വാഗതവും സി.സി. ജോ. സെക്രട്ടറി ബ്ര. പൗലോസ് പറയിടം നന്ദിയും പറഞ്ഞു. ബ്ര. മാത്യു ചിറപുറം, സി. ലീലാമ്മ ചെരിപുറം എന്നിവർ പ്രാർത്ഥന നയിക്കുകയും സി. ലില്ലി മാത്യു ചിറപുറം ജ്ഞാനവായന നടത്തുകയും ചെയ്തു.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
## തലശ്ശേരി അതിരൂപതാ വനിതാസംഗമം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ അതിരൂപതാ വനിതാസംഗമം 21.04.2017 വെള്ളിയാഴ്ച ചെമ്പേരി മദർതെരേസ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. സൊസൈറ്റിയുടെ അതിരൂപതാ ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. ജോസഫ് കാക്കരമറ്റം സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ അധ്യക്ഷത വഹിച്ചു. ചെമ്പേരി ഫൊറോന പള്ളി വികാരി റവ. ഫാ. ജോസഫ് കരിനാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.ടി. ജോസഫ് കാരിക്കുന്നേൽ, ജോ. സെക്രട്ടറി ബ്ര. പൗലോസ് പറയിടം, ചെമ്പേരി ഫൊറോന പള്ളി സഹവികാരി റവ. ഫാ. ഡെന്നിസ് നെല്ലിത്താനത്ത് എന്നിവർ പ്രസംഗിച്ചു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ തലശ്ശേരി അതിരൂപതാ സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന അവയവദാന പ്രോത്സാഹനപദ്ധതിക്കുവേണ്ടി തയ്യാറാക്കിയ ലോഗോ സൊസൈറ്റിയുടെ അതിരൂപതാ വനിതാ കോ-ഓർഡിനേറ്റർ ജോളി സെബാസ്റ്റ്യൻ കാരക്കുന്നേലിനു നൽകി ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ പ്രകാശനം ചെയ്തു. സി. ലില്ലിക്കുട്ടി മാത്യു ചിറപുറത്ത് ജ്ഞാനവായനയും സി. ലിസ്സി ബാബു വലിയകുളം പ്രാർത്ഥനയും നടത്തി. ബ്ര. അഡ്വ. ലിറ്റോ പാലത്തിങ്കൽ (എറണാകുളം സി.സി. വൈ. പ്രസിഡന്റ്) ക്ലാസ്സെടുത്തു. ക്ലാസ്സിനുശേഷം സി. വൽസമ്മ പൈനാടത്ത് നന്ദി രേഖപ്പെടുത്തി. ചടങ്ങിന് വനിതാ കോ-ഓർഡിനേറ്റർ ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ സ്വാഗതവും. സി. ലീലാമ്മ വില്ലന്താനം നന്ദിയും പ്രകാശിപ്പിച്ചു. അതിരൂപതയുടെ വിവിധ കോൺഫറൻസുകളിൽ നിന്നെത്തിയ 200 ഓളം വനിതകൾ സംഗമത്തിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ പരിപാടികൾ സമാപിച്ചു.

## അനുമോദനവും ആശംസകളും

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ കേരള റീജൻ ജോ. കോ-ഓർഡിനേറ്ററായി ചുമതലയേറ്റിരിക്കുന്ന തലശ്ശേരി സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിന് തലശ്ശേരി അതിരൂപതാ വിൻസെൻഷ്യൻ കുടുംബാംഗങ്ങളുടെ സ്നേഹനിർഭരമായ അനുമോദനവും പ്രാർത്ഥനാശംസകളും പുതിയ കർമ്മമണ്ഡലത്തിൽ എല്ലാ വിജയാശംസകളും നേർന്നുകൊള്ളുന്നു.

തലശ്ശേരി സെൻട്രൽ കൗൺസിലിനുവേണ്ടി

തലശ്ശേരി
24.04.2017

**ബ്ര. ബേബി കളരിക്കൽ**
സി.സി. ജനറൽ സെക്രട്ടറി

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## മദ്യശാലകൾ മാറ്റാനല്ല, പൂട്ടാനാണ് സുപ്രിംകോടതിവിധി

ദേശീയ സംസ്ഥാനപാതയോരങ്ങളിൽ 500 മീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന എല്ലാത്തരം മദ്യശാലകളും 2017 മാർച്ച് 31ന് അർദ്ധ രാത്രിക്കുമുമ്പ് മാറ്റാനല്ല പൂട്ടാനാണ് സുപ്രിംകോടതിയുടെ ചരിത്രപ്രധാനമായ വിധി. പൂട്ടാത്ത മദ്യശാലകൾക്ക് ഏപ്രിൽ ഒന്നുമുതൽ ലൈസൻസ് അനുവദിക്കാൻ പാടില്ല എന്നും വിധി അനുശാസിക്കുന്നു. എന്നാൽ സുപ്രിംകോടിതി വിധിയുടെ അന്തസത്തയെ ചോദ്യം ചെയ്തുകൊണ്ട് ദേശീയസംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ പോലീസ് സംരക്ഷണത്തോടെ മാറ്റി സ്ഥാപിക്കാനുള്ള അശ്രാന്തപരിശ്രമത്തിലാണ് സർക്കാർ. ജനങ്ങളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പ്രതിഷേധത്തെ ധിക്കരിച്ചു കൊണ്ടുള്ള സർക്കാരിന്റെ അടിച്ചേൽപ്പിക്കൽ നയം നമുക്ക് അംഗീകരിക്കാനും നീതികരിക്കാനും ആവില്ല.

നഗരങ്ങളിലും പട്ടണങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിരവധി ഷാപ്പുകൾ കുടിയേറ്റ മേഖലകളിൽ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി മദ്യശാലകളുടെ അതിപ്രസരത്തിൽനിന്നും മോചനം നേടുകയും അതിന്റെ ശുദ്ധഫലങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുള്ള കുടിയേറ്റ ജനതയ്ക്കേറ്റ ആഘാതമാണ് ഇപ്പോഴത്തെ മദ്യശാലകളുടെ പ്രവാഹം. കേളകത്തും ചെറുപുഴയിലും കഴിഞ്ഞ ഗവൺമെന്റ് അടച്ചുപൂട്ടിയ ഷാപ്പുകൾ കഴിഞ്ഞദിവസം തുറന്നു. ഇരിട്ടി (വട്ടിയറ), നെടുവാലൂർ, പുളിമ്പറമ്പ്, ചന്ദനയ്ക്കാംപാറ, നെടുമ്പോയിൽ തുടങ്ങിയ കേന്ദ്രങ്ങൾ മദ്യശാല ഭീഷണിയിലാണ്. കുടിയേറ്റ മേഖലയുടെ സമ്പത്തും സംസ്കാരവും ശാന്തിയും സമാധാനവും നശിപ്പിക്കുന്ന മദ്യശാലകൾക്കെതിരെ കുടിയേറ്റജനത ഒറ്റക്കെട്ടായി രംഗത്തിറങ്ങി പോരാട്ടങ്ങൾ നടത്തേണ്ട സമയമാണിത്. നിർണ്ണായക സന്ദർഭത്തിലെ നമ്മുടെ അലംഭാവത്തിനും നിശബ്ദതയ്ക്കും നമ്മൾ വലിയ വിലകൊടുക്കേണ്ടിവരും എന്നത് മറക്കാൻ പാടില്ല.

## പ്രതിഷേധറാലികളും സമ്മേളനങ്ങളും

കേളകം, വട്ടിയറ, നെടുവാലൂർ, പുളിമ്പറമ്പ, ചന്ദനയ്ക്കാംപാറ തുടങ്ങിയ കുടിയേറ്റകേന്ദ്രങ്ങളിൽ നിരവധി പ്രതിഷേധറാലികളും യോഗങ്ങളും നടന്നുകഴിഞ്ഞു. ചന്ദനയ്ക്കാംപാറ ഇടവക വികാരി ബഹു. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ടച്ചന്റെ നേതൃത്വത്തിൽ അതിശയകരമായ ഉപരോധസമരങ്ങൾ നടക്കുന്നു. എന്ത് ത്യാഗം സഹിക്കേണ്ടിവന്നാലും

ചന്ദനയ്ക്കാംപാറയുടെ മണ്ണിൽ നാടും വീടും നശിപ്പിക്കുന്ന ഈ പൈശാചികസ്ഥാപനം സ്ഥാപിക്കാൻ അനുവദിക്കില്ല എന്ന ദൃഢനിശ്ചയത്തിലാണ് ചന്ദനയ്ക്കാംപാറ നിവാസികൾ.

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അതിരൂപത തെരഞ്ഞെടുപ്പ്

03-04-17ന് തലശ്ശേരി അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ജനറൽബോഡിയോഗം തലശ്ശേരി സന്ദേശഭവനിൽ ചേർന്നു. പ്രസിഡന്റ് തങ്കച്ചൻ കൊല്ലക്കൊമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ അടച്ചു പൂട്ടുന്ന സുപ്രിംകോടതി വിധിയുടെ പ്രമേയഭാഗങ്ങളെ സംബന്ധിച്ചും വിധിയെ തുടർന്ന് മദ്യശാലകൾ കുടിയേറ്റമേഖലകളിലേക്ക് മാറ്റിസ്ഥാപിക്കുന്ന സർക്കാർ നീക്കത്തെ ചെറുത്തുപരാജയപ്പെടുത്തുന്നതിന് ജനങ്ങളെ സംഘടിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ചും സംസാരിച്ചു.

തുടർന്ന് 2017-18 വർഷങ്ങളിലേയ്ക്കുള്ള കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അതിരൂപത ഭാരവാഹികളുടെ പാനൽ ഡയറക്ടറച്ചൻ അവതരിപ്പിക്കുകയും ജനറൽബോഡി പാസാക്കുകയും ചെയ്തു. പ്രസിഡന്റ് - ഡോ. ജോസ്ലറ്റ് മാത്യു തുമ്പേപ്പറമ്പിൽ (കുന്നോത്ത്) വൈ. പ്രസിഡന്റ് - സണ്ണി കൊക്കാവള്ളി (തോമാപുരം), ശ്രീമതി മേരിക്കുട്ടി തോമസ് കല്ലുകുളം (തളിപ്പറമ്പ), ജനറൽ സെക്രട്ടറി - ജയ്സൺ മർക്കോസ് പാലയൂർ പൂവത്തിങ്കൽ (പേരാവൂർ), സെക്രട്ടറി - അൽബിൻ മണ്ടുംപാല (പേരാവൂർ), ശ്രീമതി കരോളിൻ പുരയിടത്തിൽ (തളിപ്പറമ്പ), ട്രഷറർ - ശ്രീ. ജോൺ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ (ചെമ്പേരി), 38 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയെയും യോഗം തെരഞ്ഞെടുത്തു.

എറണാകുളം പി.ഒ.സി.യിൽവച്ചു നടന്ന സംസ്ഥാന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്യോഗത്തിൽവച്ച് തങ്കച്ചൻ കൊല്ലക്കൊമ്പിൽ സംസ്ഥാന വൈസ് പ്രസിഡന്റായും സണ്ണി പായിക്കാട്ട് തലശ്ശേരി റീജിയണൽ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന, റീജിയണൽ അതിരൂപത ഭാരവാഹികൾക്ക് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ അഭിവാദ്യങ്ങളും വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു. അതിരൂപതാ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഡോ. ജേസ്ലറ്റ് മാത്യു നിർമ്മലഗിരി കോളേജ് മുൻ പ്രിൻസിപ്പാളും പ്രശസ്ത വിദ്യാഭ്യാസ പ്രവർത്തകനും സാമൂഹ്യപ്രവർത്തകനുമാണ്.

സ്നേഹശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## പഞ്ചദിന കൗൺസിലിംഗ് കോഴ്സ്

ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽവച്ച് New Delhi, National Institute of Social Defence ന്റെയും RRTC യുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട പഞ്ചദിന കൗൺസിലിംഗ് കോഴ്സിൽ പ്രതീക്ഷ പ്രതിനിധികളായി അനിറ്റ ബാബുവും ജ്യോതി ഇ.പിയും സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി.

## എ.എ. സമ്മേളനം

ഏപ്രിൽ 2-ാം തീയതി പ്രതീക്ഷാ സെന്ററിൽവച്ച് നടത്തപ്പെട്ട എ.എ. സമ്മേളനത്തിന് ഫാ. ജോൺസൺ നേതൃത്വം നൽകി. കൗൺസിലിംഗ്, ഗ്രൂപ്പ് ചർച്ചകൾ എന്നിവയും നടത്തപ്പെട്ടു.

## ബോധവൽക്കരണ ഏകദിനസെമിനാർ

ഏപ്രിൽ 3-ാം തീയതി, ചികിത്സാർഥികൾക്കായി നടത്തപ്പെട്ട ബോധവൽക്കരണ സെമിനാറിൽ 'നിയന്ത്രിതമാക്കാവുന്ന മദ്യവിപത്ത് 'എന്ന വിഷയത്തെ സംബന്ധിച്ച് റ്റി.ഡി. പത്രോസ് സെമിനാർ നടത്തി. ചർച്ചകളും ഗ്രൂപ്പ്പ്രവർത്തനങ്ങളും നടത്തപ്പെട്ടു. ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. വി.എസ്. വിനോജ് സ്വാഗതവും സണ്ണി കെ.പി. നന്ദിയും പറഞ്ഞു.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണം

വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ജന്മദിനസ്മാരകമന്ദിരമായ പ്രതീക്ഷാ സെന്ററിൽവച്ച് വിവിധ പരിപാടികളോടെ ചരമദിനാചരണം നടത്തി. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. മദ്യവർജനപ്രസ്ഥാനത്തിനും ചികിത്സക്കും പിതാവ് നൽകിയ ശക്തിയേറിയ നേതൃത്വത്തെ അനുസ്മരിച്ച് പിതാവിന്റെ ഛായാചിത്രത്തിന് ഹാരാർപ്പണം നടത്തുകയും ചെയ്തു. ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ, സി. സിസിലി എന്നിവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി. മുഴുവൻ സ്റ്റാഫ് അംഗങ്ങളും ചികിത്സാർഥികരും ചിത്രത്തിന് പുഷ്പാർച്ചന നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. സമ്മേളനത്തിന് ബ്രദർ ഓസ്റ്റിൻ ചക്കാംകുന്നേൽ സ്വാഗതവും സി. ടെസ്ലിൻ നന്ദിയും പറഞ്ഞു.

## ലോകാരോഗ്യദിനം

ഏപ്രിൽ 7-ാം തീയതി ലോകാരോഗ്യദിനാചരണത്തോടനുബന്ധിച്ച് സെന്ററിൽവച്ച് പ്രത്യേക പരിപാടികൾ നടത്തപ്പെട്ടു. മദ്യപാനവും ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഗോപിനാഥൻ കൂത്തുപറമ്പ് ക്ലാസെടുത്തു. ചർച്ചകളും ലഘുചിത്രീകരണമത്സരവും നടത്തപ്പെട്ടു. ഫാ. ജോൺസൺ അന്ത്യാംകുളം സ്വാഗതവും വി. എസ്. വിനോജ് നന്ദിയും പറഞ്ഞു.

## മദ്യവിമുക്തരുടെ കൂട്ടായ്മ

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ചികിത്സയിൽ ഉണ്ടായിരുന്ന ലഹരി വിമുക്തരുടെ കൂട്ടായ്മ ഏപ്രിൽ 9ന് മാറ്റ് ടാൽബോത്ത് സ്ക്വയറിൽവച്ച് നടത്തപ്പെട്ടു. വ്യക്തിഗത, ഫാമിലി കൗൺസിലിംഗ്, ഗ്രൂപ്പ് ചർച്ചകൾ എന്നിവയും നടത്തപ്പെട്ടു. പരിപാടികൾക്ക് ഫാ. ജോൺസൺ അന്ത്യാംകുളം നേതൃത്വം നൽകി.

## പ്രതീക്ഷയിലെ വിഷു

ചികിത്സയിൽ കഴിയുന്ന എല്ലാ അർത്ഥികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും വിഷുദിനത്തിൽ വിഷുക്കോടികളും സമ്മാനങ്ങളും നൽകി പ്രത്യേകതകളോടെ വിഷു ആഘോഷിച്ചു.

## ബോധവൽക്കരണ സെമിനാർ

ഏപ്രിൽ 21ന് ലഹരി രഹിതരുടെ കുടുംബജീവിതം എന്ന വിഷയത്തെ അധികരിച്ച് അർധദിന ബോധവൽക്കരണ സെമിനാർ നടത്തപ്പട്ടു. ഗോപിനാഥൻ മാസ്റ്റർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ലഹരിരഹിതരുടെ സംഗമം

ഏപ്രിൽ 23-ാം തീയതി ചികിത്സാകേന്ദ്രത്തിൽവച്ച് ലഹരി രഹിതരുടെ സംഗമം നടത്തപ്പെട്ടു. വ്യക്തിഗത ഫാമിലി കൗൺസിലിംഗിനും ചർച്ചകൾക്കും സി. ടെസ്‌ലിൻ നേതൃത്വം കൊടുത്തു.

## ലോകഭൗമദിനാചരണം

വിവിധ എൻ.ജി.ഒ.കളോട് ചേർന്ന് പ്രതീക്ഷാ എൻ.ജി.ഒ.യും ലോകഭൗമദിനാചരണം നടത്തി. 24ന് വൈകിട്ട് 7 മുതൽ 8 മണിവരെ മുഴുവൻ വൈദ്യുതി ഉപയോഗവും നിറുത്തിവച്ചും പ്രത്യേകസമ്മേളനം നടത്തിയും ദിനാചരണം അർദ്ധസമ്പുഷ്ടമാക്കി. ആചരണപരിപാടികൾക്ക് ഫാ. ജോൺസൺ അധ്യക്ഷത വഹിച്ച് സന്ദേശം നൽകുകയും ഭൗമദിനാചരണ ലോഗോ പ്രകാശനം ചെയ്യുകയും ചെയ്തു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അനിറ്റ മാങ്കുളത്തേലും, ആഗോളതാപനത്തെക്കുറിച്ച് വിനോജ് വയലിലും സംസാരിച്ചു. ബ്രദർ ജിബിൻ മുണ്ടൻകുന്നേൽ സ്വാഗതവും സിനൂപ് തോമസ് നന്ദിയും പറഞ്ഞു.

## നന്ദിയോടും സ്വാഗതത്തോടും

കഴിഞ്ഞ 6 മാസമായി പ്രതീക്ഷയിൽ വിവിധ മേഖലകളിൽ സേവനം ചെയ്ത് ദൈവശാസ്ത്രപഠനത്തിന് പോകുന്ന ബ്രദർ ഓസ്റ്റിൻ ചക്കാംകുന്നേലിന് ഹൃദ്യമായ നന്ദി.

ഏപ്രിൽ 18-ാം തീയതി മുതൽ പ്രതീക്ഷാ സ്റ്റാഫ് അംഗമായി നിയമിതനായിരിക്കുന്ന ബ്രദർ ജിബിൻ മുണ്ടൻകുന്നേലിന് സസ്നേഹം സ്വാഗതം.

പ്രതീക്ഷയെ പ്രതീക്ഷയോടെ വളരാൻ സഹായിക്കുന്ന ഏവർക്കും നന്ദി.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### കാൻസർ സുരക്ഷായജ്ഞം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പേരാവൂർ മേഖല **"ആശാകിരണം"** കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി ബോധവൽക്കരണക്ലാസും സ്വയം പരിശോധനാ ട്രെയിനിംഗും 2017 ഏപ്രിൽ 3-ാം തീയതി പേരാവൂർ ഹയർ സെക്കണ്ടറി സ്കൂളിൽവച്ച് നടത്തപ്പെട്ടു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പേരാവൂർ ഫൊറോന വികാരി റവ. ഫാ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പേരാവൂർ മേഖലാ പ്രസിഡണ്ട് ശ്രീ. വർഗ്ഗീസ് പൊരുമത്തറ സ്വാഗതവും ശ്രീമതി മേരി ടീച്ചർ നന്ദിയും പറഞ്ഞു. ക്ലാസുകൾ നയിച്ചത് മലബാർ കാൻസർ സെന്ററിലെ ഡോ. ഫിനിക്സും ടീമുമാണ്. ഈ പരിപാടിയിൽ 120 പേർ പങ്കെടുത്ത് ബോധവൽക്കരണം നേടി.

### കൊയ്ത്ത് മഹോത്സവം

എടൂർ RCC-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കർഷക ഗ്രൂപ്പിന്റെ നെൽകൃഷി കൊയ്ത്ത് മഹോത്സവം 29-03-2017-ന് ആറളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷിജി നടുപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ചു. ആറളം അസി. കൃഷി ഓഫീസർ ശ്രീ. സുമേഷ്, വാർഡ് മെമ്പർ ശ്രീമതി രജിത, TSSS പ്രോഗ്രാം മാനേജർ ശ്രീ. ജോസ്പ്രകാശ്, മേഖല ഓർഗനൈസർ ശ്രീമതി ഉഷ ദിനേശൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. മേഖലാ പ്രസിഡണ്ട് ശ്രീ. വർക്കി വടക്കേമുറി സ്വാഗതവും, കർഷകഗ്രൂപ്പ് കൺവീനർ ശ്രീ. ബിജു എടത്തിനാൽ നന്ദിയും പറഞ്ഞു. ഇതിന് നേതൃത്വം നൽകികൊണ്ടിരിക്കുന്ന എടൂർ RCC-യ്ക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

### ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ മെമ്മോറിയൽ കോൺഫറൻസ് ഹാൾ

നെല്ലിക്കാംപൊയിൽ RCC-യുടെ നേതൃത്വത്തിൽ ഒന്നരലക്ഷം രൂപ മുടക്കി പണിതീർത്ത ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ മെമ്മോറിയൽ കോൺഫറൻസ് ഹാളിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും 2017 ഏപ്രിൽ 19-ന് TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ നിർവ്വഹിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. ജോസഫ് ആനിത്താനം അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ആശംസയും, മേഖല പ്രസിഡണ്ട് എം.എസ്. ജോസഫ് സ്വാഗതവും ആശംസിച്ചു.

കാൻസർ രോഗബാധിതനായി ചികിത്സയിലിരിക്കെ ദിവംഗതനായ TSSS മുൻ ഡയറക്ടർ ഫാ. സേവ്യർ പുത്തൻപുരയ്ക്കലിന്റെ ഓർമ്മ നില നിർത്തണമെന്നും അദ്ദേഹം TSSS-ന് നൽകിയ സംഭാവനകളെ നന്ദിയോടെ അനുസ്മരിക്കണമെന്നും ഫാ. തോമസ് തയ്യിൽ ഓർമ്മിപ്പിച്ചു. സുമനസ്സുക ളിൽനിന്നും ഫണ്ട് സ്വരൂപിച്ച് കാൻസർ രോഗികൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിനായി നെല്ലിക്കാംപൊയിൽ മേഖല കാൻകെയർ എന്ന പദ്ധ തിയും ആരംഭിച്ചു. ഈ പദ്ധതിയിലേക്ക് ആദ്യതുക നൽകി ശ്രീമതി ജെസ്സി യമ്മ പുളിക്കൽ, മണിക്കടവ് മാതൃകയായി. നെല്ലിക്കാംപൊയിൽ RCC-യുടെ നേതൃത്വത്തിലുള്ള ഈ നൂതന മുന്നേറ്റത്തിന് TSSS-ന്റെ എല്ലാ അഭിനന്ദ നങ്ങളും പ്രോത്സാഹനവും അറിയിക്കുന്നു.

## സൗജന്യ ചികിത്സാപദ്ധതി

TSSS-ഉം മംഗലാപുരം ഫാദർ മുള്ളേഴ്സ് ഹോസ്പിറ്റലും ചേർന്ന് നടപ്പിലാക്കുന്ന സൗജന്യ ചികിത്സാപദ്ധതി നിർധന രോഗികൾക്ക് വലിയ ആശ്വാസമായിത്തീർന്നിരിക്കുന്നു. ഇതിനോടകംതന്നെ 242 രോഗികൾ ഈ ചികിത്സാസൗകര്യം ഉപയോഗപ്പെടുത്തി എന്നറിയിക്കുന്നു. ഏകദേശം 42 ലക്ഷം രൂപയുടെ ചികിത്സ സൗജന്യമായി ഈ രോഗികൾക്ക് ലഭിച്ചുകഴി ഞ്ഞു. ഇനിയും ഈ പദ്ധതി തുടർന്ന് നടപ്പിലാക്കാൻ ഫാദർ മുള്ളേഴ്സ് ആശുപത്രി അധികൃതർ തയ്യാറായിട്ടുണ്ട് എന്ന കാര്യം സസന്തോഷം അറി യിക്കുന്നു. പാവപ്പെട്ട കൂടുതൽ രോഗികൾക്ക് ഈ സൗജന്യചികിത്സാപദ്ധ തിയുടെ സഹായം ലഭ്യമാക്കാൻ നമുക്ക് പരിശ്രമിക്കാം. ഫാദർ മുള്ളേഴ്സ് ഹോസ്പിറ്റലിൽ ചികിത്സയ്ക്കു പോകുന്നതിനുമുമ്പ് TSSS ഓഫീസുമായി ബന്ധപ്പെടണം എന്ന് ഓർമ്മിപ്പിക്കുന്നു.

## സോളാർ വാട്ടർഹീറ്റർ - സബ്സിഡി

കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഇതിനോടകം 170 സോളാർ വാട്ടർ ഹീറ്ററുകൾ സബ്സിഡി നിരക്കിൽ TSSS-ലൂടെ വിതരണം ചെയ്തു. ഇനിയും ആവശ്യമുള്ളവർ TSSS-മായി ബന്ധപ്പെടുമല്ലോ. 23000/- രൂപ വിലയുള്ള 100 ലിറ്റർ സോളാർ വാട്ടർ ഹീറ്ററിന് 7000/- രൂപ സബ്സിഡി നൽകാൻ സാധിക്കുന്നുണ്ട്. ഈ അവസരം ഇടവകയിലെ പരമാവധി ആളു കൾക്ക് പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## കിണർ റീചാർജിംഗ്

**ജലം അമൂല്യമാണ്, അത് പാഴാക്കരുത്...** വീടിന്റെ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം മുഴുവനും പാഴാക്കാതെ ശുദ്ധീകരിച്ച് കിണറുകളിലേക്ക് ഇറക്കി സംഭരിച്ച് കുടിവെള്ളമാക്കി വീണ്ടും ഉപയോഗിക്കാനുള്ള പദ്ധതി TSSS ആവിഷ്ക്കരിച്ചുവരുന്നു. കുറഞ്ഞചിലവിൽ TSSS നടപ്പിലാക്കിവരുന്ന കിണർ റീചാർജിംഗ് പദ്ധതിയുടെ ഉപഭോക്താക്കളാകാൻ താൽപര്യമുള്ള

വർ TSSS ഓഫീസുമായോ അതാത് റീജിയണൽ ഓഫീസുമായോ ബന്ധപ്പെടുക.

**തൈകൾ**

മൂന്നാം വർഷം കായ്ക്കുന്ന DJ തെങ്ങിൻതൈകൾ, കുറ്റ്യാടി തെങ്ങിൻ തൈകൾ എന്നിവ TSSS-ന്റെ ചുടലയിലുള്ള ജൂബിലി ഫാം നഴ്സറിയിൽ വിതരണത്തിനായി തയ്യാറായിരിക്കുന്നു. കൂടാതെ ജാതിതൈകൾ, കുരുമുളക് തൈകൾ, കവുങ്ങിൻതൈകൾ, കശുമാവിൻതൈകൾ എന്നിവയും ആവശ്യമുള്ളവർ TSSS ഓഫീസുമായി ബന്ധപ്പെടുക.

**തീർത്ഥാടനങ്ങൾ**

ചെമ്പേരി CU-ന്റെ നേതൃത്വത്തിൽ മലയാറ്റൂർ, ഭരണങ്ങാനം, വല്ലാർപാടം തുടങ്ങിയ സ്ഥലങ്ങളിൽ തീർത്ഥാടനത്തിന് പോയി. 86 CU അംഗങ്ങൾ ഇതിൽ പങ്കുചേർന്നു.

ചെമ്പൻതൊട്ടി CU-വിലെ ഭരണസമിതി അംഗങ്ങൾ മലയാറ്റൂർ, അട്ടപ്പാടി തുടങ്ങിയ സ്ഥലങ്ങളിലേക്ക് തീർത്ഥാടനത്തിന് പോയി.

## മാതൃകകൾ

പൊട്ടൻപ്ലാവ് MSS അംഗങ്ങൾ വി. യൗസേപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് 70 വയസ്സിന് മുകളിൽ പ്രായമുള്ള ഒരു വ്യക്തിയെ പൊന്നാടയണിയിച്ച് ആദരിച്ചു.

പുലിക്കുരുമ്പ CU അംഗങ്ങൾ വി. യൗസേപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ക്രെഡിറ്റ് യൂണിയനിലെ ഏറ്റവും പ്രായം കൂടിയ വ്യക്തിയെ ആദരിച്ചു.

## സാമൂഹ്യതിന്മയ്ക്കെതിരെ TSSS

ചെമ്പേരി MSS-ന്റെയും ചുണ്ടക്കുന്ന് ജ്ഞാനോദയ വായനശാലയുടെയും നേതൃത്വത്തിൽ മദ്യശാലയ്ക്കെതിരെ നടത്തിയ പ്രതിഷേധ ധർണ്ണയിൽ SHG-കളിൽ നിന്ന് 78 അംഗങ്ങൾ പങ്കെടുത്തു.

## ബോധവൽക്കരണ ക്ലാസ്സുകൾ

ചെമ്പേരി RCC-യുടെ റിവ്യൂ മീറ്റിംഗിൽവച്ച് മെഡിക്കൽ ഇൻഷൂറൻസിനെക്കുറിച്ച് ശ്രീ. ആന്റണി മായയിൽ ക്ലാസ് എടുത്തു.

ചെമ്പൻതൊട്ടി MSS അംഗങ്ങൾക്കുവേണ്ടി ജിജി സാറിന്റെ നേതൃത്വത്തിൽ ആയുർവേദ ചികിത്സയെക്കുറിച്ച് ക്ലാസ് നൽകി. 78 പേർ ക്ലാസിൽ പങ്കെടുത്തു.

പുലിക്കുരുമ്പ CU-ന്റെ ഭാരവാഹികൾ വാർഡുതലത്തിൽ സന്ദർശനം നടത്തി. കാൻസർ രോഗത്തെക്കുറിച്ച് ബോധവൽക്കരണക്ലാസുകൾ എടുത്തു.

പൈസക്കരി CU-ന്റെ ആഭിമുഖ്യത്തിൽ വാർഷിക ജനറൽ ബോഡി യും "**കുട്ടികളും മാതാപിതാക്കളും**" എന്ന വിഷയത്തെക്കുറിച്ച് പൈസ ക്കരി ഫൊറോന അസി. വികാരി ഫാ. ജോണി ക്ലാസ് എടുത്തു. 120 പേർ ക്ലാസിൽ പങ്കെടുത്തു. വാർഷിക ജനറൽബോഡി മീറ്റിംഗിൽ പൈസക്കരി ഫൊറോന വികാരി ഫാ. ജോസ് വെട്ടിക്കൽ അദ്ധ്യക്ഷത വഹിച്ചു. TSSS പ്രോഗ്രാം മാനേജർ ശ്രീമതി കുസുമം ബേബിയും റീജണൽ കോ-ഓർഡി നേറ്റർ സി. സോഫിയ എസ്.എച്ചും ആശംസകളർപ്പിച്ചു സംസാരിച്ചു.

## വനിതാദിനം

ദീപഗിരി CU-ന്റെ നേതൃത്വത്തിൽ വനിതാദിനത്തോടനുബന്ധിച്ച് പഞ്ച ശീലങ്ങളെക്കുറിച്ച് സി. ടെസിറ്റ ക്ലാസ് എടുത്തു. 30 അംഗങ്ങൾ ക്ലാസിൽ പങ്കെടുത്തു.

അരീക്കമല CU വനിതാദിനം പ്രമാണിച്ച് വാർഡ്തലത്തിൽ ക്വിസ് മത്സരം നടത്തി. സ്ത്രീകളുടെ പ്രവർത്തനങ്ങളെ ആസ്പദമാക്കി ശ്രീ. മനോജ് പവ്വത്തുപറമ്പിൽ, ശ്രീ. ജോഷി കുന്നത്ത് എന്നിവർ ക്ലാസുകൾ നൽകി.

വനിതാദിനത്തോടനുബന്ധിച്ച് ചെമ്പേരിയിൽവച്ച് വനിതാക്വിസ് മത്സരം നടത്തി. 1,2,3 സ്ഥാനങ്ങൾ ലഭിച്ചവർക്ക് യഥാക്രമം 600, 400, 200 എന്ന നിരക്കിൽ ക്യാഷ്പ്രൈസ് നൽകി.

## പഠനയാത്ര

ആറളം വന്യജീവി സംരക്ഷണ കേന്ദ്രത്തിലേക്ക് നെല്ലിക്കുറ്റി CU-വിലെ 27 അംഗങ്ങൾ പഠനയാത്ര നടത്തി.

### ആതുരസേവനം

കുടിയാന്മല MSS-ന്റെ നേതൃത്വത്തിൽ ആശാൻകവല തിരുരക്താ ശ്രമത്തിൽ ആഴ്ചയിൽ ഒരുദിവസം ഭക്ഷണം ഉണ്ടാക്കികൊടുത്ത് സഹാ യിക്കുന്നു.

ചേപ്പറമ്പ് MSS അംഗങ്ങൾ ചെമ്പേരി കരുണാലയം സന്ദർശിച്ച് 5000 രൂപയും നിത്യോപയോഗ സാധനങ്ങൾ നൽകുകയും ഒരു ദിവസത്തെ സ്നേഹശുശ്രൂഷ ചെയ്തുകൊടുക്കുകയും ചെയ്തു.

അരീക്കമല CU അംഗങ്ങൾ അഗതിമന്ദിരം സന്ദർശിക്കുന്നതിന്റെ ഭാഗ മായി വീടുകയറി വിഭവശേഖരണം നടത്തി.

ഈസ്റ്ററിനോടനുബന്ധിച്ച് 2017 ഏപ്രിൽ 11-ാം തീയതി നെല്ലിക്കാം പൊയിൽ മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലയിലെ എല്ലാ യൂണിറ്റുക ളുമായി സഹകരിച്ച് വിളമന, പുഷ്പാലയം (നെല്ലിക്കാംപൊയിൽ) എന്നീ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് അരി, തേങ്ങ, മറ്റു നിത്യോപയോഗ സാധന ങ്ങൾ ഉൾപ്പെടെ 50,000 രൂപ നൽകുകയും ഈസ്റ്റർ മംഗളങ്ങൾ നേർന്ന് ഏതാനും സമയം അവരുമായി സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു. എല്ലാ യൂണിറ്റുകളിൽനിന്നുമായി 40 പേർ പങ്കെടുത്തു.

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | | |
|---|---|---|---|
| 2017 മെയ് | 05-07 | : | തപസ്സ് ധ്യാനം (രാവിലെ 10ന് ആരംഭം) |
| ,, | 07-12 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| | | : | കന്നട ധ്യാനം |
| ,, | 10 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, | 13 | : | ഏകദിന കൺവെൻഷൻ |
| ,, | 14-19 | : | യുവജന ധ്യാനം (ആന്തരീക സൗഖ്യം) |
| ,, | 21-26 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| | | : | വ്രതവിശുദ്ധീകരണ ധ്യാനം (സിസ്റ്റേഴ്സിന്) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം-ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | | |
|---|---|---|---|
| മെയ് | 07-11 | : | ദമ്പതീ ധ്യാനം |
| ,, | 12 | : | ജാഗരണ പ്രാർത്ഥന |
| ,, | 13 | : | ക്രിസ്റ്റീൻ ധ്യാനം |
| ,, | 14-17 | : | ആന്തരിക സൗഖ്യധ്യാനം |
| മെയ് 28 | ജൂൺ 1 | : | ആന്തരിക സൗഖ്യധ്യാനം |

ചെമ്പൻതൊട്ടി CU അംഗങ്ങൾ ഈസ്റ്ററിനോടനുബന്ധിച്ച് ഗുരുകുലം സന്ദർശിച്ച് 25 കി.ഗ്രാം. അരിയും സാധനങ്ങളും വാങ്ങി നൽകി.

ബെഡൂർ CU യൂണിറ്റ് കാഞ്ഞങ്ങാട് സ്നേഹാലയം സന്ദർശിച്ച് 5000 രൂപ നൽകി.

## ഭവനനിർമ്മാണം

ചെമ്പൻതൊട്ടി CU അംഗങ്ങൾ ഇടവകയും മറ്റു സന്നദ്ധസംഘടനകളുമായി സഹകരിച്ച് പാവപ്പെട്ട ഒരു കുടുംബത്തിന് ഭവനനിർമ്മാണ സഹായമായി 5000 രൂപ നൽകി.

ചെമ്പൻതൊട്ടി MSS ഒരു വീടിന്റെ നിർമ്മാണത്തിനായി 3000 രൂപയും ചികിത്സയ്ക്കായി 2000 രൂപയും നൽകി.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

**3. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602, 9846452511**

| | | | |
|---|---|---|---|
| മെയ് | 04 | : | രോഗശാന്തി ആരാധന (ആദ്യ വ്യാഴം) |
| ,, | 08-12 | : | ആന്തരിക-ശാരീരിക സൗഖ്യധ്യാനം (500 രൂപ) |
| ,, | 15-22 | : | കുടുംബ നവീകരണ ധ്യാനം (400 രൂപ) (മാതാപിതാക്കൾ, ജോലിക്കാർ, ടീച്ചേഴ്സ്, നേഴ്സുമാർ) |
| ,, | 22-26 | : | ആന്തരിക-ശാരീരിക സൗഖ്യധ്യാനം (500 രൂപ) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | | |
|---|---|---|---|
| മെയ് | 02-04 | : | MGC |
| ,, | 08-12 | : | സിസ്റ്റേഴ്സിനുള്ള ധ്യാനം (തിങ്കൾ വൈകു. 4 മണി മുതൽ വെള്ളി രാവിലെ 9 വരെ) |
| ,, | 13 | : | ഏകദിന ധ്യാനം (രാവിലെ 9.30 മുതൽ 4 വരെ) |
| ,, | 14-16 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (ഞായർ വൈകു. 4 മണി മുതൽ ചൊവ്വ രാത്രി 9 വരെ) |
| ,, | 23-25 | : | MGC |
| ,, | 26-28 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | | |
|---|---|---|---|
| മെയ് | 06 | : | ഏകദിന കൺവെൻഷൻ |
| ,, | 12 | : | ജാഗരണ പ്രാർത്ഥന |
| ,, | 13 | : | ക്രിസ്റ്റീൻ വിങ്സ് |
| ,, | 14-17 | : | കുടുംബ നവീകരണ ധ്യാനം |
| ,, | 20 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, | 27 | : | അഖണ്ഡ ജപമാല |

**6. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

| | | | |
|---|---|---|---|
| ഏപ്രിൽ 30 | മെയ് 5 | : | ആന്തരിക സൗഖ്യധ്യാനം |
| മെയ് | 14-19 | : | ധ്യാനം (സിസ്റ്റേഴ്സ്) |
| ,, | 21-26 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 2, 9, 16, 23, 30 | : | ഏകദിന കൺവെൻഷൻ |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
# മാർ ജോർജ് ഞറളക്കാട്ട്

## 2017 മാർച്ച്

21 തലശ്ശേരി അതിരൂപതയിലെ വൈദികവിദ്യാർത്ഥികൾക്ക് കാറോയ, സബ് ഡീക്കൻ, മ്ശംശാന പട്ടങ്ങൾ കത്തീഡ്രൽ പള്ളിയിൽവച്ച് നൽകി.

22 അതിരൂപതയുടെ വിവിധഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

23 അരക്കുഴയിൽ നിര്യാതയായ ഞറളക്കാട്ട് ഏലിയാമ്മയുടെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വൈകുന്നേരം കോതമംഗലം ബിഷപ്സ് ഹൗസിൽ എത്തി പിതാക്കന്മാരെ സന്ദർശിച്ചു.

25 മൈനർ സെമിനാരിയിൽവച്ച് അവസാനവർഷ മൈനർ സെമിനാരിക്കാരെ വ്യക്തിപരമായി കണ്ട് സംസാരിച്ചു. വൈകുന്നേരം ചീക്കാട് ഇടവകയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

26 ചീക്കാട് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

27 രാവിലെ 9 മണി മുതൽ മൈനർ സെമിനാരിയിൽ റീജൻസിക്കാരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു. വൈകുന്നേരം 6 മണിക്ക് കണ്ണൂർ ശ്രീപുരം ബിഷപ്സ് ഹൗസിലെത്തി മലബാർ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

28 ഉച്ചവരെ കണ്ണൂർ ബിഷപ്സ് ഹൗസിൽവച്ച് നടന്ന മലബാർ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് നിർമ്മലഗിരി കോളേജിൽ സന്ദർശനം നടത്തി.

30 നിർമ്മലഗിരി കോളേജിൽ NAC വിസിറ്റിന് വന്നവരെ സ്വീകരിച്ചു.

## 2017 ഏപ്രിൽ

01 താമരശ്ശേരിയിൽ 'സ്റ്റാർട്ടി'ന്റെ ബിരുദദാനചടങ്ങിൽ പങ്കെടുത്തു.

02 രാവിലെ 10 മണിക്ക് കൊളക്കാട് ഇടവകയിലെത്തി ദിവ്യബലി അർപ്പിക്കുകയും അതിരൂപതാ വിശ്വാസോത്സവം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് 2.30 പേരാവൂരിൽ കെസിവൈഎം സിൽവർ ജൂബിലി സമാപനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. അതിനുശേഷം ബഹു. മാർട്ടിൻ വരിക്കാനിക്കൽ അച്ചന്റെ ഭവനത്തിലെത്തി സുഖമില്ലാതിരിക്കുന്ന അമ്മയെ സന്ദർശിച്ചു.

03 എറണാകുളം മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച് ബിഷപ്പിനോടൊത്തുള്ള അഭിവന്ദ്യപിതാക്കന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

04 രാവിലെ 6.30ന് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 11-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം 6 മണിക്ക് അതിരൂപതാ ഭവനത്തിൽവച്ച് നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

05 അതിരൂപതാ കേന്ദ്രത്തിൽവച്ച് അതിരൂപതയുടെ വിവിധഭാഗങ്ങളിൽ നിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

06 അതിരൂപതാകേന്ദ്രത്തിൽവച്ച് വിവിധസ്ഥലങ്ങളിൽനിന്ന് വന്ന ബഹു. വൈദികരെയും സമർപ്പിതരെയും സ്വീകരിച്ചു.

08 എറണാകുളം പി.ഒ.സിയിൽ ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

09 രാവിലെ 7.30ന് കത്തീഡ്രൽ ദൈവാലയത്തിൽ ഓശാന തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. 11 മണിക്ക് കണ്ണൂർ സെൻട്രൽ ജയിലിലെത്തി ഓശാന തിരുക്കർമ്മങ്ങൾ നടത്തി.

10 രാവിലെ 10 മണിക്ക് തളിപ്പറമ്പിൽവച്ച് നടന്ന ബഹു. വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുക്കുകയും തൈലംവെഞ്ചരിപ്പ് കർമ്മം നടത്തുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് തളിപ്പറമ്പിൽവച്ച് നടന്ന അതിരൂപതാ ആലോചനാസമിതി യോഗത്തിൽ പങ്കെടുത്തു.

13 രാവിലെ 7.30ന് കത്തീഡ്രൽ ദൈവാലയത്തിൽ പെസഹായുടെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി

വൈകുന്നേരം അതിരൂപതാഭവനത്തിലും സന്യാസഭവനങ്ങളിലും നടന്ന അപ്പംമുറിക്കൽ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

14 രാവിലെ 7.30ന് കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖവെള്ളിയോടനുബന്ധിച്ച് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. പിന്നീട് 9.30 ന് കണ്ണൂർ എത്തി ശ്രീപുരത്തേക്ക് നടന്ന സംയുക്ത കുരിശിന്റെ വഴിയിൽ പങ്കെടുത്തു. വൈകുന്നേരം കത്തീഡ്രൽ അങ്കണത്തിലേക്ക് നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

16 രാവിലെ 2.45ന് കത്തീഡ്രൽ ദൈവാലയത്തിൽ ഈസ്റ്റർ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. എല്ലാവർക്കും ഈസ്റ്റർ ആശംസകൾ നേർന്നു.

17 രാവിലെ 9.30ന് മുളപ്രയിൽ നവീകരിച്ച ദൈവാലയ മോണ്ടളം വെഞ്ചരിക്കുകയും പ്രഥമ ദിവ്യകാരുണ്യസ്വീകരണകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

വൈകുന്നേരം 3 മണിക്ക് കുന്നുംകൈ ഇടവകയിൽ പുതുതായി നിർമ്മിച്ച കപ്പേള കൂദാശ ചെയ്തു.

18 രാവിലെ പേരാവൂരിൽ ബഹു. കരിന്തോളിൽ ജോബി അച്ചന്റെ സഹോദരിയുടെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് സ്വഭവനത്തിൽ നേതൃത്വം നൽകി. 9.30ന് ഇരിട്ടി ദൈവാലയത്തിൽ നസ്രത്ത് സന്യാസിനി സമൂഹത്തിന്റെ പ്രഥമവ്രതവാഗ്ദാനത്തിനും നിത്യവ്രതവാഗ്ദാനകർമ്മത്തിനും നേതൃത്വം നൽകി.

ഉച്ചകഴിഞ്ഞ് മണ്ടളം ഇടവകയിൽ ബഹു. തോമസ് തെരുവംകുന്നേൽ അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

19 കൂരാച്ചുണ്ടിൽ ജാസ്മിൻ കണ്ടശാംകുന്നേലിന്റെ മനസമ്മതകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 6-30ന് തലശ്ശേരി എം.എസ്.എം.ഐ. ഭവനത്തിൽവച്ച് നടന്ന നാമഹേതുക തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

20 രാവിലെ മംഗലശ്ശേരി ഇടവകാ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് ദിവ്യബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് പുതുതായി നിർമ്മിച്ച കാലാങ്കി ദൈവാലയം കൂദാശ ചെയ്തു.

## Programme of the Archbishop
## Mar George Njaralakatt

### May - 2017

| | | | |
|---|---|---|---|
| 01 | 09.30 am | - | Kodoth : Presbytery Blessing |
| | 11.30 am | - | Kallar : Presbytery Blessing |
| | 02.30 pm | - | Badiyaduka : Church Blessing |
| 2-3 | | - | Bangalore : CBCI - Standing Committee Meeting |
| 4-8 | | - | Out of Station |
| 9-10 | | - | Ernakulam : Mount St. Thomas - Vocation Promoters Meeting |
| 11 | 09.30 am | - | Peravoor : SH Provincial House - Vestition |
| | 02.30 pm | - | Madapurachal : Church Blessing |
| 12 | 05.00 pm | - | Thaliparamba : Blessing of Houses for poor |
| 13-14 | | - | Arakuzha |
| 15 | | - | Thalassery : Deacons' Parents Meeting |
| 16 | 09.00am | - | Paisakari : Ordination - Dn. Jacob Kudakachira |
| | 02.30pm | - | Kozhichal : Ordination - Dn. Tomy Mathew Muthuplackal HGN |
| 17 | | - | Visitors' Day (Till noon) |
| | Afternoon | - | Badravathy |
| 18-19 | | - | Badravathy : Blessing of pastoral Center |
| 20 | | - | Chemperi : Co-operative Education Agency Jubilee conclusion |
| | 03.00pm | - | Vembuva : Theresa Bhavan |
| 21 | | - | Pastoral Visit |
| 22 | 10.30am | - | Karuvanchal : Golden Jubilee of Fr. Zacharias Kattackal |
| | 03.00pm | - | Kariapally : Convent Blessing |

| | | | |
|---|---|---|---|
| 23 | | - | Pala |
| 24 | | - | Padannakad : Visitors' Day (Till noon) |
| | afternoon | - | Birikulam : Church Blessing |
| 25 | | - | Priests' and Sisters' Day |
| 27 | 09.00 am | - | Thermala : Ordination Dn. Mathew Mylamoottil |
| | 03.00 pm | - | Kannivayal : Presbytery Blessing |
| 28 | | - | Thonichal |
| 29 | 10.00 am | - | Thaliparamba : CRI Meeting |
| | 5.00 pm | - | Karikottakari : Platinum Jubilee Celebration |
| 31 | | - | Visitors' Day |

## June - 2017

| | | | |
|---|---|---|---|
| 01 | | - | Priests' and Sisters' Day |
| 03 | 10.00 am | - | Thaliparmba : CML Inaguration |
| | 03.00pm | - | Iritty : Charismatic Movment |
| 04 | | - | Pastoral Visit |
| 06-09 | | - | KCBC Meeting |
| 10 | | - | Sandesa Bhavan : Sunday School H.M. Conference |
| 11 | | - | Pastoral Visit |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

**2017 ഏപ്രിൽ**

01 ഉച്ചകഴിഞ്ഞ് 2 മണിക്ക് പേരാവൂരിൽവച്ചു നടന്ന കെസിവൈഎം രജതജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് ആശംസയർപ്പിച്ചു.

09 കാപ്പിമല ദൈവാലയത്തിൽ രാവിലെ 7.30ന് ഓശാന തിരുനാൾ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2 മണിക്ക് തലശ്ശേരി സന്ദേശഭവനിൽവച്ചു നടന്ന ജീവോത്സവം ഉദ്ഘാടനം ചെയ്തു.

13 ലിസിഗിരി ദൈവാലയത്തിൽ രാവിലെ 7.30ന് പെസഹാ വ്യാഴാഴ്ച്ചയുടെ കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 4.30ന് കോടഞ്ചേരിയിൽ നിര്യാതനായ കൊച്ചേട്ടൻ കുന്നത്തിന്റെ മൃതസംസ്കാര കർമ്മങ്ങളിൽ പങ്കെടുത്തു.

14 ജോസ് മൗണ്ട് ദൈവാലയത്തിൽ രാവിലെ 8 മണിക്ക് ദുഃഖവെള്ളിയുടെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് ചെമ്പേരിയിൽവച്ചു നടന്ന കുരിശിന്റെവഴി പ്രാർത്ഥനകളിൽ പങ്കാളിയായി.

16 പുഞ്ച ദൈവാലയത്തിൽ രാവിലെ 3 മണിക്ക് ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

17 വൈകുന്നേരം 4 മണിക്ക് കണ്ണൂർ ദൈവാലയത്തിൽ ജെസ്റ്റിൻ ചെന്നക്കാട്ടുകുന്നേലിന്റെയും ആരതി കൊച്ചുമുറിയിലിന്റെയും വിവാഹനിശ്ചയ കർമ്മങ്ങളിൽ പങ്കെടുത്തു.

18 വൈകുന്നേരം 6 മണിക്ക് തിരുവമ്പാടിയിൽ ബഹു. ആന്റണി പുരയിടത്തിലച്ചന്റെ പൗരോഹിത്യ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി.

20 രാവിലെ 10.30ന് പുൽപ്പള്ളി ദൈവാലയത്തിൽവച്ച് പേഴുംകാട്ടിൽ ജിതിന്റെയും വലിയമറ്റം ട്രീസാ മരിയായുടെയും വിവാഹം ആശീർവദിച്ചു.

21 രാവിലെ 11 മണിക്ക് നിര്യാതയായ അന്നമ്മ പാലാക്കുടിയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് റയറോം ദൈവാലയത്തിൽ നേതൃത്വം നൽകി. വൈകിട്ട് 4 മണിക്ക് ഒറ്റതൈ ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും ഇടവകയിലെ വയോധികരെ ആദരിക്കുകയും ചെയ്തു.

22 രാവിലെ 9 മണിക്ക് വിളക്കന്നൂർ ദൈവാലയത്തിൽ ഡീക്കൻ തോമസ്

ചെങ്കല്ലേൽ HGN-ന് തിരുപ്പട്ടം നൽകി. വൈകുന്നേരം 5 മണിക്ക് കാലാങ്കി ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 ഉച്ചകഴിഞ്ഞ് 2.30ന് ചങ്ങനാശ്ശേരി കത്തീഡ്രലിൽ അഭിവന്ദ്യ ടോമി തറയിൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു.

24 രാവിലെ 10.30ന് തളിപ്പറമ്പ് ദൈവാലയത്തിൽവച്ച് ആരതി കൊച്ചുമുറിയുടെയും ജെസ്റ്റിൻ ചെന്നകാട്ടുകുന്നേലിന്റെയും വിവാഹം ആശീർവദിച്ചു. വൈകുന്നേരം 7 മണിക്ക് അരമനയിൽവച്ചു നടന്ന നാമഹേതുക തിരുനാൾ ആഘോഷങ്ങളിൽ പങ്കാളിയായി.

25 രാവിലെ 11 മണിക്ക് വടക്കാഞ്ചേരി, രാജഗിരി പള്ളിയിൽവച്ച് സഹോദരിയുടെ മകളുടെ മകനായ ജോർജിന്റെ മാമ്മോദീസ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു.

26 കണിച്ചാർ ദൈവാലയത്തിൽ രാവിലെ 8 മണിക്ക് വി. കുർബാനയർപ്പിച്ച് കുട്ടികൾക്ക് ആദ്യകുർബാന നൽകി.

# Programme of the Archbishop Emeritus
# Mar George Valiamatttam

## May - 2017

| | | | |
|---|---|---|---|
| 1 | 9.00 am | - | Ordination : Paisakari |
| | 4.00 pm | - | Peravoor |
| 2 | 9.00 am | - | Ordination : Kanjiradukam |
| 3 | 9.00 am | - | Ordination : Vaniyappara |
| 6 | | - | Engaged |
| 8 | | - | Kunnoth |
| 9 | | - | Vembua |
| 10 | 9.00 am | - | Ordination : Kozhichal |
| | 2.00 pm | - | Attakandam |
| 11 | | - | Palavayal |
| 12 | | - | Engaged |
| 13 | | - | Pasukadav |
| 14 | | - | Paroppady |
| 17 | | - | Engaged |
| 18 | | - | Mangode |
| 20 | | - | Ambalavayal |
| 21 | | - | Kodencherry |
| 22 | | - | Karuvanchal |
| 23 | | - | Karikottakari |
| 29 | | - | Peratta |

**Secretary to the Archbishop Emeritus**

❖❖❖